39. ശ്രീ ശിവശങ്കറിന്റെ അഭിപ്രായത്തിൽ, അപ്പീൽവാദി ബാങ്ക് ഐബിസി വകുപ്പ് 7 പ്രകാരം ഫയൽ ചെയ്ത ഹർജി കാലഹരണപ്പെട്ടുവെന്നി കണ്ടെത്തിയതിൽ എൻസിഎൽഎടി പൂർണ്ണമായും ശരിയാണ്. എൻസിഎൽഎടി നിഗമനത്തിലെത്തിയത് രേഖകളിലുള്ള വസ്തുതകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണെന്നും, ഈ നിഗമനം വികലമാണെന്നോ ഒരു രണ്ടാം അപ്പീലിൽ ഐബിസിയിലെ വകുപ്പ് 62 പ്രകാരമുള്ള നിയമപരമായ ചോദ്യങ്ങളിൽ മാത്രം പരിമിതപ്പെടുത്തിക്കൊണ്ട് ഈ കോടതിയുടെ ഇടപെടൽ ആവശ്യമുള്ള തരത്തിൽ പിഴവുള്ളതാണെന്നോ കഴിയില്ലെന്നും ശ്രീ ശിവശങ്കർ വാദിച്ചു.

40. ഐബിസിയിലെ വ്യവസ്ഥകൾക്കും ഈ കോടതി നിർമ്മിച്ച നിയമത്തിനും വിരുദ്ധമായി, വൈകിയ ഘട്ടത്തിൽ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് (എൻസിഎൽടി) മുന്നിൽ ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിലാണ് അപ്പീൽവാദി ബാങ്ക് ഈ അപ്പീൽ ഫയൽ ചെയ്തതെന്ന് ശ്രീ ശിവശങ്കർ വാദിച്ചു.

41. 2018 ഒക്ടോബർ 12-നാണ് അപ്പീൽവാദി ബാങ്ക് ഐബിസിയിലെ വകുപ്പ് 7 പ്രകാരമുള്ള ഹർജി ഫയൽ ചെയ്തതെന്നും, അപ്പോഴേക്കും തിരിച്ചടവിൽ വീഴ്ച വരുത്തിയ തീയതിക്ക് ശേഷം ഏകദേശം അഞ്ച് വർഷം കഴിഞ്ഞിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അതിനാൽ, കാലപരിധി നിയമത്തിലെ ഷെഡ്യൂളിലെ അനുച്ഛേദം 137 പ്രകാരം മൂന്ന് വർഷത്തെ കാലപരിധി പിന്നിട്ടിരുന്നുവെന്നും ശ്രീ ശിവശങ്കർ ഊന്നിപ്പറഞ്ഞു.

42. ഐബിസി വകുപ്പ് 7 പ്രകാരമുള്ള ഹർജിയിൽ, വീഴ്ച വരുത്തിയ തീയതി 2013 സെപ്റ്റംബർ 30 ആണെന്നും കോർപ്പറേറ്റ് കടക്കാരന്റെ അക്കൗണ്ട് എൻപിഎ ആയി പ്രഖ്യാപിച്ച തീയതി 2013 ഡിസംബർ 31 ആണെന്നും പറയുന്നുണ്ടെന്ന് ശ്രീ ശിവശങ്കർ ചൂണ്ടിക്കാട്ടി. കാലപരിധി നീട്ടുന്നതിന് സാഹചര്യമൊരുക്കുന്ന തരത്തിൽ വായ്പാ ബാധ്യത അംഗീകരിച്ചതിനെക്കുറിച്ച് ഹർജിയിൽ ഒരു വാദവും ഉണ്ടായിരുന്നില്ലെന്നും അദ്ദേഹം പറയുന്നു.

43. "ഇൻഫർമേഷൻ യൂട്ടിലിറ്റിയിൽ രേഖപ്പെടുത്തിയ വീഴ്ചയുടെ രേഖയോ അല്ലെങ്കിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റ് തെളിവുകളോ", കൂടാതെ "ബോർഡ് നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും

വിവരങ്ങളോ" ഐബിസിയിലെ വകുപ്പ് 7(3) പ്രകാരം, ഒരു സാമ്പത്തിക കടക്കാരൻ ഹാജരാക്കേണ്ടതുണ്ടെന്ന് ശ്രീ ശിവശങ്കർ വാദിക്കുന്നു.

44."ഇൻഫർമേഷൻ യൂട്ടിലിറ്റിയുടെ രേഖകളിൽ നിന്നോ ഉപ-വകുപ്പ് (3) പ്രകാരം സാമ്പത്തിക വായ്പാദാതാവ് ഹാജരാക്കിയ മറ്റ് തെളിവുകളുടെ അടിസ്ഥാനത്തിലോ" "അപേക്ഷ ലഭിച്ച് പതിനാല് ദിവസത്തിനുള്ളിൽ" വീഴ്ചയുണ്ടോ എന്നത് എൻസിഎൽടി കണ്ടെത്തണമെന്ന് വകുപ്പ് 7 (4) നിഷ്കർഷിക്കുന്നതിയാ ശ്രീ ശിവശങ്കർ തുടർന്ന് വാദിച്ചു. ഐബിസിയിലെ വകുപ്പ് 7(5) പ്രകാരം, സാമ്പത്തിക കടക്കാരന് തന്റെ അപേക്ഷയിലെ എന്തെങ്കിലും പിഴവ് തിരുത്താൻ ഏഴ് ദിവസത്തെ സമയം നൽകാൻ എൻസിഎൽടിക്ക് അനുമതിയുണ്ടെന്നും ശ്രീ ശിവശങ്കർ കൂട്ടിച്ചേർത്തു.

45. ഐബിസിയിൽ വ്യക്തമായി പറഞ്ഞിട്ടുള്ള രീതിയിൽ മുന്നോട്ട് പോകുന്നതിന് പകരം, അതിൽ നിശ്ചയിച്ചിട്ടുള്ള സമയപരിധികൾ പാലിക്കാതെയാണ് അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി (എൻസിഎൽടി) ഐബിസിയിലെ വകുപ്പ് 7 പ്രകാരമുള്ള ഹർജി അനുവദിക്കുന്നതിനെക്കുറിച്ചുള്ള തീരുമാനം നാല് മാസത്തേക്ക് വൈകിച്ചെതെന്നും അപ്പീൽവാദി ബാങ്കിന് വൈകിയ ഘട്ടത്തിൽ രേഖകൾ സമർപ്പിക്കാൻ അനുമതി നൽകിയെന്നും, എതിർകക്ഷികളുടെ ശക്തമായ എതിർപ്പുകൾ ഉണ്ടായിരുന്നിട്ടും ഈ രേഖകൾ എൻസിഎൽടി പരിഗണിച്ചുവെന്നും ശ്രീ ശിവശങ്കർ വാദിച്ചു.

46. വീഴ്ച വരുത്തിയ തീയതി 2013 സെപ്റ്റംബർ 30 ആണെന്ന് അംഗീകരിച്ചിട്ടുള്ളതിനാൽ, ഐബിസി വകുപ്പ് 7 പ്രകാരമുള്ള ഹർജി കാലഹരണപ്പെട്ടതാണെന്ന് ചൂണ്ടിക്കാട്ടി കോർപ്പറേറ്റ് കടക്കാരൻ 2019 ഫെബ്രുവരി 2-ന് തങ്ങളുടെ പ്രാഥമിക എതിർപ്പ് ഫയൽ ചെയ്തുവെന്നും ശ്രീ ശിവശങ്കർ തുടർന്ന് പറഞ്ഞു. എന്നിരുന്നാലും വാദങ്ങൾ കേട്ട ശേഷം, 2015-ലെ ഒഎ നമ്പർ 16 ൽ ഡിആർടി നൽകിയ വിധിന്യായത്തിന്റെയും കൂടാതെ/അല്ലെങ്കിൽ ഉത്തരവിന്റെയും/ഡിക്രിയുടെയും നടപ്പാക്കൽ, കർണാടക ഹൈക്കോടതിയിൽ കോർപ്പറേറ്റ് കടക്കാരൻ ഫയൽ ചെയ്ത ഒരു റിട്ട് ഹർജിയിൽ സ്റ്റേ ചെയ്തതിന്റെ പകർപ്പും കേസിന്റെ സംഗ്രഹവും ഫയൽ ചെയ്യാൻ അപ്പീൽവാദി ബാങ്കിന്റെ കൗൺസിലിന് നിർദ്ദേശം നൽകിക്കൊണ്ട് 2019 ഫെബ്രുവരി 8-ന് ഐസിഎൽടി ഈ വിഷയം മാറ്റിവെച്ചു.

47. കേസിന്റെ സംഗ്രഹവും ചില ഉത്തരവുകളും/വിധിന്യായങ്ങളും ഫയൽ ചെയ്യാൻ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി അപ്പീൽവാദി ബാങ്കിന് നൽകിയ പരിമിതമായ സ്വാതന്ത്ര്യം മുതലെടുക്കുകയും, ട്രൈബ്യൂണലിന്റെ നടപടിക്രമങ്ങളെ ദുരുപയോഗം ചെയ്യുകയും ചെയ്തുകൊണ്ട് അപ്പീൽവാദി ബാങ്ക് 2019 ലെ ഐഎ നമ്പർ 131 ഫയൽ ചെയ്തുവെന്നും, അതിൽ ഒരു പുതിയ കൂട്ടം രേഖകൾ ഉൾപ്പെടുത്തിക്കൊണ്ട് വായ്പ ബാധ്യത അംഗീകരിച്ചുവെന്ന് ആരോപിക്കുകയും

കാലപരിധി നീട്ടുന്നതിനായി പൂർണ്ണമായും പുതിയ ഒരു കേസ് ഉണ്ടാക്കുകയും ചെയ്തുവെന്ന് ശ്രീ ശിവശങ്കർ വാദിച്ചു.

48. 2019 ലെ ഐഎ നമ്പർ 131 നെ പിന്തുണച്ച് ഒരു സത്യവാങ്മൂലവും സമർപ്പിക്കപ്പെട്ടുവെന്ന് ശ്രീ ശിവശങ്കർ ചൂണ്ടിക്കാട്ടി. മുകളിൽ പറഞ്ഞ രേഖകൾ ആദ്യമായാണ് കൊണ്ടുവന്നത്. ഈ ഘട്ടത്തിൽ പോലും എല്ലാ രേഖകളും ഫയൽ ചെയ്തിരുന്നില്ല. ചില രേഖകൾ എൻസിഎൽടിയിൽ ഒരിക്കലും ഫയൽ ചെയ്തിട്ടില്ലായിരുന്നു, എൻസിഎൽഎടിക്ക് മുന്നിൽ ഫയൽ ചെയ്ത മറുപടിയിലാണ് ആദ്യമായി അവ രേഖയിൽ കൊണ്ടുവന്നതെന്ന് അദ്ദേഹം വാദിക്കുന്നു.

49. 2019 മാർച്ച് 6-ന് എൻസിഎൽടി ഒരു ഉത്തരവ് പാസാക്കിയെന്നും, അതനുസരിച്ച് രേഖകളുടെ പകർപ്പുകൾ എതിർകക്ഷികൾക്ക് നൽകിയ ശേഷം ആ രേഖകൾ രജിസ്ട്രിയിൽ ഫയൽ ചെയ്യാൻ അപ്പീൽവാദി ബാങ്കിന്റെ അഭിഭാഷകന് അനുമതി ലഭിച്ചുവെന്നും, കൂടാതെ കേസ് 2019 മാർച്ച് 18-ലേക്ക് മാറ്റിവെച്ചുവെന്നുമുള്ള വിവരം ശ്രീ ശിവശങ്കർ സമർപ്പിച്ചു. അധിക രേഖകൾ വൈകിയ സമയത്ത് ഫയൽ ചെയ്യുന്നതിനെ എതിർകക്ഷികൾ പ്രത്യേകമായി എതിർത്തിരുന്നു. എന്നിരുന്നാലും, എൻസിഎൽടി എതിർകക്ഷികൾ ഉന്നയിച്ച എതിർപ്പുകൾ പൂർണ്ണമായും അവഗണിക്കുകയും, ഐബിസി വകുപ്പ് 7 പ്രകാരമുള്ള ഹർജി അനുവദിച്ചുകൊണ്ട് 2019 മാർച്ച് 21-ന് ഉത്തരവ് പാസാക്കുകയും ചെയ്തുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

50. തെറ്റുകൾ തിരുത്തുന്നതിന് ഐബിസി വകുപ്പ് 7-ൽ നിഷ്കർഷിച്ചിട്ടുള്ള പതിനാല് ദിവസത്തിന് ശേഷം അധിക രേഖകൾ ഫയൽ ചെയ്തുകൊണ്ട്, വകുപ്പ് 7 പ്രകാരമുള്ള യഥാർത്ഥ ഹർജിയെ ഗണ്യമായി മെച്ചപ്പെടുത്താനും അങ്ങിനെ പൂർണ്ണമായും പുതിയ ഒരു കേസ് ഉണ്ടാക്കാനും അപ്പീൽവാദി ബാങ്കിനെ അനുവദിച്ചതിലൂടെ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി തെറ്റ് ചെയ്തുവെന്ന് വാദിച്ചുകൊണ്ട്, എതിർകക്ഷികൾ ഉടൻ തന്നെ എൻസിഎൽഎടിക്ക് അപ്പീൽ നൽകിയെന്ന് ശ്രീ ശിവശങ്കർ പറയുന്നു. ഈ സാഹചര്യത്തിലാണ്, വായ്പാബാധ്യത അംഗീകരിച്ചതായോ, കാലപരിധി പുതുക്കിയതായോ അല്ലെങ്കിൽ നീട്ടിയതായോ സൂചിപ്പിക്കുന്ന രേഖകളിൽ ഒന്നും ഇല്ലെന്ന് എൻസിഎൽഎടി അപവാദിത ഉത്തരവിലെ ഖണ്ഡിക 4-ൽ വസ്തുതാപരമായ കണ്ടെത്തൽ നടത്തിയതെന്ന് ശ്രീ ശിവശങ്കർ ചൂണ്ടിക്കാണിക്കുന്നു.

51. കാലപരിധി നിയമം ഐബിസിക്ക് കീഴിലുള്ള നടപടികൾക്ക് ബാധകമാണെന്ന് ഇപ്പോൾ നന്നായി സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്ന് ശ്രീ ശിവശങ്കർ വാദിച്ചു. ഐബിസിയിലെ വകുപ്പ് 7 പ്രകാരമുള്ള എൻസിഎൽടിയിലെ നടപടികൾക്കും കാലപരിധി നിയമത്തിലെ വകുപ്പ് 18 ബാധകമാകുമെന്ന് അദ്ദേഹം സമ്മതിച്ചു. എന്നിരുന്നാലും, കാലപരിധി നിയമത്തിലെ വകുപ്പ് 18-നെ ആകർഷിക്കാൻ ആവശ്യമായ മതിയായ രേഖകൾ അപ്പീൽവാദി ബാങ്ക് ഐബിസിയിലെ വകുപ്പ് 7 പ്രകാരമുള്ള

ഹർജിയോടൊപ്പം രേഖകളിൽ വെച്ചിട്ടുണ്ടോ എന്നതാണ് ഈ അപ്പീലിൽ പരിഗണിക്കേണ്ടത് എന്ന് അദ്ദേഹം വാദിച്ചു.

52. ഐബിസിയിലെ വകുപ്പ് 62 പ്രകാരം ഫയൽ ചെയ്ത ഈ അപ്പീൽ നിയമപരമായ ചോദ്യങ്ങളിൽ മാത്രം പരിമിതപ്പെടുത്തിയിട്ടുള്ളതാകണമെന്ന് ശ്രീ ശിവശങ്കർ അവസാനമായി വാദിച്ചു, അതേസമയം അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിയുടെ (എൻസിഎൽടി) ഒരു ഉത്തരവിനെതിരെ എൻസിഎൽഎടി-ക്ക് നൽകപ്പെടുന്ന അപ്പീൽ വസ്തുതകളെയും നിയമത്തെയും അടിസ്ഥാനമാക്കിയുള്ളതാണ്.

53. *നാസിർ മുഹമ്മദ് v. ജെ. കമലാ & അദേർസ്* [6] കേസിലെ ഈ കോടതിയുടെ വിധിന്യായം ശ്രീ ശിവശങ്കർ ഉദ്ധരിച്ചു, അതിൽ ഈ കോടതി വിധിച്ചത് ഇപ്രകാരമാണ്:

> *" ഒരു ചോദ്യം 'കേസിൽ ഉൾപ്പെട്ടിരിക്കുന്ന' നിയമപരമായ ചോദ്യം ആകണമെങ്കിൽ, ആദ്യമത് **ഉന്നയിക്കപ്പെട്ടിട്ടുള്ള വാദമുഖങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ളതും വസ്തുതാ കോടതികൾ എത്തി നിൽക്കുന്ന വസ്തുതാപരമായ കണ്ടെത്തലുകളിൽ നിന്ന ഉയർന്നുവരുന്നതുമാകണം**. കൂടാതെ, കേസിന്റെ ശരിയായതും നീതിയുക്തവുമായ തീരുമാനത്തിന് ആ നിയമപരമായ ചോദ്യം തീരുമാനിക്കേണ്ടത് ആവശ്യമായിരിക്കണം." (ഊന്നൽ നൽകിയിരിക്കുന്നു).*

54. സിവിൽ നടപടി നിയമത്തിലെ വകുപ്പ് 100 പ്രകാരമുള്ള രണ്ടാം അപ്പീലിന്റെ പശ്ചാത്തലത്തിൽ, *നാസിർ മുഹമ്മദ് v. ജെ. കമലാ* (മേൽ പരാമർശം) കേസിൽ ഈ കോടതി ആവർത്തിച്ചു പറഞ്ഞതുപോലെ, ഒരു കേസിൽ ഒരു നിയമപരമായ ചോദ്യം ഉൾപ്പെട്ടിരിക്കണമെങ്കിൽ, ആദ്യമത് ഉന്നയിക്കപ്പെട്ടിട്ടുള്ള വാദമുഖങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ളതും വസ്തുതാ കോടതികൾ എത്തി നിൽക്കുന്ന വസ്തുതാപരമായ കണ്ടെത്തലുകളിൽ നിന്ന ഉയർന്നുവരുന്നതുമാകണം എന്ന സമീപനത്തെ സംബന്ധിച്ച് ഒരു തർക്കവുമില്ല.

55. *ബാബുലാൽ വർധർജി ഗുർജാർ v. വീർ ഗുർജാർ അലുമിനിയം ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്* [7] കേസിലെ ഈ കോടതിയുടെ വിധിന്യായത്തെയും അടുത്തതായി ശ്രീ ശിവശങ്കർ ഉദ്ധരിച്ചു, അതിൽ ഈ കോടതിക്കായി ജസ്റ്റിസ് മഹേശ്വരി പ്രഖ്യാപിച്ച വിധിയിൽ പറഞ്ഞത് ഇപ്രകാരമാണ്:

---

[6] 2020 SCC OnLine SC 676

[7] (2020) 15 SCC 1 : 2020 SCC Online SC 647

"35. മേൽപ്പറഞ്ഞവ മാറ്റിനിർത്തിയാൽ പോലും, കാലപരിധി നിയമത്തിലെ വകുപ്പ് 18 പ്രകാരമുള്ള അക്നോളഡ്ജ്മെന്റുമായി (അംഗീകരിക്കലുമായി) ബന്ധപ്പെട്ട തത്വങ്ങൾ കോഡിലെ വകുപ്പ് 7 പ്രകാരമുള്ള അപേക്ഷയുടെ സമയപരിധി നീട്ടുന്നതിന് ബാധകമാണെന്ന് അനുമാനിച്ചാലും, ആ വ്യവസ്ഥകളും തത്വങ്ങളും ഈ കേസിൽ പ്രാവർത്തികമാകില്ലായെന്നാണ് ഈ കോടതിയുടെ കാഴ്ചപ്പാട്. കാരണം എൻസിഎൽടിയിൽ സമർപ്പിച്ച അപേക്ഷയിൽ, ' എൻപിഎ ആയ തീയതി 8–7–2011' എന്ന് രേഖപ്പെടുത്തിക്കൊണ്ട് വീഴ്ച വരുത്തിയ തീയതി രണ്ടാം എതിർകക്ഷി കൃത്യമായി വ്യക്തമാക്കിയിട്ടുണ്ട്. മറ്റൊരു വീഴ്ചയുടെ തീയതിയും അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ലാ എന്നതും ബാധ്യതയുടെ അംഗീകരിക്കൽ സംബന്ധിച്ച് ഒരു പരാമർശവും ഉണ്ടായില്ലാ എന്നതും തർക്കരഹിതമായി നിലനിൽക്കുന്നു. അപേക്ഷയുടെ ഭാഗം V–ൽ പോലും, രേഖകളും തെളിവുകളും സഹിതം സാമ്പത്തിക കടത്തിന്റെ വിശദാംശങ്ങൾ രണ്ടാം എതിർകക്ഷി രേഖപ്പെടുത്തേണ്ടതാണ് എന്നതും ശ്രദ്ധിക്കണം. ***അപേക്ഷയുടെ ഭാഗം V–ൽ അപേക്ഷകന് നൽകാൻ കഴിയുമായിരുന്ന വിവിധ വിവരണങ്ങളിലോ ശേഷിക്കുന്ന വിവരണങ്ങൾ നൽകാനാകുന്ന പോയിന്റ് 8–ൽ പോലുമോ, അത്തരം അംഗീകാരത്തെക്കുറിച്ചോ വീഴ്ച വരുത്തിയ മറ്റൊരു തീയതിയെ കുറിച്ചോ ഒന്നും പറഞ്ഞിട്ടില്ല.***

35.1. അതിനാൽ, ഈ കേസിലെ അംഗീകൃത വസ്തുതകൾ കണക്കിലെടുക്കുമ്പോൾ, കോഡിന്റെ വകുപ്പ് 7 പ്രകാരമുള്ള അപേക്ഷ നിലനിർത്തുന്നതിനായി വീഴ്ച വരുത്തിയ തീയതിയായി '8–7–2011' മാത്രമാണ് പറഞ്ഞിട്ടുള്ളത്. കൂടാതെ ഏതെങ്കിലും തരത്തിൽ ബാധ്യത അംഗീകരിച്ചിട്ടുള്ളതിനെ കുറിച്ചോ മറ്റൊരു വീഴ്ചയുടെ തീയതിയെ കുറിച്ചോ നിർദ്ദേശിക്കുന്നതിനുള്ള ഒരു അടിസ്ഥാനം പോലും അപേക്ഷയിൽ നൽകിയിട്ടില്ല, അതിനാൽ, രണ്ടാം എതിർകക്ഷിക്ക് വേണ്ടി പിന്നീട് വികസിപ്പിക്കാൻ ശ്രമിക്കുന്ന വാദങ്ങൾ അനുവദിക്കാൻ കഴിയില്ല. *കാലപരിധിയുടെ ചോദ്യം അടിസ്ഥാനപരമായി നിയമത്തിന്റെയും വസ്തുതകളുടെയും ഒരു സമ്മിശ്ര ചോദ്യമാണ്് എന്നത് ശരിയാണ്, കൂടാതെ ഒരു കക്ഷി കാലപരിധി കാലയളവ് നീട്ടുന്നതിനോ വർദ്ധിപ്പിക്കുന്നതിനോ വേണ്ടി ഏതെങ്കിലും പ്രത്യേക വ്യവസ്ഥയുടെ പ്രയോഗം തേടുമ്പോൾ, പ്രസക്തമായ വസ്തുതകൾ വാദങ്ങളിൽ രേഖപ്പെടുത്തുകയും ആവശ്യമായ തെളിവുകൾ ഹാജരാക്കുകയും ചെയ്യണം. ഈ കേസിൽ, '8–7–2011'ന് വീഴ്ച വരുത്തി എന്നതല്ലാതെ മറ്റൊരു വാദവും രണ്ടാം എതിർ കക്ഷി അപേക്ഷയിൽ ഉന്നയിച്ചിട്ടില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ, കാലപരിധി നീട്ടുന്നതിനുള്ള ഒരു വാദവും പരിശോധിക്കാൻ ലഭ്യമല്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ, കാലപരിധി നിയമത്തിലെ വകുപ്പ് 18–ഉം അതിന്റെ തത്വങ്ങളും ബാധകമാണെങ്കിൽ പോലും, ഈ കേസിൽ പരിഗണനയിലുള്ള അപേക്ഷയിൽ വീഴ്ചയെക്കുറിച്ച് അവതരിപ്പിച്ച വാദവും*

ബാധ്യത അംഗീകരിച്ചതിനെ കുറിച്ച് മറ്റൊരു വാദവും ഉന്നയിച്ചിട്ടില്ലാ എന്നതും കണക്കിലെടുക്കുമ്പോൾ ഇവിടെ വകുപ്പ് 18 പ്രയോഗിക്കാനാകില്ല. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ, മഹാബീർ കോൾഡ് സ്റ്റോറേജ് കേസിലെ തീരുമാനത്തെ ആശ്രയിക്കുന്നത് രണ്ടാം എതിർകക്ഷിയുടെ ആവശ്യത്തെ മുന്നോട്ട് കൊണ്ടുപോകുന്നില്ല."

56. വായ്പ അംഗീകരിച്ചതിലൂടെ കാലപരിധി നീട്ടിലഭിച്ചുവെന്ന വാദത്തിന്റെ അടിസ്ഥാനം ഹർജിയിലെ വാദങ്ങളിൽ ഉണ്ടായിരിക്കണമെന്നും, അത് പിന്നീട് ഒരു ഘട്ടത്തിൽ വികസിപ്പിക്കാൻ കഴിയില്ലെന്നും മേൽപ്പറഞ്ഞ വിധിന്യായത്തെ ആശ്രയിച്ചുകൊണ്ട് ശ്രീ ശിവശങ്കർ വാദിച്ചു. ഈ കേസിൽ, കാലപരിധി നിയമത്തിലെ വകുപ്പ് 18 പ്രകാരം കാലപരിധി നീട്ടുന്നതിനുള്ള അടിസ്ഥാനം ഹർജിയിലെ വാദങ്ങളിൽ ഇല്ലെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

57. എൻസിഎൽടി നടപടികളുടെ അവസാന ഘട്ടത്തിൽ വാദങ്ങളിൽ നടത്തിയ മെച്ചപ്പെടുത്തൽ അംഗീകരിക്കരുതായിരുന്നുവെന്ന് *ബാബുലാൽ വർധർജി ഗ്രർജാർ (മേൽ പരാമർശം)* കേസിനെ ആശ്രയിച്ച്, ശ്രീ ശിവശങ്കർ വാദിച്ചു. ഏതായാലും, അപ്പീൽവാദി ബാങ്ക് ആശ്രയിക്കുന്ന രേഖകളുടെ ശരിയായ വ്യാഖ്യാനം, അവയെ കാലപരിധി നിയമത്തിലെ വകുപ്പ് 18 പ്രകാരമുള്ള അംഗീകാരമായി കണക്കാക്കാനാകില്ലെന്ന് വ്യക്തമാക്കുമെന്നും അദ്ദേഹം തുടർന്ന് വാദിച്ചു. കാരണം, "ഒരു കേസിനോ അപേക്ഷയ്ക്കോ ഉള്ള കാലപരിധി കാലയളവ് അവസാനിക്കുന്നതിന് മുമ്പ്" നൽകുന്ന അംഗീകാരമാകണമെന്ന് പ്രസ്തുത വകുപ്പ് നിഷ്കർഷിക്കുന്നു.

58. *മുനഷി ലാൽ v. ഹിരാ ലാൽ & അനദർ* [8] കേസിൽ അലഹബാദ് ഹൈക്കോടതിയുടെ ഒരു ഫുൾ ബെഞ്ച് നൽകിയ വിധിന്യായം ശ്രീ ശിവശങ്കർ ഉദ്ധരിച്ചു, അതിൽ ഹൈക്കോടതി ഇങ്ങനെ വിധിച്ചു:

" ബാധ്യതയ്ക്ക് നൽകിയ അംഗീകാരമായി കണക്കാക്കുന്ന ഒരു രേഖയെ അത് നൽകിയ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കണമെന്നും, അതിലെ ഭാഷ വ്യക്തമല്ലാത്ത സാഹചര്യത്തിൽ, വാക്കുകൾ എന്താണ് സൂചിപ്പിക്കുന്നത് എന്ന് കാണുന്നതിന് സന്ദർഭം പരിശോധിക്കാമെന്നും ഇപ്പോൾ വ്യക്തമാണ്. അംഗീകാരം നൽകിയിട്ടുള്ള വ്യക്തിയുടെ ഉദ്ദേശ്യമാകാൻ സാധ്യമായത് എന്താണെന്ന് ഉറപ്പുവരുത്തിക്കൊണ്ട്, ഒരു അംഗീകാരത്തിൽ ഉൾക്കൊള്ളുന്ന ഏതെങ്കിലും തർക്കം പരിഹരിക്കാമെന്ന് ഇതിനർത്ഥമില്ല. അത് തികച്ചും വ്യത്യസ്തമായ ഒരു കാര്യമാണ്. എന്നാൽ, സന്ദർഭത്തിന്റെ വെളിച്ചത്തിൽ, അംഗീകാരം നൽകുന്ന വ്യക്തി യഥാർത്ഥത്തിൽ

[8] ILR 1947 All 11: AIR 1947 All 74(FB)

എന്താണ് സൂചിപ്പിച്ചത് എന്ന് പരിശോധിച്ച ശേഷം, അത് ഒരു അവകാശത്തിന്റെ വ്യക്തമായ അംഗീകാരമാണെന്ന് ഒരു നിഗമനത്തിലെത്തിയാൽ, ആ അംഗീകാരം കാലപരിധി നിയമത്തിലെ വകുപ്പ് 19 പ്രയോഗിക്കുന്നതിന് പര്യാപ്തമാണ്."

59. അപ്പീൽവാദി ബാങ്ക് നൽകിയ നിയമപരമായ നോട്ടീസിനുള്ള കോർപ്പറേറ്റ് കടക്കാരന്റെ 2015 ജനുവരി 5-ലെ മറുപടി, ബംഗളൂരുവിലെ ഡിആർടിക്ക് മുന്നിൽ ഒഎസ് നമ്പർ 16/2015-ൽ കോർപ്പറേറ്റ് കടക്കാരൻ ഫയൽ ചെയ്ത മറുപടി, 2017 മാർച്ച് 3-ലെ ഒടിഎസ് നിർദ്ദേശം, 2017 ജൂൺ 19-ലെ ഒടിഎസ് നിർദ്ദേശം, കൂടാതെ കോർപ്പറേറ്റ് കടക്കാരന്റെയും അതിന്റെ ഗ്രൂപ്പ് കമ്പനിയായ കാവേരി ടെലികോം പ്രൊഡക്ട്സ് ലിമിറ്റഡിന്റെയും 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ബാലൻസ് ഷീറ്റുകൾ/വാർഷിക റിപ്പോർട്ടുകൾ എന്നിവ കാലപരിധി നിയമത്തിലെ വകുപ്പ് 18-ന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണെന്ന് ശ്രീ ശിവശങ്കർ തുടർന്ന് ചൂണ്ടിക്കാട്ടി. എതിർകക്ഷികളുടെ അക്കൗണ്ട് പുനഃക്രമീകരിക്കാനുള്ള സന്നദ്ധത തേടിക്കൊണ്ട് അപ്പീൽവാദി ബാങ്ക് നൽകിയ നിർദ്ദേശങ്ങളോടുള്ള പ്രതികരണങ്ങളായിരുന്നു ഈ രേഖകളിൽ പലതും . കൂടാതെ, 111 ലക്ഷം രൂപയുടെ കുടിശ്ശിക പലിശ അടച്ചത് 2014 മാർച്ചിലാണ്, അതായത് ഐബിസിയിലെ വകുപ്പ് 7 പ്രകാരമുള്ള ഹർജി ഫയൽ ചെയ്യുന്നതിന് നാല് വർഷം മുമ്പ്.

60. കോർപ്പറേറ്റ് കടക്കാരൻ എഴുതിയ 2014 മാർച്ച് 24-ലെ കത്ത് അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് മുന്നിലുള്ള നടപടികളിൽ രേഖയിൽ ഇല്ലായിരുന്നുവെന്നും ശ്രീ ശിവശങ്കർ വാദിച്ചു. അപ്പീൽവാദി ബാങ്ക് എൻസിഎൽഎടിക്ക് മുന്നിൽ ഫയൽ ചെയ്ത മറുപടിയോടൊപ്പമാണ് ഈ രേഖ ആദ്യമായി കൊണ്ടുവന്നത്. ഈ രേഖയെ ഒരു തരത്തിലും രേഖകളുടെ ഭാഗമായി കണക്കാക്കാൻ കഴിയില്ലെന്ന് അദ്ദേഹം വാദിച്ചു.

61. എതിർകക്ഷികളിൽ നിന്നുള്ള ആശയവിനിമയങ്ങൾ സമാധാനം നിലനിർത്താനും വ്യവഹാരം അവസാനിപ്പിക്കാനും മാത്രമുള്ളതായിരുന്നുവെന്നും, അതിനാൽ കാലപരിധി നിയമത്തിലെ വകുപ്പ് 18 പ്രയോഗിക്കാവുന്ന തരത്തിൽ വായ്പാ ബാധ്യത അംഗീകരിച്ചതായി കണക്കാക്കാൻ കഴിയില്ലെന്ന വാദവും ശ്രീ ശിവശങ്കർ അവസാനമായി സമർപ്പിച്ചു.

62. ഒറ്റത്തവണ തീർപ്പാക്കലിനുള്ള ഒരു നിർദേശത്തെ കാലപരിധി നിയമത്തിലെ കാലപരിധി നിയമത്തിലെ വകുപ്പ് 18 പ്രയോഗിക്കാവുന്ന തരത്തിൽ വായ്പാ ബാധ്യത അംഗീകരിച്ചതായി കണക്കാക്കാൻ കഴിയില്ലെന്ന് *ഗൗരവ് ഹർഗോവിന്ദ്ഭായ് ദാവേ (മേൽ പരാമർശം)* കേസിലെ ഈ കോടതിയുടെ വിധിന്യായം പരാമർശിച്ചുകൊണ്ട് ശ്രീ ശിവശങ്കർ വാദിച്ചു.

63. *ഗൗരവ് ഹർഗോവിന്ദ്ഭായ് ദാവേ (മേൽ പരാമർശം)* കേസിലെ തീരുമാനത്തിനെതിരെ ഈ കോടതിയിൽ ഒരു പുനഃപരിശോധനാ ഹർജി തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന

വസ്തുതയിലേക്ക് ശ്രീ ശിവശങ്കർ ഈ കോടതിയുടെ ശ്രദ്ധ ക്ഷണിച്ചു. എന്നിരുന്നാലും, വിധിന്യായത്തിന്റെ പ്രഭാവം സ്റ്റേ ചെയ്തിട്ടില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പുനഃപരിശോധനാ അപേക്ഷ അനുവദിക്കുകയും വിധിന്യായം റദ്ദാക്കുകയും ചെയ്യുന്നതുവരെ, അത് ബാധകമായി നിലനിൽക്കും.

64. *ജിഗ്നേഷ് ഷാ (മേൽ പരാമർശം)* കേസാണ് ശ്രീ ശിവശങ്കർ അവസാനമായി ഉദ്ധരിച്ചത്, അതിൽ ഈ കോടതി നിരീക്ഷിച്ചത് ഇപ്രകാരമാണ്:

> *"സ്വത്ത് വീണ്ടെടുക്കലിനായി ഒരു വ്യവഹാര കാരണത്തിന്റെ അടിസ്ഥാനത്തിലും കാലപരിധിക്കുള്ളിലും നൽകപ്പെടുന്ന ഒരു കേസ്,* ***<u>ഒരു കോർപ്പറേറ്റ് സ്ഥാപനത്തെ അടച്ചുപൂട്ടുന്നതിനുള്ള പ്രത്യേകവും സ്വതന്ത്രവുമായ നടപടിക്രമത്തെ ഒരു തരത്തിലും ബാധിക്കില്ലെന്നാണ്</u>*** *മേൽപ്പറഞ്ഞ വിധിന്യായങ്ങൾ ശരിയായ രീതിയിൽ പറയുന്നത്;. നിയമത്തിൽ, കാലപരിധി കണക്കാക്കുന്നതിനുള്ള സമയം ഓടിത്തുടങ്ങിയാൽ, അത് കാലപരിധി നിയമത്തിൽ നൽകിയിട്ടുള്ള രീതിയിൽ മാത്രമേ നീട്ടാൻ കഴിയൂ. ഉദാഹരണത്തിന്, കാലപരിധി നിയമത്തിലെ വകുപ്പ് 18 ൽ പറഞ്ഞ തരത്തിൽ ബാധ്യത അംഗീകരിക്കുന്നത് തീർച്ചയായും കാലപരിധി കാലയളവ് നീട്ടും. എന്നാൽ വീണ്ടെടുക്കലിനായുള്ള ഒരു വ്യവഹാരം, അടച്ചുപൂട്ടുന്നതിനുള്ള നടപടിക്രമത്തിൽ നിന്ന് വ്യത്യസ്തവും പ്രത്യേകവും സ്വതന്ത്രവുമായ ഒരു നടപടിക്രമമാണ്. ഏതെങ്കിലും വിധത്തിൽ വായ്പയെ സജീവമായി നിലനിർത്തുന്നതിലൂടെ, അടച്ചുപൂട്ടുന്നതിനുള്ള നടപടിക്രമം ഫയൽ ചെയ്യേണ്ട കാലപരിധിയെ ബാധിക്കുന്ന ഒന്നാക്കി വീണ്ടെടുക്കലിനുള്ള വ്യവഹാരത്തെ മാറ്റാനാകില്ല."*

65. ഐബിസിയിലെ വകുപ്പ് 7 പ്രകാരമുള്ള ഹർജി ഡിആർടി പുറപ്പെടുവിച്ച റിക്കവറി സർട്ടിഫിക്കറ്റിനെയോ അല്ലെങ്കിൽ ഡിആർടിയുടെ വിധിന്യായത്തെയോ ഉത്തരവിനെയോ അടിസ്ഥാനമാക്കിയുള്ളതല്ലെന്ന് ശ്രീ ശിവശങ്കർ തന്റെ വാദങ്ങൾ ഉപസംഹരിച്ചുകൊണ്ട് സമർപ്പിച്ചു. അതിനാൽ, റിക്കവറി സർട്ടിഫിക്കറ്റ് പ്രകാരം പണം അടയ്ക്കുന്നതിലെ വീഴ്ചയുടെ തീയതി മുതൽ കാലപരിധി കണക്കാക്കുന്നതിന്റെ ചോദ്യമേ ഉദിക്കുന്നില്ല.

66. *"കോർപ്പറേറ്റ് വ്യക്തിത്വങ്ങൾ, പങ്കാളിത്ത സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുടെ ആസ്തികളുടെ മൂല്യം വർദ്ധിപ്പിക്കുന്നതിനായി അവയുടെ പുനഃസംഘടനയും പാപ്പരത്ത പരിഹാരവും സംബന്ധിച്ച നിയമങ്ങൾ സമയബന്ധിതമായി ഏകീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും വേണ്ടിയും, സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കാനും, ക്രെഡിറ്റിന്റെ ലഭ്യത ഉറപ്പാക്കാനും, സർക്കാർ കുടിശ്ശികയുടെ മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തുന്നത് ഉൾപ്പെടെയുടെ കാര്യങ്ങളിൽ എല്ലാ പങ്കാളികളുടെയും താൽപ്പര്യങ്ങൾ കണക്കിലെടുക്കുന്നതിനും*

ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി ബോർഡ് ഓഫ് ഇന്ത്യ സ്ഥാപിക്കാനും, അതുമായി ബന്ധപ്പെട്ടതോ ആകസ്മികമായതോ ആയ മറ്റ് കാര്യങ്ങൾക്കുമുള്ള" ഒരു നിയമമാണ് ഐബിസി.

67. മറ്റ് കാര്യങ്ങൾക്കൊപ്പം, കോർപ്പറേറ്റ് വ്യക്തികളുടെ നിക്ഷേപങ്ങളും പാപ്പരത്ത പരിഹാര പ്രക്രിയകളും പ്രോത്സാഹിപ്പിക്കാൻ ഐബിസി ലക്ഷ്യമിടുന്നു. അതിന്റെ ലക്ഷ്യങ്ങളുടെയും കാരണങ്ങളുടെയും പ്രസ്താവനയിൽ പറയുന്നത് ഇപ്രകാരമാണ്: *"കോർപ്പറേറ്റ് വ്യക്തിത്വങ്ങൾ, പങ്കാളിത്ത സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുടെ ആസ്തികളുടെ മൂല്യം വർദ്ധിപ്പിക്കുന്നതിനായി അവയുടെ പുനഃസംഘടനയും പാപ്പരത്ത പരിഹാരവും സംബന്ധിച്ച നിയമങ്ങൾ സമയബന്ധിതമായി ഏകീകരിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുക, സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുക, ക്രെഡിറ്റിന്റെ ലഭ്യത ഉറപ്പാക്കുക, സർക്കാർ കുടിശ്ശികയുടെ മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തുന്നത് ഉൾപ്പടെയുള്ള കാര്യങ്ങളിൽ എല്ലാ പങ്കാളികളുടെയും താൽപ്പര്യങ്ങൾ കണക്കിലെടുക്കുക എന്നിവക്കൊപ്പം ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി ബോർഡ് ഓഫ് ഇന്ത്യ സ്ഥാപിക്കുന്നതും അതുമായി ബന്ധപ്പെട്ടതോ ആകസ്മികമായതോ ആയ മറ്റ് കാര്യങ്ങളും ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ്, 2015-ന്റെ ലക്ഷ്യങ്ങളാണ്,"*. ഇൻസോൾവൻസിയുടെയും പാപ്പരത്തത്തിന്റെയും പരിഹാരത്തിനായി സമയബന്ധിതവും ഫലപ്രദവുമായ ഒരു നിയമ ചട്ടക്കൂടൊരുക്കുന്നത് വായ്പാ വിപണികളുടെ വികസനത്തെ പിന്തുണയ്ക്കുകയും സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഇത് ബിസിനസ്സ് ചെയ്യുന്നത് കൂടുതൽ സുഗമമാക്കുകയും ഉയർന്ന സാമ്പത്തിക വളർച്ചയിലേക്കും വികസനത്തിലേക്കും നയിക്കുന്ന തരത്തിൽ കൂടുതൽ നിക്ഷേപങ്ങൾക്ക് വഴിവെക്കുകയും ചെയ്യും.

68. ഐബിസിയിലെ സ്കീം പ്രകാരം, ഒരു കടം കുടിശ്ശികയായി മാറുകയും അത് നൽകിയിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോഴാണ്, ഒരു വീഴ്ച വരുത്തി എന്നതിന്റെ അടിസ്ഥാനത്തിൽ ഇൻസോൾവൻസി റെസല്യൂഷൻ പ്രോസസ്സ് ആരംഭിക്കുന്നത്. സൗകര്യാർത്ഥം, ഐബിസിയിലെ ചില പ്രസക്തമായ വ്യവസ്ഥകൾ താഴെ നൽകുന്നു:

> *"3. **<u>നിർവചനങ്ങൾ</u>**- ഈ കോഡിൽ, സാന്ദർഭികമായി മറ്റൊരു വിധത്തിൽ അല്ലായെങ്കിൽ:*
>
> *(6) "ക്ലെയിം" എന്നാൽ -*
>
> *(എ) ഒരു വിധിന്യായത്തിലൂടെ തീർപ്പാക്കപ്പെട്ടതോ അല്ലാത്തതോ, നിശ്ചയിക്കപ്പെട്ടതോ, തർക്കമുള്ളതോ, തർക്കമില്ലാത്തതോ, നിയമപരമായതോ, ഉലനം ചെയ്യാവുന്നതോ, ഈടുള്ളതോ, ഈടില്ലാത്തതോ ആയ പണം ലഭിക്കാനുള്ള അവകാശം;*

(ബി) ഒരു വിധിന്യായത്തിലൂടെ തീർപ്പാക്കപ്പെട്ടതോ അല്ലാത്തതോ, നിശ്ചയിക്കപ്പെട്ടതോ, കാലവധി പൂർത്തിയാക്കിയതോ, പൂർത്തിയാക്കാത്തതോ, തർക്കമുള്ളതോ, തർക്കമില്ലാത്തതോ, ഈടുള്ളതോ, ഈടില്ലാത്തതോ ആയ പണം ലഭിക്കാനുള്ള അവകാശം ഒരു കരാർ ലംഘനത്തിലൂടെ ലഭിക്കുന്നുവെങ്കിൽ, അത്തരം ലംഘനത്തിന് പരിഹാരം ലഭിക്കുന്നതിന് നിലവിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമുള്ള അവകാശം.

(7) "കോർപ്പറേറ്റ് വ്യക്തി" എന്നാൽ 2013-ലെ കമ്പനി നിയമത്തിലെ (2013 ലെ 18) വകുപ്പ് 2-ലെ ഖണ്ഡം (20)-ൽ നിർവചിച്ചിട്ടുള്ള ഒരു കമ്പനി,, 2008-ലെ ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് ആക്ടിലെ (2009 ലെ 6) വകുപ്പ് 2-ലെ ഉപ-വകുപ്പ് (1)-ലെ ഖണ്ഡം (എൻ)-ൽ നിർവചിച്ചിട്ടുള്ള ഒരു ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ്, അല്ലെങ്കിൽ നിലവിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം പരിമിതമായ ബാധ്യതയോടെ സ്ഥാപിതമായ മറ്റേതെങ്കിലും വ്യക്തി എന്നിവയാണ്. എന്നാൽ ഏതെങ്കിലും സാമ്പത്തിക സേവന ദാതാവിനെ ഇതിൽ ഉൾപ്പെടുത്തുന്നില്ല;

(8) "കോർപ്പറേറ്റ് കടക്കാരൻ" എന്നാൽ ഏതെങ്കിലും വ്യക്തിക്ക് കടം നൽകാനുള്ള ഒരു കോർപ്പറേറ്റ് വ്യക്തിയാണ്;

.....

(10) "വായ്പാദാതാവ്" എന്നാൽ ഏതെങ്കിലും വ്യക്തിയിൽ നിന്ന് കടം തിരികെ ലഭിക്കാനുള്ള ഏതെങ്കിലും വ്യക്തിയാണ്, കൂടാതെ ഒരു സാമ്പത്തിക വായ്പാദാതാവ്, ഒരു പ്രവർത്തന വായ്പാദാതാവ്, ഈടുള്ള വായ്പാദാതാവ്, ഈടില്ലാത്ത വായ്പാദാതാവ്, അനുകൂല വിധി നേടിയ വ്യക്തി എന്നിവർ ഇതിൽ ഉൾപ്പെടുത്തുന്നു;

(11) "കടം" എന്നാൽ ഒരു ക്ലെയിമുമായി ബന്ധപ്പെട്ട് ഏതെങ്കിലും വ്യക്തിക്ക് കുടിശ്ശികയായിട്ടുള്ള ഒരു ബാധ്യത അല്ലെങ്കിൽ ചുമതലയാണ്, ഒരു സാമ്പത്തിക കടവും പ്രവർത്തന കടവും ഇതിൽ ഉൾപ്പെടുത്തുന്നു;

(12) "വീഴ്ച" എന്നാൽ, മുഴുവനായി അല്ലെങ്കിൽ ഭാഗികമായി അല്ലെങ്കിൽ ഒരു ഇൻസ്റ്റാൾമെന്റ് കുടിശ്ശികയായതും അടക്കേണ്ടതും കോർപ്പറേറ്റ് കടക്കാരൻ അടച്ചിട്ടില്ലാത്തതുമായ ഒരു വായ്പയുടെ തിരിച്ചടവ് കടക്കാരനോ കോർപ്പറേറ്റ് കടക്കാരനോ മുടക്കുന്നത്;

4. ഈ ഭാഗത്തിന്റെ പ്രയോഗം *(1) ഒരു ലക്ഷം രൂപയിൽ കുറയാത്ത തുകയുടെ തിരിച്ചടവിൽ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ, ഈ ഭാഗം കോർപ്പറേറ്റ് കടക്കാരുടെ പാപ്പരത്തവും പിരിച്ചുവിടലും സംബന്ധിച്ച കാര്യങ്ങൾക്ക് ബാധകമാകും,*

എന്നിരിക്കെ, വീഴ്ചയുടെ ഏറ്റവും കുറഞ്ഞ തുകയായി കൂടുതൽ ഉയർന്ന മൂല്യത്തിലുള്ള മറ്റേതെങ്കിലും തുക കേന്ദ്ര സർക്കാരിന് ഒരു വിജ്ഞാപനത്തിലൂടെ പ്രഖ്യാപിക്കാവുന്നതാണ്, എന്നാലിത് ഒരു കോടി രൂപയിൽ കൂടാത്തതാകണം.

5. നിർവചനങ്ങൾ.- *ഈ ഭാഗത്തിൽ, സന്ദർഭം മറ്റെന്തെങ്കിലും വിധത്തിൽ ആവശ്യപ്പെടുന്നില്ലെങ്കിൽ -*

(7) "സാമ്പത്തിക വായ്പാദാതാവ്" എന്നാൽ ഒരു സാമ്പത്തിക കടം തിരികെ ലഭിക്കേണ്ട ഏതെങ്കിലും വ്യക്തിയാണ്, കൂടാതെ അത്തരം വായ്പ നിയമപരമായി കൈമാറ്റം ചെയ്യപ്പെട്ടതോ അല്ലെങ്കിൽ ചുമതലപ്പെടുത്തിയതോ ആയ ഒരു വ്യക്തിയെയും ഇതിൽ ഉൾപ്പെടുത്തുന്നു;

(8) "സാമ്പത്തിക കടം" എന്നാൽ പണത്തിന്റെ സമയ മൂല്യം പരിഗണിച്ച് നൽകുന്ന, പലിശ ഉണ്ടെങ്കിൽ അത് ഉൾപ്പടെയുള്ള ഒരു കടമാണ്, കൂടാതെ ഇതിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു -

(എ) പലിശ അടക്കുന്നതിന്റെ അടിസ്ഥാനത്തിൽ കടം വാങ്ങിയ ഏതെങ്കിലും തുക;

(ബി) ഏതെങ്കിലും ആക്സ്പ്റ്റൻസ് ക്രെഡിറ്റ് സൗകര്യത്തിന് കീഴിലോ അതിന് തത്തുല്യമായ ഡീമെറ്റീരിയലൈസ്ഡ് ഉൽപ്പന്നങ്ങൾക്ക് കീഴിലോ ഉള്ള ആക്സപറ്റൻസ് വഴി സമാഹരിച്ച ഏതെങ്കിലും തുക;

(സി) ഏതെങ്കിലും നോട്ട് പർച്ചേസ് സൗകര്യം വഴിയോ ബോണ്ടുകൾ, നോട്ടുകൾ, ഡിബഞ്ചുകൾ, ലോൺ സ്റ്റോക്ക് അല്ലെങ്കിൽ സമാനമായ ഏതെങ്കിലും ഉപകരണം എന്നിവയുടെ ഇഷ്യൂ വഴിയോ സമാഹരിച്ച ഏതെങ്കിലും തുക;

(ഡി) ഇന്ത്യൻ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് അല്ലെങ്കിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് പ്രകാരം ഒരു ഫിനാൻസ് അല്ലെങ്കിൽ ക്യാപിറ്റൽ ലീസായി കണക്കാക്കുന്ന ഏതെങ്കിലും ലീസിന്റെയോ അല്ലെങ്കിൽ ഹയർ-പർച്ചേസ് കരാറിന്റെയോ ബാധ്യതയുടെ തുക;

(ഇ) നോൺ-റീക്കോഴ്സ് അടിസ്ഥാനത്തിൽ വിറ്റ ഏതെങ്കിലും റിസീവബിളുകൾ അല്ലാത്ത വിറ്റതോ ഡിസ്കൗണ്ട് ചെയ്തതോ ആയ റിസീവബിളുകൾ;

(എഫ്) ഏതെങ്കിലും ഫോർവേഡ് സെയിൽ അല്ലെങ്കിൽ പർച്ചേസ് കരാർ ഉൾപ്പെടെ, വാണിജ്യപരമായി കടം വാങ്ങുന്നതിന്റെ ഫലമുള്ള മറ്റേതെങ്കിലും ഇടപാടിലൂടെ സമാഹരിച്ച ഏതെങ്കിലും തുക;

(ജി) ഏതെങ്കിലും നിരക്കിലോ വിലയിലോ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളിൽ നിന്ന് സംരക്ഷിക്കപ്പെടുന്നതിനോ അല്ലെങ്കിൽ അതിൽ നിന്ന് നേട്ടമുണ്ടാക്കുന്നതിനോ വേണ്ടി നടപ്പാക്കുന്ന ഏതെങ്കിലും ഡെറിവേറ്റീവ് ഇടപാട്. ഏതെങ്കിലും ഡെറിവേറ്റീവ് ഇടപാടിന്റെ മൂല്യം കണക്കാക്കുന്നതിന്, അങ്ങനെയുള്ള ഇടപാടിന്റെ വിപണി മൂല്യം മാത്രമേ കണക്കിലെടുക്കുകയുള്ളൂ;

(എച്ച്) ഒരു ബാങ്കോ ധനകാര്യ സ്ഥാപനമോ പുറപ്പെടുവിച്ച ഒരു ഗ്യാരണ്ടി, നഷ്ടപരിഹാരം, ബോണ്ട്, ഡോക്യുമെന്ററി ലെറ്റർ ഓഫ് ക്രെഡിറ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും ഉപകരണവുമായി ബന്ധപ്പെട്ട ഏതെങ്കിലും കൗണ്ടർ-നഷ്ടപരിഹാര ബാധ്യത;

(ഐ) ഈ ഖണ്ഡത്തിലെ (എ) മുതൽ (എച്ച്) വരെയുള്ള ഉപ-ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഇനങ്ങൾക്കുള്ള ഏതെങ്കിലും ഗ്യാരണ്ടിയുടെയോ നഷ്ടപരിഹാരത്തിന്റെയോ ബാധ്യതയുടെ തുക;

6. **കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ ആരംഭിക്കാൻ കഴിയുന്ന വ്യക്തികൾ.** — *ഏതെങ്കിലും കോർപ്പറേറ്റ് കടക്കാരൻ ഒരു വീഴ്ച വരുത്തുമ്പോൾ, ഒരു സാമ്പത്തിക വായ്പാദാതാവിനോ ഒരു പ്രവർത്തന വായ്പാദാതാവിനോ, അല്ലെങ്കിൽ കോർപ്പറേറ്റ് കടക്കാരൻ തന്നെയോ ഈ അധ്യായത്തിൽ നൽകിയിട്ടുള്ള രീതിയിൽ അങ്ങനെയുള്ള കോർപ്പറേറ്റ് കടക്കാരനെതിരെ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ ആരംഭിക്കാവുന്നതാണ്.*

7. ***സാമ്പത്തിക വായ്പാദാതാവ് കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ ആരംഭിക്കുന്നത്. —****(1) ഒരു വീഴ്ച സംഭവിച്ചാൽ ഒരു കോർപ്പറേറ്റ് കടക്കാരനെതിരെ ഒരു സാമ്പത്തിക വായ്പാദാതാവിന് ഒറ്റയ്ക്കോ അല്ലെങ്കിൽ മറ്റ് സാമ്പത്തിക വായ്പാദാതാക്കളുമായി ചേർന്നോ, അല്ലെങ്കിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്നതു പ്രകാരം സാമ്പത്തിക വായ്പാദാതാവിന് വേണ്ടി മറ്റേതെങ്കിലും വ്യക്തിക്കോ കോർപ്പറേറ്റ്*

ഇൻസോൾവൻസി റെസലൂഷൻ പ്രോസസ്സ് ആരംഭിക്കുന്നതിനുള്ള അപേക്ഷ അഡ് ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് മുമ്പാകെ ഫയൽ ചെയ്യാം.

എന്നിരിക്കെ വകുപ്പ് 21 ലെ ഉപ-വകുപ്പ് (6-എ)-യിലെ (എ), (ബി) ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള സാമ്പത്തിക വായ്പാദാതാക്കളുടെ കാര്യത്തിൽ, അതേ വിഭാഗത്തിലെ അങ്ങനെയുള്ള നൂറിൽ കുറയാത്ത വായ്പാദാതാക്കൾ അല്ലെങ്കിൽ അതേ വിഭാഗത്തിലെ അങ്ങനെയുള്ള മൊത്തം വായ്പാദാതാക്കളുടെ എണ്ണത്തിന്റെ പത്ത് ശതമാനത്തിൽ കുറയാത്തവർ (ഇതിലേതാണോ കുറവ് എന്നതിന്റെ അടിസ്ഥാനത്തിൽ) സംയുക്തമായാണ് കോർപ്പറേറ്റ് കടക്കാരനെതിരേ പാപ്പരത്ത പരിഹാര പ്രക്രിയ ആരംഭിക്കുന്നതിനുള്ള അപേക്ഷ ഫയൽ ചെയ്യേണ്ടത്.:

എന്നിരിക്കെ ഒരു റിയൽ എസ്റ്റേറ്റ് പദ്ധതിക്ക് കീഴിലുള്ള അലോട്ട്മെൻറ് ലഭിച്ച സാമ്പത്തിക വായ്പാദാതാക്കളുടെ കാര്യത്തിൽ, അതേ റിയൽ എസ്റ്റേറ്റ് പ്രോജക്ടിന് കീഴിലുള്ള അങ്ങനെയുള്ള നൂറിൽ കുറയാത്ത അലോട്ടികൾ അല്ലെങ്കിൽ അതേ റിയൽ എസ്റ്റേറ്റ് പ്രോജക്ടിന് കീഴിലുള്ള അങ്ങനെയുള്ള മൊത്തം അലോട്ടികളുടെ എണ്ണത്തിന്റെ പത്ത് ശതമാനത്തിൽ കുറയാത്തവർ എന്നിവർ (ഇതിലേതാണോ കുറവ് എന്നതിന്റെ അടിസ്ഥാനത്തിൽ) സംയുക്തമായാണ് കോർപ്പറേറ്റ് കടക്കാരനെതിരേ പാപ്പരത്ത പരിഹാര പ്രക്രിയ ആരംഭിക്കുന്നതിനുള്ള അപേക്ഷ ഫയൽ ചെയ്യേണ്ടത്:

എന്നിരിക്കെ, ആദ്യത്തെയും രണ്ടാമത്തെയും വ്യവസ്ഥകളിൽ പരാമർശിച്ചിട്ടുള്ള ഒരു സാമ്പത്തിക വായ്പാദാതാവ് ഒരു കോർപ്പറേറ്റ് കടക്കാരനെതിരെ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ ആരംഭിക്കുന്നതിനുള്ള അപേക്ഷ ഫയൽ ചെയ്യുകയും, അത് ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ് (ഭേദഗതി) നിയമം, 2020-ന്റെ തുടക്കത്തിന് മുമ്പ് അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി അനുവദിക്കാതെ ഇരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള അപേക്ഷ മേൽപ്പറഞ്ഞ നിയമം ആരംഭിച്ചതിന് ശേഷം മുപ്പത് ദിവസത്തിനുള്ളിൽ ആദ്യത്തെ അല്ലെങ്കിൽ രണ്ടാമത്തെ വ്യവസ്ഥകളുടെ ആവശ്യകതകൾ പാലിക്കുന്നതിനായി ഭേദഗതി ചെയ്യണം, അതിൽ വീഴ്ച വരുത്തിയാൽ അപേക്ഷ അതിന്റെ അംഗീകാരത്തിന് മുമ്പ് പിൻവലിച്ചതായി കണക്കാക്കും.

വിശദീകരണം- ഈ ഉപ-വകുപ്പിന്റെ ഉദ്ദേശ്യങ്ങൾക്കായി, ഒരു വീഴ്ച എന്നു പറയുന്നതിൽ, അപേക്ഷകനായ സാമ്പത്തിക വായ്പാദാതാവിന് നൽകാനുള്ളതിൽ വരുത്തിയ വീഴ്ച മാത്രമല്ല, കോർപ്പറേറ്റ് കടക്കാരന്റെ മറ്റേതെങ്കിലും സാമ്പത്തിക വായ്പാദാതാക്കൾക്ക് നൽകാനുള്ള സാമ്പത്തിക കടത്തിൽ വരുത്തിയ ഒരു വീഴ്ചയും ഉൾപ്പെടുന്നു.

(2) സാമ്പത്തിക വായ്പാദാതാവ് ഉപ-വകുപ്പ് (1) പ്രകാരം അത്തരം ഫോമിലും രീതിയിലും ഒരു അപേക്ഷ നൽകണം, കൂടാതെ നിർദ്ദേശിച്ചിട്ടുള്ള ഫീസും അതിനോടൊപ്പം ഉണ്ടായിരിക്കണം.

(3) സാമ്പത്തിക വായ്പാദാതാവ്, അപേക്ഷയോടൊപ്പം താഴെ പറയുന്നവയും നൽകണം –

(എ) വീഴ്ചയെ സംബന്ധിച്ച് ഇൻഫർമേഷൻ യൂട്ടിലിറ്റിയിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ രേഖ അല്ലെങ്കിൽ വീഴ്ചയെ സംബന്ധിച്ചുള്ള വ്യക്തമാക്കിയേക്കാവുന്ന മറ്റെതെങ്കിലും രേഖയോ തെളിവോ;

(ബി) ഇടക്കാല റെസലൂഷൻ പ്രൊഫഷണലായി പ്രവർത്തിക്കാൻ നിർദ്ദേശിക്കുന്ന റെസലൂഷൻ പ്രൊഫഷണലിന്റെ പേര്; കൂടാതെ

(സി) ബോർഡ് നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും വിവരങ്ങൾ.

(4) ഉപ-വകുപ്പ് (2) പ്രകാരമുള്ള അപേക്ഷ ലഭിച്ച് പതിനാല് ദിവസത്തിനുള്ളിൽ, ഇൻഫർമേഷൻ യൂട്ടിലിറ്റിയുടെ രേഖകളിൽ നിന്നോ അല്ലെങ്കിൽ ഉപ-വകുപ്പ് (3) പ്രകാരം സാമ്പത്തിക കടക്കാരൻ ഹാജരാക്കിയ മറ്റ് തെളിവുകളുടെ അടിസ്ഥാനത്തിലോ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി ഒരു വീഴ്ച ഉണ്ടായിട്ടുണ്ടോ എന്നത് ഉറപ്പിക്കണം:

അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി അങ്ങനെയുള്ള സമയത്തിനുള്ളിൽ വീഴ്ചയുടെ നിലനിൽപ്പ് ഉറപ്പിക്കുകയും ഉപ-വകുപ്പ് (5) പ്രകാരം ഒരു ഉത്തരവ് പാസാക്കുകയും ചെയ്തിട്ടില്ലെങ്കിൽ, അതിനുള്ള കാരണങ്ങൾ രേഖാമൂലം രേഖപ്പെടുത്തണം.

(5) അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് താഴെപ്പറയുന്നവ ബോധ്യമായാൽ –

(എ) ഒരു വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ഉപ-വകുപ്പ് (2) പ്രകാരമുള്ള അപേക്ഷ പൂർണ്ണമാണെന്നും, കൂടാതെ നിർദ്ദേശിക്കപ്പെട്ട റെസലൂഷൻ പ്രൊഫഷണലിനെതിരെ അച്ചടക്ക നടപടികൾ നിലവിലില്ലെന്നും ബോധ്യമായാൽ, അത് ഒരു ഉത്തരവിലൂടെ അങ്ങനെയുള്ള അപേക്ഷ അനുവദിച്ചേക്കാം; അല്ലെങ്കിൽ

(ബി) വീഴ്ച സംഭവിച്ചിട്ടില്ലെന്നോ അല്ലെങ്കിൽ ഉപ-വകുപ്പ് (2) പ്രകാരമുള്ള അപേക്ഷ അപൂർണ്ണമാണെന്നോ അല്ലെങ്കിൽ നിർദ്ദേശിക്കപ്പെട്ട റെസലൂഷൻ പ്രൊഫഷണലിനെതിരെ ഏതെങ്കിലും അച്ചടക്ക നടപടി നിലവിലുണ്ടെന്നോ, ബോധ്യമായാൽ അത് ഒരു ഉത്തരവിലൂടെ അങ്ങനെയുള്ള അപേക്ഷ നിരസിച്ചേക്കാം:

അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി, ഉപ-വകുപ്പ് (5)-ലെ ഖണ്ഡം (ബി) പ്രകാരം അപേക്ഷ നിരസിക്കുന്നതിന് മുമ്പ്, അപേക്ഷകന് ഒരു അറിയിപ്പ് നൽകുകയും അഡ് ജൂഡിക്കേറ്റിംഗ് അതോറിറ്റിയിൽ നിന്ന് അങ്ങനെയുള്ള അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ അപേക്ഷയിലെ പിഴവ് തിരുത്തുന്നതിനായി നിർദേശം നൽ കുകയും വേണം.

(6) ഉപ-വകുപ്പ് (5) പ്രകാരം അപേക്ഷ അംഗീകരിച്ച തീയതി മുതൽ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ ആരംഭിക്കുന്നതാണ്.

(7) അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി ഇനി പറയുന്ന കാര്യങ്ങൾ അറിയിക്കണം-

(എ) ഉപ-വകുപ്പ് (5)-ലെ ഖണ്ഡം (എ) പ്രകാരമുള്ള ഉത്തരവ് സാമ്പത്തിക വായ്പാദാതാവിയുംനെ കോർപ്പറേറ്റ് കടക്കാരനെയും;

(ബി) ഉപ-വകുപ്പ് (5)-ലെ ഖണ്ഡം (ബി) പ്രകാരമുള്ള ഉത്തരവ്, അങ്ങനെയുള്ള അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്ത് ഏഴ് ദിവസത്തിനുള്ളിൽ സാമ്പത്തിക വായ്പാദാതാവിനെ.

8. പ്രവർത്തന വായ്പാദാതാവിന്റെ പാപ്പരത്ത പരിഹാരം. *— (1) ഒരു വായ്പയിൽ വീഴ്ച സംഭവിക്കുമ്പോൾ, ഒരു പ്രവർത്തന വായ്പാദാതാവിന്, വീഴ്ചയിൽ ഉൾപ്പെട്ട തുകയുടെ പേയ്മെന്റ് ആവശ്യപ്പെട്ടുകൊണ്ട് നിർദിഷ്ട ഫോമിലും രീതിയിലും അടയ്ക്കാത്ത പ്രവർത്തന കടത്തിന്റെ ഒരു ഡിമാൻഡ് നോട്ടീസ് അല്ലെങ്കിൽ ഒരു ഇൻവോയ്സിന്റെ പകർപ്പ് കോർപ്പറേറ്റ് കടക്കാരന് നൽകാം-*

(2) കോർപ്പറേറ്റ് കടക്കാരൻ, ഉപ-വകുപ്പ് (1) ൽ പരാമർശിച്ചിട്ടുള്ള ഡിമാൻഡ് നോട്ടീസ് അല്ലെങ്കിൽ ഇൻവോയ്സിന്റെ പകർപ്പ് ലഭിച്ച് പത്ത് ദിവസത്തിനുള്ളിൽ ഇനിപ്പറയുന്നവ പ്രവർത്തന വായ്പാദാതാവിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം-

(എ) ഏതെങ്കിലും തർക്കം നിലവിലുണ്ടെങ്കിൽ അതിനെക്കുറിച്ച് അല്ലെങ്കിൽ അങ്ങനെയുള്ള തർക്കവുമായി ബന്ധപ്പെട്ട് അങ്ങനെയുള്ള നോട്ടീസ് അല്ലെങ്കിൽ ഇൻവോയ്സ് ലഭിക്കുന്നതിന് മുമ്പ് ഫയൽ ചെയ്ത വ്യവഹാരത്തിന്റെ അല്ലെങ്കിൽ ആർബിട്രേഷൻ നടപടികൾ തീർപ്പാക്കപ്പെട്ടിട്ടില്ലാ എന്നതിന്റെ രേഖ;

(ബി) അടയ്ക്കാതിരുന്ന പ്രവർത്തന കടത്തിന്റെ പേയ്മെന്റ് സംബന്ധിച്ച് ഇനിപ്പറയുന്ന രീതിയിൽ അറിയിക്കാം-

(i) അടച്ചിട്ടില്ലാതിരുന്ന ഉക കോർപ്പറേറ്റ് കടക്കാരന്റെ ബാങ്ക് അക്കൗണ്ടിൽ നിന്ന് ഇലക്ട്രോണിക് കൈമാറ്റം നടത്തിയതിന്റെ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അയച്ചുകൊണ്ട്; അല്ലെങ്കിൽ

(ii) കോർപ്പറേറ്റ് കടക്കാരൻ നൽകിയ ചെക്ക് പ്രവർത്തന വായ്പാദാതാവ് പണമാക്കി മാറ്റിയെന്നതിന്റെ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അയച്ചുകൊണ്ട്.

വിശദീകരണം- ഈ വകുപ്പിന്റെ ഉദ്ദേശ്യങ്ങൾക്കായി, "ഡിമാൻഡ് നോട്ടീസ്" എന്നാൽ വീഴ്ച സംഭവിച്ച പ്രവർത്തന കടത്തിന്റെ പേയ്മെന്റ് ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രവർത്തന വായ്പാദാതാവ് കോർപ്പറേറ്റ് കടക്കാരന് നൽകുന്ന ഒരു നോട്ടീസാണ് എന്ന് ഇതിനാൽ വ്യക്തമാക്കുന്നു.

*12. **പാപ്പരത്ത പരിഹാര പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി.** — (1) ഉപ-വകുപ്പ് (2)ന് വിധേയമായി, അങ്ങനെയുള്ള നടപടി ആരംഭിക്കുന്നതിനുള്ള അപേക്ഷ അംഗീകരിച്ച തീയതി മുതൽ നൂറ്റിയെൺപത് ദിവസത്തിനുള്ളിൽ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ പൂർത്തിയാക്കണം.*

(2) വായ്പാദാതാക്കളുടെ കമ്മിറ്റിയുടെ ഒരു മീറ്റിംഗിൽ മൊത്തം വോട്ടുകളുടെ 66 ശതമാനം വോട്ടിന് പാസാക്കിയ ഒരു പ്രമേയത്തിലൂടെ നിർദേശിക്കുകയാണെങ്കിൽ, 180 ദിവസത്തിന് അപ്പുറത്തേക്ക് കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയയുടെ കാലാവധി നീട്ടുന്നതിനായി അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് മുമ്പാകെ റെസല്യൂഷൻ പ്രൊഫഷണൽ ഒരു അപേക്ഷ ഫയൽ ചെയ്യണം.

(3) ഉപ-വകുപ്പ് (2) പ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചാൽ, 180 ദിവസത്തിനുള്ളിൽ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ പൂർത്തിയാക്കാൻ കഴിയില്ലെന്ന് കേസിന്റെ വിഷയം കണക്കിലെടുത്ത് അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് ബോധ്യമായാൽ, അത് ഒരു ഉത്തരവിലൂടെ അങ്ങനെയുള്ള നടപടിയുടെ കാലാവധി നൂറ്റിയെൺപത് ദിവസത്തിന് അപ്പുറത്തേക്ക് ഉചിതമെന്ന് കരുതുന്ന കൂടുതൽ കാലത്തേക്ക് നീട്ടിയേക്കാം, പക്ഷേ തൊണ്ണൂറ് ദിവസത്തിൽ കൂടുതൽ അധികമായി നൽകരുത്:

എന്നിരുന്നാലും, ഈ വകുപ്പ് പ്രകാരം കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയയുടെ കാലാവധി ഒരു തവണയിൽ കൂടുതൽ നീട്ടാൻ പാടില്ല:

എന്നിരിക്കെ, ഇൻസോൾവൻസി അഥവാ പാപ്പരത്തം ആരംഭിച്ച തീയതി മുതലുള്ള മുന്നൂറ്റിമുപ്പത് ദിവസത്തിനുള്ളിൽ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ

നിർബന്ധമായും പൂർത്തിയാക്കണം, ഈ വകുപ്പ് പ്രകാരം അനുവദിച്ച കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയയുടെ ഏതൊരു നീട്ടലും, കൂടാതെ കോർപ്പറേറ്റ് കടക്കാരന്റെ അങ്ങനെയുള്ള പാപ്പരത്ത പരിഹാരവുമായി ബന്ധപ്പെട്ട നിയമപരമായ നടപടികൾക്ക് എടുത്ത സമയവും ഉൾപ്പെടെയാണിത്.'

എന്നിരിക്കെ, ഒരു കോർപ്പറേറ്റ് കടക്കാരന്റെ പാപ്പരത്ത പരിഹാര പ്രക്രിയ തീർപ്പാക്കാതെ കിടക്കുകയും രണ്ടാമത്തെ വ്യവസ്ഥയിൽ പരാമർശിച്ചിട്ടുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള പരിഹാര പ്രക്രിയ 2019 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ് (ഭേദഗതി) നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുള്ളിൽ പൂർത്തിയാക്കണം.

12-എ. വകുപ്പ് 7, 9 അല്ലെങ്കിൽ 10 പ്രകാരം അംഗീകരിച്ച അപേക്ഷ പിൻവലിക്കൽ.- *വായ്പാദാതാക്കളുടെ കമ്മിറ്റിയിലെ തൊണ്ണൂറ് ശതമാനം വോട്ടുകളുടെ അംഗീകാരത്തോടെ അപേക്ഷകൻ നിർദിഷ്ട രീതിയിൽ അപേക്ഷ സമർപ്പിച്ചാൽ, വകുപ്പ് 7 അല്ലെങ്കിൽ വകുപ്പ് 9 അല്ലെങ്കിൽ വകുപ്പ് 10 പ്രകാരം അംഗീകരിച്ച അപേക്ഷയുടെ പിൻവലിക്കൽ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി അനുവദിച്ചേക്കാം.*

13. മൊറട്ടോറിയം പ്രഖ്യാപനവും പൊതു അറിയിപ്പും. — *(1) വകുപ്പ് 7 അല്ലെങ്കിൽ വകുപ്പ് 9 അല്ലെങ്കിൽ വകുപ്പ് 10 പ്രകാരമുള്ള അപേക്ഷ അംഗീകരിച്ച ശേഷം, അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി ഒരു ഉത്തരവിലൂടെ-*

(എ) വകുപ്പ് 14-ൽ പരാമർശിച്ചിട്ടുള്ള ഉദ്ദേശ്യങ്ങൾക്കായി ഒരു മൊറട്ടോറിയം പ്രഖ്യാപിക്കണം;

(ബി) കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ ആരംഭിക്കുന്നതിനെക്കുറിച്ച് ഒരു പൊതു അറിയിപ്പ് നൽകുകയും വകുപ്പ് 15 പ്രകാരം ക്ലെയിമുകൾ സമർപ്പിക്കുന്നതിനായി ആവശ്യപ്പെടുകയും വേണം;

(സി) വകുപ്പ് 16-ൽ പറഞ്ഞിട്ടുള്ള രീതിയിൽ ഒരു ഇടക്കാല റെസലൂഷൻ പ്രൊഫഷണലിനെ നിയമിക്കണം.

(2) ഉപ-വകുപ്പ് (1)-ലെ ഖണ്ഡം (ബി)-യിൽ പരാമർശിച്ചിട്ടുള്ള പൊതു അറിയിപ്പ് ഇടക്കാല റെസലൂഷൻ പ്രൊഫഷണലിന്റെ നിയമനത്തിന് ശേഷം ഉടനടി നൽകണം.

<u>14. മൊറട്ടോറിയം</u> — (1) ഉപ-വകുപ്പ് (2) കൂടാതെ (3) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഇൻസോൾവൻസി (പാപ്പരത്തം) ആരംഭിക്കുന്ന തീയതിയിൽ, അഡ് ജൂഡിക്കേറ്റിംഗ് അതോറിറ്റി ഒരു ഉത്തരവിലൂടെ ഇനി പറയുന്നവയെല്ലാം നിരോധിക്കുന്നതിനായി മൊറട്ടോറിയം പ്രഖ്യാപിക്കണം, അതായത്-

(എ) കോർപ്പറേറ്റ് കടക്കാരനെതിരെ ഏതെങ്കിലും കോടതിയിലോ, ട്രൈബ്യൂണലിലോ, ആർബിട്രേഷൻ പാനലിലോ അല്ലെങ്കിൽ മറ്റ് അധികാരികളിലോ വിധി, ഡിക്രി അല്ലെങ്കിൽ ഉത്തരവിന്റെ നടപ്പിലാക്കലിന് ഉൾപ്പെടെയുള്ള വ്യവഹാരങ്ങൾ ആരംഭിക്കുന്നതും തീർപ്പാക്കാതെ കിടക്കുന്ന വ്യവഹാരങ്ങൾ തുടരുന്നതോ;

(ബി) കോർപ്പറേറ്റ് കടക്കാരൻ അതിന്റെ ഏതെങ്കിലും ആസ്തികളോ ഏതെങ്കിലും നിയമപരമായ അവകാശമോ അല്ലെങ്കിൽ അതിലുള്ള പ്രയോജനപരമായ വിഹിതമോ കൈമാറ്റം ചെയ്യുകയോ, ബാധ്യതപ്പെടുത്തുകയോ, വിട്ടുകൊടുക്കുകയോ വിനിയോഗിക്കുകയോ ചെയ്യുന്നത്;

(സി) സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002 (2002 ലെ 54) പ്രകാരമുള്ള ഏതെങ്കിലും നടപടി ഉൾപ്പെടെ, തങ്ങളുടെ സ്വത്തുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ ഏതെങ്കിലും സെക്യൂരിറ്റി ഇന്ററസ്റ്റ് മുൻകൂട്ടി അടയ്ക്കുകയോ വീണ്ടെടുക്കുകയോ അല്ലെങ്കിൽ നടപ്പിലാക്കുകയോ ചെയ്യുന്നതിനുള്ള കോർപ്പറേറ്റ് കടക്കാരന്റെ ഏതെങ്കിലും നടപടി.

(ഡി) കോർപ്പറേറ്റ് കടക്കാരൻ കൈവശം വച്ചിരിക്കുകയോ അല്ലെങ്കിൽ ഉപയോഗിക്കുകയോ ചെയ്യുന്ന ഏതെങ്കിലും സ്വത്ത് അത്തരം സ്വത്തിന്റെ ഉടമയോ പാട്ടക്കാരനോ വീണ്ടെടുക്കുന്നത്.

വിശദീകരണം.— നിലവിൽ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, പ്രാദേശിക അധികാരി, സെക്ടറൽ റെഗുലേറ്റർ അല്ലെങ്കിൽ നിലവിൽ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം രൂപീകരിച്ച മറ്റേതെങ്കിലും അധികൃതർ എന്നിവർ നൽകിയ ലൈസൻസ്, പെർമിറ്റ്, രജിസ്ട്രേഷൻ, കാട്ട, കൺസെഷൻ, ക്ലിയറൻസ് അല്ലെങ്കിൽ സമാനമായ ഒരു ഗ്രാന്റ് അല്ലെങ്കിൽ അവകാശം എന്നിവ ഇൻസോൾവൻസി കാരണങ്ങളാൽ സസ്പെൻഡ് ചെയ്യുകയോ അവസാനിപ്പിക്കുകയോ ചെയ്യില്ല എന്ന് ഇതിനാൽ വ്യക്തമാക്കുന്നു.

മൊറട്ടോറിയം കാലയളവിൽ അങ്ങനെയുള്ള ലൈസൻസ്, പെർമിറ്റ്, രജിസ്ട്രേഷൻ, കോട്ട, കൺസെഷൻ, ക്ലിയറൻസ് അല്ലെങ്കിൽ സമാനമായ ഗ്രാന്റ് അല്ലെങ്കിൽ അവകാശം ഉപയോഗിക്കുന്നതിനോ തുടരുന്നതിനോ അടക്കേണ്ട നിലവിലെ കുടിശ്ശിക പേയ്മെന്റിൽ വീഴ്ച വരുത്തിയിട്ടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് ഇത്]

(2) കോർപ്പറേറ്റ് കടക്കാരന് അത്യാവശ്യമുള്ളതായി വ്യക്തമാക്കിയേക്കാവുന്ന സാധനങ്ങളോ സേവനങ്ങളോ നൽകുന്നത് മൊറട്ടോറിയം കാലയളവിൽ അവസാനിപ്പിക്കുകയോ സസ്പെൻഡ് ചെയ്യുകയോ തടസ്സപ്പെടുത്തുകയോ ചെയ്യരുത്.

(2-എ) കോർപ്പറേറ്റ് കടക്കാരന്റെ മൂല്യം സംരക്ഷിക്കാനും നിലനിർത്താനും പ്രവർത്തിക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ അങ്ങനെയുള്ള കോർപ്പറേറ്റ് കടക്കാരന്റെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനും സാധനങ്ങളുടെയോ സേവനങ്ങളുടെയോ വിതരണം നിർണായകമാണെന്ന് ഇടക്കാല റെസല്യൂഷൻ പ്രൊഫഷണലോ റെസല്യൂഷൻ പ്രൊഫഷണലോ കരുതുന്നുവെങ്കിൽ, അത്തരം കോർപ്പറേറ്റ് കടക്കാരൻ മൊറട്ടോറിയം കാലയളവിൽ അത്തരം വിതരണത്തിൽ നിന്ന് ഉണ്ടാകുന്ന കുടിശ്ശിക അടച്ചിട്ടില്ലെങ്കിലോ അല്ലെങ്കിൽ നിർദ്ദേശിക്കപ്പെട്ട സാഹചര്യങ്ങളിലോ അല്ലാതെ, മൊറട്ടോറിയം കാലയളവിൽ അങ്ങനെയുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ വിതരണം അവസാനിപ്പിക്കുകയോ സസ്പെൻഡ് ചെയ്യുകയോ തടസ്സപ്പെടുത്തുകയോ ചെയ്യരുത്.

(3) ഉപ-വകുപ്പ് (1)-ലെ വ്യവസ്ഥകൾ ഇനി പറയുന്നവയ്ക്ക് ബാധകമല്ല-

(എ) ധനകാര്യ മേഖലയിലെ ഏതെങ്കിലും റെഗുലേറ്ററുമായി അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരിയുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന ഇടപാടുകൾ, കരാറുകൾ അല്ലെങ്കിൽ മറ്റ് ക്രമീകരണങ്ങൾ;]

(ബി) ഒരു ഗ്യാരണ്ടി കരാറിലെ കോർപ്പറേറ്റ് കടക്കാരന്റെ ജാമ്യക്കാരന്.]

(4) മൊറട്ടോറിയം ഉത്തരവിന് അത്തരം ഉത്തരവിന്റെ തീയതി മുതൽ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ പൂർത്തിയാകുന്നത് വരെ പ്രാബല്യമുണ്ടാകും:

എന്നിരിക്കെ, കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയയുടെ കാലയളവിൽ എപ്പോഴാണെങ്കിലും, അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി വകുപ്പ് 31-ലെ ഉപ-വകുപ്പ് (1) പ്രകാരം റെസല്യൂഷൻ പ്ലാൻ അംഗീകരിക്കുകയോ അല്ലെങ്കിൽ വകുപ്പ് 33 പ്രകാരം കോർപ്പറേറ്റ് കടക്കാരന്റെ പിരിച്ചുവിടലിനായി ഒരു ഉത്തരവ് പാസാക്കുകയോ ചെയ്താൽ, , അങ്ങനെയുള്ള അംഗീകാരത്തിന്റെ അല്ലെങ്കിൽ ലിക്വിഡേഷൻ ഉത്തരവിന്റെ തീയതി മുതൽ മൊറട്ടോറിയത്തിന് പ്രാബല്യമില്ലാതാകും.

15. കോർപ്പറേറ്റ് ഇൻസോൾവൻസി റെസലൂഷൻ പ്രോസസ്സിന്റെ പൊതു അറിയിപ്പ് *— (1) വകുപ്പ് 13-ൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരമുള്ള കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയയുടെ പൊതു അറിയിപ്പിൽ ഇനി പറയുന്ന വിവരങ്ങൾ അടങ്ങിയിരിക്കണം, അതായത്:-*

(എ) കോർപ്പറേറ്റ് പാപ്പരത്ത പരിഹാക പ്രക്രിയയിലുള്ള കോർപ്പറേറ്റ് കടക്കാരന്റെ പേരും വിലാസവും;

(ബി) കോർപ്പറേറ്റ് കടക്കാരനെ സ്ഥാപിക്കുകയോ രജിസ്റ്റർ ചെയ്യുകയോ ചെയ്ത അതോറിറ്റിയുടെ പേര്;

(സി) ക്ലെയിമുകൾ സമർപ്പിക്കുന്നതിനായി വ്യക്തമാക്കാവുന്ന അവസാന തീയതി;

(ഡി) കോർപ്പറേറ്റ് കടക്കാരന്റെ മാനേജ്മെന്റ് ചുമതലയുള്ളതും ക്ലെയിമുകൾ സ്വീകരിക്കുന്നതിന് ഉത്തരവാദിത്തമുള്ളതുമായ ഇടക്കാല റെസലൂഷൻ പ്രൊഫഷണലിന്റെ വിശദാംശങ്ങൾ;

(ഇ) തെറ്റായതോ തെറ്റിദ്ധാരണാജനകമായതോ ആയ ക്ലെയിമുകൾക്കുള്ള പിഴകൾ; കൂടാതെ

(എഫ്) കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ അവസാനിക്കുന്ന തീയതി. വകുപ്പ് 7, 9 അല്ലെങ്കിൽ വകുപ്പ് 10 പ്രകാരമുള്ള അപേക്ഷ അംഗീകരിച്ച തീയതി മുതലുള്ള നൂറ്റിയെൺപതാമത്തെ ദിവസമാകണം ഇത്.

(2) ഈ വകുപ്പ് പ്രകാരമുള്ള പൊതു അറിയിപ്പ് നിർദ്ദേശിക്കപ്പെട്ട രീതിയിൽ നൽകണം.

16. ഇടക്കാല റെസലൂഷൻ പ്രൊഫഷണലിന്റെ നിയമനവും കാലാവധിയും— *(1) അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി ഇൻസോൾവൻസി ആരംഭിക്കുന്ന തീയതിയിൽ ഒരു ഇടക്കാല റെസലൂഷൻ പ്രൊഫഷണലിനെ നിയമിക്കണം.*

(2) ഒരു സാമ്പത്തിക വായ്പാദാതാവോ അല്ലെങ്കിൽ കോർപ്പറേറ്റ് കടക്കാരനോ ആണ് കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയക്കുള്ള അപേക്ഷ നൽകുന്നതെങ്കിൽ, യഥാക്രമം വകുപ്പ് 7 അല്ലെങ്കിൽ വകുപ്പ് 10 പ്രകാരം അവർ സമർപ്പിച്ച അപേക്ഷയിൽ നിർദ്ദേശിച്ച റെസലൂഷൻ പ്രൊഫഷണലിനെ, അദ്ദേഹത്തിനെതിരേ അച്ചടക്ക നടപടികൾ നിലനിൽക്കുന്നില്ലെങ്കിൽ, ഇടക്കാല റെസലൂഷൻ പ്രൊഫഷണലായി നിയമിക്കും.

(3) ഒരു പ്രവർത്തന വായ്പാദാതാവ് കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയക്കായി അപേക്ഷ നൽകുമ്പോൾ –

(എ) ഒരു ഇടക്കാല റെസലൂഷൻ പ്രൊഫഷണലിനായി ഒരു നിർദ്ദേശവും നൽകിയിട്ടില്ലെങ്കിൽ, ഇടക്കാല റെസലൂഷൻ പ്രൊഫഷണലായി പ്രവർത്തിക്കുന്ന ഒരു ഇൻസോൾവൻസി പ്രൊഫഷണലിനെ ശുപാർശ ചെയ്യുന്നതിനായി അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി ബോർഡിന് ഒരു റെഫറൻസ് നൽകണം;

(ബി) വകുപ്പ് 9-ലെ ഉപ-വകുപ്പ് (4) പ്രകാരം ഒരു ഇടക്കാല റെസലൂഷൻ പ്രൊഫഷണലിനെ നിർദ്ദേശിട്ടുണ്ടെങ്കിൽ, അത്തരത്തിൽ നിർദ്ദേശിച്ച റെസലൂഷൻ പ്രൊഫഷണലിനെതിരെ അച്ചടക്ക നടപടികൾ നിലനിൽക്കുന്നില്ലെങ്കിൽ, അദ്ദേഹത്തെ ഇടക്കാല റെസലൂഷൻ പ്രൊഫഷണലായി നിയമിക്കണം.

(4) ഉപ-വകുപ്പ് (3) പ്രകാരം അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിയിൽ നിന്ന് ഒരു റെഫറൻസ് ലഭിച്ച് പത്ത് ദിവസത്തിനുള്ളിൽ, അച്ചടക്ക നടപടികൾ നിലനിൽക്കാത്ത ഒരു ഇൻസോൾവൻസി പ്രൊഫഷണലിന്റെ പേര് അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് ബോർഡ് ശുപാർശ ചെയ്യണം.

(5) ഇടക്കാല റെസലൂഷൻ പ്രൊഫഷണലിന്റെ കാലാവധി വകുപ്പ് 22 പ്രകാരം റെസലൂഷൻ പ്രൊഫഷണലിനെ നിയമിക്കുന്ന തീയതി വരെ തുടരും.

17. ഇടക്കാല റെസലൂഷൻ പ്രൊഫഷണൽ കോർപ്പറേറ്റ് കടക്കാരന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യൽ. *—(1) ഇടക്കാല റെസലൂഷൻ പ്രൊഫഷണലിനെ നിയമിച്ച തീയതി മുതൽ,-*

(എ) കോർപ്പറേറ്റ് കടക്കാരന്റെ കാര്യങ്ങളുടെ മാനേജ്മെന്റ് ഇടക്കാല റെസലൂഷൻ പ്രൊഫഷണലിൽ നിക്ഷിപ്തമായിരിക്കും;

(ബി) സാഹചര്യമനുസരിച്ച്, കോർപ്പറേറ്റ് കടക്കാരന്റെ ഡയറക്ടർ ബോർഡിന്റെയോ പങ്കാളികളുടെയോ അധികാരങ്ങൾ സസ്പെൻഡ് ചെയ്യപ്പെടുകയും ഇടക്കാല റെസലൂഷൻ പ്രൊഫഷണൽ അത് വിനിയോഗിക്കുകയും ചെയ്യും;

(സി) കോർപ്പറേറ്റ് കടക്കാരന്റെ ഓഫീസർമാരും മാനേജർമാരും ഇടക്കാല റെസലൂഷൻ പ്രൊഫഷണലിന് റിപ്പോർട്ട് ചെയ്യുകയും ഇടക്കാല റെസലൂഷൻ

പ്രൊഫഷണലിന് ആവശ്യമായ കോർപ്പറേറ്റ് കടക്കാരന്റെ രേഖകളിലേക്കും പ്രമാണളിലേക്കും പ്രവേശനം നൽകുകയും ചെയ്യും;

(ഡി) കോർപ്പറേറ്റ് കടക്കാരന്റെ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്ന സാമ്പത്തിക സ്ഥാപനങ്ങൾ അങ്ങനെയുള്ള അക്കൗണ്ടുകളുമായി ബന്ധപ്പെട്ട് ഇടക്കാല റെസലൂഷൻ പ്രൊഫഷണലിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയും കോർപ്പറേറ്റ് കടക്കാരനുമായി ബന്ധപ്പെട്ട് അവരുടെ പക്കലുള്ള എല്ലാ വിവരങ്ങളും ഇടക്കാല റെസലൂഷൻ പ്രൊഫഷണലിന് നൽകുകയും ചെയ്യും.

18. ഇടക്കാല റെസലൂഷൻ പ്രൊഫഷണലിന്റെ കടമകൾ *— (1) ഇടക്കാല റെസലൂഷൻ പ്രൊഫഷണൽ ഇനി പറയുന്ന കടമകൾ നിർവഹിക്കണം, അതായത്–*

(എ) കോർപ്പറേറ്റ് കടക്കാരന്റെ സാമ്പത്തിക നില നിർണ്ണയിക്കുന്നതിനായി അതിന്റെ ആസ്തികൾ, സാമ്പത്തിക കാര്യങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ശേഖരിക്കുക, ഇനി പറയുന്നവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടണം–

(i) മുൻ രണ്ട് വർഷങ്ങളിലെ ബിസിനസ്സ് പ്രവർത്തനങ്ങൾ;

(ii) മുൻ രണ്ട് വർഷങ്ങളിലെ സാമ്പത്തിക, പ്രവർത്തന പേയ്മെന്റുകൾ;

(iii) ആരംഭിക്കുന്ന തീയതിയിലെ ആസ്തികളുടെയും ബാധ്യതകളുടെയും പട്ടിക; കൂടാതെ

(iv) വ്യക്തമാക്കിയേക്കാവുന്ന മറ്റ് കാര്യങ്ങൾ;

(ബി) വകുപ്പ് 13, 15 എന്നിവ പ്രകാരം നൽകിയ പൊതു അറിയിപ്പിന് ശേഷം, വായ്പാദാതാക്കൾ അദ്ദേഹത്തിന് സമർപ്പിച്ച എല്ലാ ക്ലെയിമുകളും സ്വീകരിക്കുകയും ക്രമീകരിക്കുകയും ചെയ്യുക;

(സി) വായ്പാദാതാക്കളുടെ ഒരു കമ്മിറ്റി രൂപീകരിക്കുക;

(ഡി) വായ്പാദാതാക്കളുടെ കമ്മിറ്റി ഒരു റെസലൂഷൻ പ്രൊഫഷണലിനെ നിയമിക്കുന്നത് വരെ കോർപ്പറേറ്റ് കടക്കാരന്റെ ആസ്തികൾ നിരീക്ഷിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യുക;

(ഇ) ആവശ്യമെങ്കിൽ, ശേഖരിച്ച വിവരങ്ങൾ ഇൻഫർമേഷൻ യൂട്ടിലിറ്റിയിൽ ഫയൽ ചെയ്യുക; കൂടാതെ

(എഫ്) കോർപ്പറേറ്റ് കടക്കാരന്റെ ബാലൻസ് ഷീറ്റിലോലോ ഇൻഫർമേഷൻഇൻ ഫർമേഷൻ യൂട്ടിലിറ്റിയിലോ സെക്യൂരിറ്റികളുടെ ഡെപ്പോസിറ്ററിയിലോ ആസ്തികളുടെ ഉടമസ്ഥാവകാശം രേഖപ്പെടുത്തുന്ന മറ്റേതെങ്കിലും രജിസ്ട്രിയിലോ രേഖപ്പെടുത്തിയിട്ടുള്ള, കോർപ്പറേറ്റ് കടക്കാരന് ഉടമസ്ഥാവകാശമുള്ള ഏതെങ്കിലും ആസ്തിയുടെ നിയന്ത്രണവും കസ്റ്റഡിയും ഏറ്റെടുക്കുക രേഖപ്പെടുത്തിയിട്ടുള്ള, കോർപ്പറേറ്റ് കടക്കാരന് ഉടമസ്ഥാവകാശമുള്ള ഏതെങ്കിലും ആസ്തിയുടെ നിയന്ത്രണവും കസ്റ്റഡിയും ഏറ്റെടുക്കുക, അതിൽ ഇനി പറയുന്നവ ഉൾപ്പെടുന്നും-

(i) ഒരു വിദേശ രാജ്യത്ത് സ്ഥിതി ചെയ്യുന്ന,, കോർപ്പറേറ്റ് കടക്കാരന് ഉടമസ്ഥാവകാശമുള്ള ആസ്തികൾ;

(ii) കോർപ്പറേറ്റ് കടക്കാരന്റെ കൈവശത്തിലുള്ളത്തതോ അല്ലാത്തതോ ആയ ആസ്തികൾ;

(iii) ജംഗമമോ സ്ഥാവരമോ ആയ സ്പർശിക്കാവുന്ന ആസ്തികൾ;

(iv) ബൗദ്ധിക സ്വത്ത് ഉൾപ്പെടെയുള്ള സ്പർശിക്കാനാവാത്ത ആസ്തികൾ;

(v) കോർപ്പറേറ്റ് കടക്കാരന്റെ ഏതെങ്കിലും ഉപകമ്പനിഉപ- കമ്പനിയിൽ കൈവശം വെക്കുന്ന ഓഹരികൾ, സാമ്പത്തിക ഉപകരണങ്ങൾ, ഇൻഷുറൻസ് പോളിസികൾ എന്നിവ ഉൾപ്പെടെയുള്ള സെക്യൂരിറ്റികൾ;

(vi) ഒരു കോടതിയോ അതോറിറ്റിയോ ഉടമസ്ഥാവകാശം നിർണ്ണയിക്കുന്നതിന് വിധേയമായ ആസ്തികൾ;

(ജി) ബോർഡ് നിർദ്ദേശിച്ചേക്കാവുന്ന അത്തരം മറ്റ് കടമകൾ നിർവഹിക്കുക.

വിശദീകരണം — ഈ വകുപ്പിന്റെപ്പിന്റെ ഉദ്ദേശ്യങ്ങൾക്കായി, "ആസ്തികൾ" എന്ന പദത്തിൽ ഇനി പറയുന്നവ ഉൾപ്പെടുന്നില്ല, അതായത്-

(എ) ബെയ്ൽമെന്റ് ഉൾപ്പെടെയുള്ള കരാറിനു കീഴിലോ വിശ്വസ്യതയുടെ അടിസ്ഥാനത്തിലോ റുകൾക്കു കീഴിലോ വിശ്വാസ്യതയുടെ അടിസ്ഥാനത്തിലോ ഉള്ള ക്രമീകരണങ്ങൾ പ്രകാരം കോർപ്പറേറ്റ് കടക്കാരന്റെ കൈവശമുള്ളതും ഒരു മൂന്നാം കക്ഷിക്ക് ഉടമസ്ഥാവകാശമുള്ളതുമായ ആസ്തികൾ;

(ബി) കോർപ്പറേറ്റ് കടക്കാരന്റെ ഇന്ത്യയിലെയോ വിദേശത്തെയോ ഉപകമ്പനികളുടെഇന്ത്യയിലോ വിദേശത്തോ ഉള്ള ഏതെങ്കിലും ഉപ-കമ്പനിയുടെ ആസ്തികൾ; കൂടാതെ

(സി) ധനകാര്യ മേഖലയിലെ ധനകാര്യ റെഗുലേറ്ററുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന മറ്റ് ആസ്തികൾ.

20. കോർപ്പറേറ്റ് കടക്കാരന്റെ പ്രവർത്തനങ്ങൾ, പ്രവർത്തിക്കുന്ന ഒരുക്കുന്ന സ്ഥാപനമെന്ന നിലയിൽ കൈകാര്യം ചെയ്യൽ *—(1) കോർപ്പറേറ്റ് കടക്കാരന്റെ സ്വത്തിന്റെ മൂല്യം സംരക്ഷിക്കാനും നിലനിർത്താനും ഒരു പ്രവർത്തന സ്ഥാപനമെന്ന നിലയിൽ കോർപ്പറേറ്റ് കടക്കാരന്റെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനും ഇടക്കാല റെസല്യൂഷൻ പ്രൊഫഷണൽ എല്ലാ ശ്രമങ്ങളും നടത്തണം.*

21. വായ്പാദാതാക്കളുടെവായ്പാദാതാക്കളുടെ കമ്മിറ്റി.— *(1) കോർപ്പറേറ്റ് കടക്കാരനെതിരെ ലഭിച്ച എല്ലാ ക്ലെയിമുകളും ക്രമീകരിക്കുകയുംക്കുകയും കോർപ്പറേറ്റ് കടക്കാരന്റെ സാമ്പത്തിക നില നിർണ്ണയിക്കുകയും ചെയ്ത ശേഷം ഇടക്കാല റെസല്യൂഷൻ പ്രൊഫഷണൽക്കുകയും ചെയ്ത ശേഷം,വായ്പാദാതാക്കളുടെവായ്പാദാതാക്കളുടെ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്യണം.*

(2) വായ്പാദാതാക്കളുടെവായ്പാദാതാക്കളുടെ കമ്മിറ്റിയിൽ കോർപ്പറേറ്റ് കടക്കാരന്റെ എല്ലാ സാമ്പത്തിക വായ്പാദാതാക്കളുംവായ്പാദാതാക്കളും ഉൾപ്പെടും:

എന്നിരിക്കെരിക്കെ, ഇൻസോൾവൻസി ആരംഭിക്കുന്ന തീയതിക്ക് മുമ്പ് കടം ഓഹരികളിലേക്കോ അല്ലെങ്കിൽ ഓഹരികളായി മാറ്റാവുന്ന ഉപകരണങ്ങളിലേക്കോ മാറ്റുകയോ പകരം വയ്ക്കുകയോ അല്ലെങ്കിൽ നിർദ്ദേശിക്കപ്പെട്ട അങ്ങനെയുള്ള ഇടപാടുകൾ പൂർത്തിയാക്കുകയോ ചെയ്യുന്നതുകൊണ്ട് മാത്രം കോർപ്പറേറ്റ് കടക്കാരന്റെ ഒരു ബന്ധപ്പെട്ട കക്ഷിയായി മാറിയതും ധനകാര്യ മേഖല റെഗുലേറ്റർ നിയന്ത്രിക്കുന്നതുമായ ഒരു സാമ്പത്തിക വായ്പാദാതാവിന് ആദ്യത്തെ വ്യവസ്ഥ ബാധകമല്ല:

എന്നിരിക്കെ, ധനകാര്യ മേഖലയിലെ ഒരു റെഗുലേറ്ററുടെ നിയന്ത്രണത്തിലുള്ള ഒരു സാമ്പത്തിക വായ്പാദാതാവിന് ആദ്യത്തെ വ്യവസ്ഥ ബാധകമല്ല. അത് ഇൻസോൾവൻസി ആരംഭിക്കുന്ന തീയതിക്ക് മുമ്പ് കടം ഓഹരി ഓഹരികളിലേക്കോ അല്ലെങ്കിൽ ഓഹരി ഓഹരികളായി മാറ്റാവുന്ന ഉപകരണങ്ങളിലേക്കോ മാറ്റുകയോ പകരം വയ്ക്കുകയോ അല്ലെങ്കിൽ നിർദ്ദേശിക്കപ്പെട്ട അങ്ങനെയുള്ള ഇടപാടുകൾ പൂർത്തിയാക്കുകയോ ചെയ്യുന്നതുകൊണ്ട് മാത്രം കോർപ്പറേറ്റ് കടക്കാരന്റെ ഒരു ബന്ധപ്പെട്ട കക്ഷിയാണെങ്കിൽ.

22. <u>റെസലൂഷൻ പ്രൊഫഷണലിന്റെ നിയമനം</u>.— (1) വായ്പാദാതാക്കളുടെവായ്പാദാതാക്കളുടെ കമ്മിറ്റി രൂപീകരിച്ച് ഏഴ് ദിവസത്തിനുള്ളിൽ കമ്മിറ്റിയുടെ ആദ്യ മീറ്റിംഗടത്തണം.

(2) വായ്പാദാതാക്കളുടെവായ്പാദാതാക്കളുടെ കമ്മിറ്റിക്ക്, ആദ്യ മീറ്റിംഗിൽ സാമ്പത്തിക വായ്പാദാതാക്കളുടെവായ്പാദാതാക്കളുടെ മൊത്തം വോട്ടിന്റെമൊത്തം വോട്ടിന്റെ അറുപത്തിയാറ് ശതമാനത്തിൽ കുറയാത്ത ഭൂരിപക്ഷ വോട്ട് വഴി, ഒന്നുകിൽ ഇടക്കാല റെസലൂഷൻ പ്രൊഫഷണലിനെ ഒരു റെസലൂഷൻ പ്രൊഫഷണലായി നിയമിക്കുന്നതിനോ അല്ലെങ്കിൽ ഇടക്കാല റെസലൂഷൻ പ്രൊഫഷണലിനെ മാറ്റി മാറ്റിമറ്റൊരു റെസലൂഷൻ പ്രൊഫഷണലിനെ നിയമിക്കുന്നതിനോലിനെ നിയമിക്കാന് തീരുമാനിക്കാം.

(3) വായ്പാദാതാക്കളുടെവായ്പാദാതാക്കളുടെ കമ്മിറ്റി ഉപ-വകുപ്പ് (2) പ്രകാരം തീരുമാനിക്കുന്നത്ക്കുന്നത്-

(എ) ഇടക്കാല റെസലൂഷൻ പ്രൊഫഷണൽനെ, നിർദ്ദിഷ്ട ഫോമിൽൽ അദ്ദേഹം നൽകുന്ന രേഖാമൂലം നൽകുന്ന സമ്മതത്തിന് വിധേയമായി, റെസലൂഷൻ പ്രൊഫഷണലായി തുടരണമെന്നാണെങ്കിൽ, പ്രസ്തുത തീരുമാനം അനുവദിക്കാനാണെങ്കിൽ, പ്രസ്തുത ഇടക്കാല റെസലൂഷൻ പ്രൊഫഷണലിനെയും, കോർപ്പറേറ്റ് കടക്കാരനെയും, അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിയെയും അറിയിക്കണം; അല്ലെങ്കിൽ

(ബി) ഇടക്കാല റെസലൂഷൻ പ്രൊഫഷണലിനെ മാറ്റുന്നതിനാണെങ്കിൽ, തങ്ങൾ നിർദ്ദേശിക്കുന്നക്കുന്ന റെസലൂഷൻ പ്രൊഫഷണലിന്റെ നിയമനത്തിനായി അഡ് ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് മുന്നിൽ ഒരു അപേക്ഷ ഫയൽ ചെയ്യണം. നിർദിഷ്ട റെസലൂഷൻ പ്രൊഫഷണൽ നിർദ്ദിഷ്ട ഫോമിൽ നൽകിയ രേഖാമൂലമുള്ള സമ്മതവും ഇതിനൊപ്പം നൽകണം. നിർദ്ദേശിക്കുന്ന റെസലൂഷൻ പ്രൊഫഷണൽ നിർദ്ദിഷ്ട ഫോമിൽ നൽകിയ രേഖാമൂലമുള്ള സമ്മതവും ഇതിനൊപ്പം നൽകണം.

(4) അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി, ഉപ-വകുപ്പ് (3)-ലെ ഖണ്ഡം (ബിബി) പ്രകാരം നിർദ്ദേശിച്ച റെസലൂഷൻ പ്രൊഫഷണലിന്റെ പേര് സ്ഥിരീകരണത്തിനായി ബോർഡിന് കൈമാറുകയും ബോർഡിന്റെ സ്ഥിരീകരണത്തിന് ശേഷം അങ്ങനെയുള്ള നിയമനം നടത്തുകയും ചെയ്യും.

(5) നിർദിഷ്ട റെസല്യൂഷൻ പ്രൊഫഷണലിന്റെ പേര് ലഭിച്ച ശേഷമുള്ള പത്ത് ദിവസത്തിനുള്ളിൽ ബോർഡ് അത് സ്ഥിരീകരിക്കുന്നില്ലെങ്കിൽ, നിർദ്ദേശിച്ച റെസല്യൂഷൻ പ്രൊഫഷണലിന്റെ നിയമനം ബോർഡ് സ്ഥിരീകരിക്കുന്നത് വരെ ഇടക്കാല റെസല്യൂഷൻ പ്രൊഫഷണലിനോട് റെസല്യൂഷൻ പ്രൊഫഷണലായി തുടർന്ന് പ്രവർത്തിക്കാൻ അഡ് ജൂഡിക്കേറ്റിംഗ് അതോറിറ്റി ഒരു ഉത്തരവിലൂടെ നിർദ്ദേശിക്കണം.

23. റെസല്യൂഷൻ പ്രൊഫഷണൽ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ നടത്തുക *—(1) വകുപ്പ് 27-ന് വിധേയമായി, റെസല്യൂഷൻ പ്രൊഫഷണൽ മുഴുവൻ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയയുംകോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയയും നടത്തുകയും കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയയുടെകോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയയുടെ കാലയളവിൽ കോർപ്പറേറ്റ് കടക്കാരന്റെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യും:*

എന്നിരിക്കെരിക്കെ, കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയയുടെ പാപ്പരത്ത പരിഹാര പ്രക്രിയ കാലയളവ് അവസാനിച്ചതിന് ശേഷവും, വകുപ്പ് 31-ലെ ഉപ-വകുപ്പ് (1) പ്രകാരം റെസല്യൂഷൻ പ്ലാൻ അംഗീകരിക്കുന്ന ഒരു ഉത്തരവോ അല്ലെങ്കിൽ വകുപ്പ് 34 പ്രകാരം ഒരു ലിക്വിഡേറ്ററെ നിയമിക്കുന്ന ഒരു ഉത്തരവോ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി പാസാക്കുന്നത് വരെ, റെസല്യൂഷൻ പ്രൊഫഷണൽ കോർപ്പറേറ്റ് കടക്കാരന്റെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് തുടരും.

(2) റെസല്യൂഷൻ പ്രൊഫഷണൽ ഈ അധ്യായത്തിന് കീഴിൽ ഇടക്കാല റെസല്യൂഷൻ പ്രൊഫഷണലിൽ നിക്ഷിപ്തമായതോ അദ്ദേഹത്തിന് നൽകിയിട്ടുള്ളതോ ആയ അധികാരങ്ങളും കടമകളും വിനിയോഗിക്കുകയും നിർവഹിക്കുകയും ചെയ്യും.

(3) വകുപ്പ് 22-ലെ ഉപ-വകുപ്പ് (4) പ്രകാരം ഒരു റെസല്യൂഷൻ പ്രൊഫഷണനെ നിയമിക്കുന്ന സാഹചര്യത്തിൽ ഇടക്കാല റെസല്യൂഷൻ പ്രൊഫഷണൽ തന്റെ കൈവശമുള്ളതോ അറിവിലുള്ളതോ ആയ, കോർപ്പറേറ്റ് കടക്കാരനെ സംബന്ധിച്ച വിവരങ്ങളും രേഖകളും പ്രമാണങ്ങളും റെസല്യൂഷൻ പ്രൊഫഷണലിന് കൈമാറണം. പ്രൊഫഷണൽ അദ്ദേഹത്തിന്റെ കൈവശത്തിലോ അറിവിലോ ഉള്ള, കോർപ്പറേറ്റ് കടക്കാരനെ സംബന്ധിച്ച വിവരങ്ങൾ, രേഖകൾ, പ്രമാണങ്ങൾ എന്നിവ റെസല്യൂഷൻ പ്രൊഫഷണലിന് കൈമാറണം.

25. റെസല്യൂഷൻ പ്രൊഫഷണലിന്റെ കടമകൾ. *—(1) കോർപ്പറേറ്റ് കടക്കാരന്റെ ബിസിനസ്സ് പ്രവർത്തനങ്ങൾ തുടരുക എന്നത് ഉൾപ്പെടെ, കോർപ്പറേറ്റ് കടക്കാരന്റെ*

ആസ്തികൾ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക എന്നത് റെസലൂഷൻ പ്രൊഫഷണലിന്റെ കടമയാണ്.

(2) ഉപ-വകുപ്പ് (1)ന്റെ ഉദ്ദേശ്യങ്ങൾക്കായി, റെസലൂഷൻ പ്രൊഫഷണൽ താഴെ പറയുന്ന കാര്യങ്ങൾ ഏറ്റെടുക്കണം, അതായത്:

(എ) കോർപ്പറേറ്റ് കടക്കാരന്റെ ബിസിനസ്സ് രേഖകൾ ഉൾപ്പെടെ അതിന്റെ എല്ലാ ആസ്തികളുടെയും ഉടനടിയുള്ള കസ്റ്റഡിയും നിയന്ത്രണവും ഏറ്റെടുക്കുക;

(ബി) മൂന്നാം കക്ഷികൾക്കു മുന്നിൽ കോർപ്പറേറ്റ് കടക്കാരന് വേണ്ടി പ്രാതിനിധ്യം വഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക, കൂടാതെ ജുഡീഷ്യൽ, അർധ-ജുഡീഷ്യൽ അല്ലെങ്കിൽ ആർബിട്രേഷൻ നടപടികളിൽ കോർപ്പറേറ്റ് കടക്കാരന്റെ നേട്ടത്തിനായി അവകാശങ്ങൾ വിനിയോഗിക്കുക;

(സി) വകുപ്പ് 28 പ്രകാരം വായ്പാദാതാക്കളുടെ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ഇടക്കാല ധനസഹായം സമാഹരിക്കുക;

25-എ. സാമ്പത്തിക വായ്പാദാതാക്കളുടെ അംഗീകൃത പ്രതിനിധിയുടെ അവകാശങ്ങളും കടമകളും. *—(1) വകുപ്പ് 21-ലെ ഉപ-വകുപ്പ് (6) അല്ലെങ്കിൽ ഉപ-വകുപ്പ് (6-എ) അല്ലെങ്കിൽ വകുപ്പ് 24-ലെ ഉപ-വകുപ്പ് (5) പ്രകാരമുള്ള അംഗീകൃത പ്രതിനിധിക്ക്, താൻ പ്രതിനിധീകരിക്കുന്ന സാമ്പത്തിക വായ്പാദാതാക്കൾക്ക് വേണ്ടി കമ്മിറ്റിയുടെ മീറ്റിംഗുകളിൽ പങ്കെടുക്കാനും അങ്ങനെയുള്ള വായ്പാദാതാക്കളിൽ നിന്ന് ഭൗതികമായോ ഇലക്ട്രോണിക് മാർഗ്ഗങ്ങളിലൂടെയോ വോട്ടിംഗിന് മുമ്പ് ലഭിച്ച നിർദ്ദേശങ്ങൾക്കനുസരിച്ച് വായ്പാദാതാക്കളുടെ വോട്ട് ചെയ്യാനും അവകാശമുണ്ട്.*

(2) വായ്പാദാതാക്കളുടെ കമ്മിറ്റിയുടെ മീറ്റിംഗിന്റെ അജണ്ടയും മിനിറ്റുകളും താൻ പ്രതിനിധീകരിക്കുന്ന സാമ്പത്തിക വായ്പാദാതാക്കൾക്ക് വിതരണം ചെയ്യുക എന്നത് അംഗീകൃത പ്രതിനിധിയുടെ കടമയാണ്.

(3) അംഗീകൃത പ്രതിനിധി താൻ പ്രതിനിധീകരിക്കുന്ന സാമ്പത്തിക വായ്പാദാതാക്കളുടെ താൽപ്പര്യത്തിന് വിരുദ്ധമായി പ്രവർത്തിക്കാൻ പാടില്ല, കൂടാതെ അവരുടെ മുൻ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് ഏതു സാഹചര്യത്തിലും പ്രവർത്തിക്കേണ്ടത്:

എന്നിരിക്കെ, അംഗീകൃത പ്രതിനിധി നിരവധി സാമ്പത്തിക വായ്പാദാതാക്കളെ പ്രതിനിധീകരിക്കുന്നുവെങ്കിൽ, ഓരോ സാമ്പത്തിക വായ്പാദാതാവിൽ നിന്നും ലഭിച്ച

നിർദ്ദേശങ്ങൾക്കനുസരിച്ച്, അവരുടെ വോട്ടിംഗ് ഓഹരിയുടെ തോതനുസരിച്ച്, ഓരോന്നിനും വേണ്ടി വോട്ട് രേഖപ്പെടുത്തണം.

എന്നിരിക്കെ, ഏതെങ്കിലും സാമ്പത്തിക വായ്പാദാതാവ് ഭൗതികമായോ ഇലക്ട്രോണിക് മാർഗ്ഗങ്ങളിലൂടെയോ മുൻകൂട്ടി നിർദ്ദേശം നൽകിയിട്ടില്ലെങ്കിൽ, അംഗീകൃത പ്രതിനിധി അങ്ങനെയുള്ള വായ്പാദാതാവിനു വേണ്ടി വോട്ട് ചെയ്യുന്നതിൽ നിന്ന് വിട്ടുനിൽക്കണം.

(3-എ) ഉപ-വകുപ്പ് (3)ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വകുപ്പ് 21-ലെ ഉപ-വകുപ്പ് (6-എ) പ്രകാരമുള്ള അംഗീകൃത പ്രതിനിധി, താൻ പ്രതിനിധീകരിക്കുന്ന എല്ലാ സാമ്പത്തിക വായ്പാദാതാക്കൾക്കും വേണ്ടിയുള്ള വോട്ട് നൽകേണ്ടത്, അത്തരം സാമ്പത്തിക വായ്പാദാതാക്കളുടെ മൊത്തം വോട്ടിന്റെ 50 ശതമാനത്തിൽ കൂടുതലുള്ള വോട്ടുകളിലൂടെ അവർ എടുത്ത തീരുമാനത്തിനനുസരിച്ചാകണം.

എന്നിരുന്നാലും, വകുപ്പ് 12-എ പ്രകാരമുള്ള ഒരു അപേക്ഷയുമായി ബന്ധപ്പെട്ട് വോട്ട് രേഖപ്പെടുത്തുന്നതിന്, അംഗീകൃത പ്രതിനിധി ഉപ-വകുപ്പ് (3)ലെ വ്യവസ്ഥകൾക്കനുസരിച്ച് വോട്ട് ചെയ്യണം.

(4) അംഗീകൃത പ്രതിനിധി, താൻ പ്രതിനിധീകരിക്കുന്ന സാമ്പത്തിക വായ്പാദാതാവിന്റെ ഉചിതമായ വോട്ടിംഗ് നിർദ്ദേശങ്ങൾ ഇടക്കാല റെസല്യൂഷൻ പ്രൊഫഷണലിനോ റെസല്യൂഷൻ പ്രൊഫഷണലിനോ മുമ്പാകെ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനായി, ഭൗതികമായോ ഇലക്ട്രോണിക് മാർഗ്ഗങ്ങളിലൂടെയോ ലഭിച്ച ഏതെങ്കിലും നിർദ്ദേശങ്ങൾ വായ്പാദാതാക്കളുടെ കമ്മിറ്റിയിൽ ഫയൽ ചെയ്യണം.

വിശദീകരണം.— ഈ വകുപ്പിന്റെ ഉദ്ദേശ്യങ്ങൾക്കായി, "ഇലക്ട്രോണിക് മാർഗ്ഗങ്ങൾ" എന്നാൽ വ്യക്തമായി പരാമർശിച്ചിട്ടുള്ളവയാകും.

27. വായ്പാദാതാക്കളുടെ കമ്മിറ്റി റെസല്യൂഷൻ പ്രൊഫഷണലിനെ മാറ്റൽ. *— (1) വകുപ്പ് 22 പ്രകാരം നിയമിക്കപ്പെട്ട ഒരു റെസല്യൂഷൻ പ്രൊഫഷണലിനെ മാറ്റണമെന്ന് വായ്പാദാതാക്കളുടെ കമ്മിറ്റിക്ക് അഭിപ്രായമുണ്ടെങ്കിൽ, കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയക്കിടെ എപ്പോൾ വേണമെങ്കിലുംഈ സെക്ഷനിൽ നൽകിയിട്ടുള്ള രീതിയിൽ മറ്റൊരു റെസല്യൂഷൻ പ്രൊഫഷണലിനെ ഉപയോഗിച്ച് അദ്ദേഹത്തെ മാറ്റാം.*

(2) വകുപ്പ് 22 പ്രകാരം നിയമിക്കപ്പെട്ട റെസല്യൂഷൻ പ്രൊഫഷണലിനെ മറ്റൊരു റെസല്യൂഷൻ പ്രൊഫഷണലിനെ ഉപയോഗിച്ച് മാറ്റുന്നതിനുള്ള പ്രമേയം വായ്പാദാതാക്കളുടെ

കമ്മിറ്റിയുടെ ഒരു മീറ്റിംഗിൽ മൊത്തം വോട്ടുകളുടെ അറുപത്തിയാറ് ശതമാനം വോട്ട് നേടിയാൽ പാസാക്കപ്പെട്ടും, പകരം നിർദ്ദേശിക്കുന്ന റെസലൂഷൻ പ്രൊഫഷണലിൽ നിന്ന് നിർദ്ദിഷ്ട ഫോമിൽ രേഖാമൂലം ലഭിക്കുന്ന സമ്മതത്തിന് വിധേയമായിട്ടാണ് ഇത്.

(3) വായ്പാദാതാക്കളുടെ കമ്മിറ്റി, അവർ നിർദ്ദേശിക്കുന്ന ഇൻസോൾവൻസി പ്രൊഫഷണലിന്റെ പേര് അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് കൈമാറണം.

(4) അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി, നിർദിഷ്ട റെസലൂഷൻ പ്രൊഫഷണലിന്റെ പേര് സ്ഥിരീകരണത്തിനായി ബോർഡിന് കൈമാറുകയും, വകുപ്പ് 16-ൽ പറഞ്ഞിട്ടുള്ള അതേ രീതിയിൽ ഒരു റെസലൂഷൻ പ്രൊഫഷണലിനെ നിയമിക്കുകയും ചെയ്യും.

(5) നിർദ്ദേശിച്ച റെസലൂഷൻ പ്രൊഫഷണലിനെതിരെ ഉപ-വകുപ്പ് (3) പ്രകാരം എന്തെങ്കിലും അച്ചടക്ക നടപടികൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെങ്കിൽ, ഈ വകുപ്പ് പ്രകാരം മറ്റൊരു റെസലൂഷൻ പ്രൊഫഷണലിനെ നിയമിക്കുന്നത് വരെ വകുപ്പ് 22 പ്രകാരം നിയമിക്കപ്പെട്ട റെസലൂഷൻ പ്രൊഫഷണൽ തുടരണം.

30. റെസലൂഷൻ പ്ലാൻ സമർപ്പിക്കൽ. *— (1) ഒരു റെസലൂഷൻ അപേക്ഷകന്, ഇൻഫർമേഷൻ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു റെസലൂഷൻ പ്ലാൻ വകുപ്പ് 29-എ പ്രകാരം താൻ യോഗ്യനാണെന്ന് വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലത്തോടൊപ്പം റെസലൂഷൻ പ്രൊഫഷണലിന് സമർപ്പിക്കാം.*

(2) റെസലൂഷൻ പ്രൊഫഷണൽ, തനിക്ക് ലഭിച്ച ഓരോ റെസലൂഷൻ പ്ലാനും പരിശോധിക്കുകയും ഓരോ റെസലൂഷൻ പ്ലാനും താഴെ പറയുന്ന തരത്തിലാണോ എന്ന് ഉറപ്പാക്കുകയും വേണം:

(എ) കോർപ്പറേറ്റ് കടക്കാരന്റെ മറ്റ് കടങ്ങൾ അടയ്ക്കുന്നതിന് മുൻഗണന നൽകിക്കൊണ്ട്, ബോർഡ് നിർദ്ദേശിക്കുന്ന രീതിയിൽ പാപ്പരത്ത പരിഹാര പ്രക്രിയയുടെ ചെലവുകൾ അടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(ബ്) ബോർഡ് നിർദ്ദേശിച്ചേക്കാവുന്ന രീതിയിൽ പ്രവർത്തന വായ്പാദാതാക്കളുടെ കടങ്ങൾ അടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ടോ, കൂടാതെ അവ താഴെപ്പറയുന്നതവയിൽ ഏതാണോ കൂടുതൽ അതിൽ താഴെയാകരുത്:

(i) വകുപ്പ് 53 പ്രകാരം കോർപ്പറേറ്റ് കടക്കാരന്റെ ലിക്വിഡേഷൻ അല്ലെങ്കിൽ പിരിച്ചുവിടൽ നടന്നാൽ അത്തരം വായ്പാദാതാക്കൾക്ക് അടയ്ക്കേണ്ട തുക; അല്ലെങ്കിൽ

(ii) റെസലൂഷൻ പ്ലാൻ പ്രകാരം വിതരണം ചെയ്യേണ്ട തുക, വകുപ്പ് 53-ലെ ഉപ-വകുപ്പ് (1)ലെ മുൻഗണനാ ക്രമത്തിനനുസരിച്ച് വിതരണം ചെയ്യേണ്ടതായിരുന്നുവെങ്കിൽ അത്തരം വായ്പാദാതാക്കൾക്ക് ലഭിക്കുമായിരുന്ന തുക,

കൂടാതെ റെസലൂഷൻ പ്ലാനിന് അനുകൂലമായി വോട്ട് ചെയ്യാത്ത സാമ്പത്തിക വായ്പാദാതാക്കളുടെ കടങ്ങൾ തിരിച്ചടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ടോ, അത് കോർപ്പറേറ്റ് കടക്കാരന്റെ ലിക്വിഡേഷൻ അല്ലെങ്കിൽ പിരിച്ചുവിടൽ നടന്നാൽ വകുപ്പ് 53-ലെ ഉപ-വകുപ്പ് (1) പ്രകാരം അങ്ങനെയുള്ള വായ്പാദാതാക്കൾക്ക് അടയ്ക്കേണ്ട തുകയിൽ കുറവായിരിക്കരുത്.

വിശദീകരണം 1.— ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള വിതരണം അങ്ങനെയുള്ള വായ്പാദാതാക്കൾക്ക് ന്യായവും നീതിയുക്തവുമായിരിക്കുമെന്ന് സംശയങ്ങൾ നീക്കുന്നതിനായി ഇതിനാൽ വ്യക്തമാക്കുന്നു.

വിശദീകരണം 2.— 2019 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ് (ഭേദഗതി) നിയമം പ്രാരംഭത്തിൽ വന്ന തീയതി മുതൽ, ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾ ഇനിപ്പറയുന്ന സാഹചര്യങ്ങളിലും ഒരു കോർപ്പറേറ്റ് കടക്കാരന്റെ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര നടപടിക്ക് ബാധകമാകുമെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു:-

(i) ഒരു റെസലൂഷൻ പ്ലാൻ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യാത്തപ്പോൾ;

(ii) വകുപ്പ് 61 അല്ലെങ്കിൽ വകുപ്പ് 62 പ്രകാരം ഒരു അപ്പീൽ ഫയൽ ചെയ്തിട്ടുള്ളപ്പോൾ, അല്ലെങ്കിൽ അത്തരം അപ്പീൽ നിലവിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം കാലഹരണപ്പെട്ടത് അല്ലാത്തതാണെങ്കിൽ; അല്ലെങ്കിൽ

(iii) ഒരു റെസലൂഷൻ പ്ലാനുമായി ബന്ധപ്പെട്ട അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിയുടെ തീരുമാനത്തിനെതിരെ ഏതെങ്കിലും കോടതിയിൽ ഒരു നിയമപരമായ നടപടി ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ;

(സി) റെസലൂഷൻ പ്ലാൻ അംഗീകരിച്ചതിന് ശേഷം കോർപ്പറേറ്റ് കടക്കാരന്റെ കാര്യങ്ങളുടെ മാനേജ്മെന്റിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) റെസലൂഷൻ പ്ലാനിന്റെ നടപ്പാക്കലിനും മേൽനോട്ടത്തിനും വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(ഇ) നിലവിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണോ;

(എഫ്) ബോർഡ് നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റ് ആവശ്യകതകൾക്ക് അനുസൃതമാണോ.

വിശദീകരണം.— ഖണ്ഡം (ഇ)-യുടെ ഉദ്ദേശ്യങ്ങൾക്കായി, റെസലൂഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് 2013 ലെ കമ്പനിസ് ആക്ട് (2013 ലെ 18) പ്രകാരമോ നിലവിൽ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ ഷെയർഹോൾഡർമാരുടെ ഏതെങ്കിലും അംഗീകാരം ആവശ്യമാണെങ്കിൽ, അങ്ങനെയുള്ള അംഗീകാരം നൽകിയതായി കണക്കാക്കും, കൂടാതെ അത് ആ ആക്ടിന്റെയോ നിയമത്തിന്റെയോ ലംഘനമായിരിക്കില്ല.

(3) ഉപ-വകുപ്പ് (2)ൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായ അങ്ങനെയുള്ള റെസലൂഷൻ പ്ലാനുകൾ റെസലൂഷൻ പ്രൊഫഷണൽ വായ്പാദാതാക്കളുടെ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കണം.

(4) വായ്പാദാതാക്കളുടെ കമ്മിറ്റിക്ക് റെസല്യൂഷൻ പ്ലാനിന്റെ സാധ്യതയും പ്രായോഗികതയും, വകുപ്പ് 53-ലെ ഉപ-വകുപ്പ് (1)ൽ പറഞ്ഞിട്ടുള്ളതു പ്രകാരം വായ്പാദാതാക്കൾക്കിടയിലുള്ള മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട വിതരണ രീതി, സുരക്ഷിത ക്രെഡിറ്ററുടെ സുരക്ഷാ താൽപ്പര്യത്തിന്റെ മുൻഗണനയും മൂല്യവും ഉൾപ്പെടെയുള്ള കാര്യങ്ങൾ, ബോർഡ് നിർദ്ദേശിക്കാവുന്ന അത്തരം മറ്റ് ആവശ്യകതകൾ എന്നിവയെല്ലാം പരിഗണിച്ച് സാമ്പത്തിക വായ്പാദാതാക്കളുടെ വോട്ടിംഗ് ഓഹരിയുടെ 66 ശതമാനത്തിൽ കുറയാത്ത വോട്ട് വഴി റെസലൂഷൻ പ്ലാൻ അംഗീകരിക്കാം,

എന്നിരിക്കെ, റെസലൂഷൻ അപേക്ഷകൻ വകുപ്പ് 29-എ പ്രകാരം അയോഗ്യനാണെങ്കിൽ 2017 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ് (ഭേദഗതി) ഓർഡിനൻസ് ആരംഭിക്കുന്നതിന് മുമ്പ് സമർപ്പിച്ച ഒരു റെസലൂഷൻ പ്ലാൻ വായ്പാദാതാക്കളുടെ കമ്മിറ്റി അംഗീകരിക്കാൻ പാടില്ല, കൂടാതെ മറ്റ് റെസലൂഷൻ പ്ലാൻ ലഭ്യമല്ലെങ്കിൽ ഒരു പുതിയ റെസലൂഷൻ പ്ലാൻ ക്ഷണിക്കാൻ റെസലൂഷൻ പ്രൊഫഷണലിനോട് ആവശ്യപ്പെടാം.

എന്നിരിക്കെ, ആദ്യത്തെ വ്യവസ്ഥയിൽ പരാമർശിച്ചിട്ടുള്ള റെസലൂഷൻ അപേക്ഷകൻ വകുപ്പ് 29 എ-യിലെ ഖണ്ഡം (സി) പ്രകാരം അയോഗ്യനാണെങ്കിൽ,

കുടിശ്ശിക കാലാവധി കഴിഞ്ഞ തുകകൾ അടയ്ക്കുന്നതിന് വകുപ്പ് 29 എ-യിലെ ഖണ്ഡം (സി)യിലെ വ്യവസ്ഥയ്ക്ക് അനുസൃതമായി, മുപ്പത് ദിവസത്തിൽ കൂടാത്ത കാലയളവ് വായ്പാദാതാക്കളുടെ കമ്മിറ്റി റെസലൂഷൻ അപേക്ഷകന് അനുവദിക്കണം.

കൂടാതെ, രണ്ടാമത്തെ വ്യവസ്ഥയിലെ ഒന്നിനെയും വകുപ്പ് 12-ലെ ഉപ-വകുപ്പ് (3)ലെ വ്യവസ്ഥയുടെ ഉദ്ദേശ്യങ്ങൾക്കായുള്ള കാലയളവിന്റെ നീട്ടലായി വ്യാഖ്യാനിക്കാൻ പാടില്ല, കൂടാതെ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ ആ ഉപ-വകുപ്പിൽ വ്യക്തമാക്കിയ കാലയളവിനുള്ളിൽ പൂർത്തിയാക്കണം.

കൂടാതെ, 2018 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ് (ഭേദഗതി) ഓർഡിനൻസ് (2018-ലെ 6-ാം ഓർഡിനൻസ്) വഴി ഭേദഗതി ചെയ്ത വകുപ്പ് 29-എയിലെ യോഗ്യതാ മാനദണ്ഡങ്ങൾ, 2018 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ് (ഭേദഗതി) ഓർഡിനൻസ് ആരംഭിച്ച തീയതിയിൽ റെസലൂഷൻ പ്ലാൻ സമർപ്പിച്ചിട്ടില്ലാത്ത റെസലൂഷൻ അപേക്ഷകന് ബാധകമാകും.

(5) റെസലൂഷൻ അപേക്ഷകന്റെ റെസലൂഷൻ പ്ലാൻ പരിഗണിക്കുന്ന വായ്പാദാതാക്കളുടെ കമ്മിറ്റിയുടെ മീറ്റിംഗിൽ റെസലൂഷൻ അപേക്ഷകന് പങ്കെടുക്കാം:

എന്നിരുന്നാലും, അത്തരം റെസലൂഷൻ അപേക്ഷകൻ ഒരു സാമ്പത്തിക ക്രെഡിറ്റർ അല്ലാത്തപക്ഷം, വായ്പാദാതാക്കളുടെ കമ്മിറ്റിയുടെ മീറ്റിംഗിൽ വോട്ട് ചെയ്യാൻ റെസലൂഷൻ അപേക്ഷകന് അവകാശമുണ്ടായിരിക്കില്ല.

(6) വായ്പാദാതാക്കളുടെ കമ്മിറ്റി അംഗീകരിച്ച റെസലൂഷൻ പ്ലാൻ റെസലൂഷൻ പ്രൊഫഷണൽ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് സമർപ്പിക്കണം.

31. റെസലൂഷൻ പ്ലാനിന്റെ അംഗീകാരം. *— (1) വകുപ്പ് 30-ലെ ഉപ-വകുപ്പ് (2)ൽ പരാമർശിച്ചിട്ടുള്ള ആവശ്യകതകൾ വായ്പാദാതാക്കളുടെ കമ്മിറ്റി വകുപ്പ് 30-ലെ ഉപ-വകുപ്പ് (4) പ്രകാരം അംഗീകരിച്ച റെസലൂഷൻ പ്ലാൻ പാലിക്കുന്നുണ്ടെന്ന് അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് ബോധ്യമായാൽ അത് ഒരു ഉത്തരവിലൂടെ റെസലൂഷൻ പ്ലാൻ അംഗീകരിക്കണം; അത് കോർപ്പറേറ്റ് കടക്കാരനും അതിന്റെ ജീവനക്കാർക്കും അംഗങ്ങൾക്കും വായ്പാദാതാക്കൾക്കും ബാധകമായതാണ്, അതിൽ കേന്ദ്ര സർക്കാർ, ഏതെങ്കിലും സംസ്ഥാന സർക്കാർ അല്ലെങ്കിൽ നിലവിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം അടയ്ക്കേണ്ട കുടിശ്ശികയുമായി ബന്ധപ്പെട്ട് പേമെന്റ് ലഭിക്കേണ്ട ഏതെങ്കിലും പ്രാദേശിക അധികാരി, അങ്ങനെയുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക ലഭിക്കാൻ അർഹതയുള്ള*

അധികാരികൾ, ജാമ്യക്കാർ, കൂടാതെ റെസലൂഷൻ പ്ലാനിൽ ഉൾപ്പെട്ട മറ്റ് ഓഹരി ഉടമകൾ എന്നിവർ ഇതിൽ ഉൾപ്പെടുന്നു:

എന്നിരുന്നാലും, ഈ ഉപ-വകുപ്പ് പ്രകാരം റെസലൂഷൻ പ്ലാൻ അംഗീകരിക്കുന്നതിനുള്ള ഒരു ഉത്തരവ് പാസാക്കുന്നതിന് മുമ്പ്, റെസലൂഷൻ പ്ലാനിന് അതിന്റെ ഫലപ്രദമായ നടപ്പാക്കലിനായി വ്യവസ്ഥകൾ ഉണ്ടെന്ന് അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി ഉറപ്പുവരുത്തണം.

(2) റെസലൂഷൻ പ്ലാൻ ഉപ-വകുപ്പ് (1)ൽ പരാമർശിച്ചിട്ടുള്ള ആവശ്യകതകൾക്ക് അനുസൃതമല്ലെന്ന് അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് ബോധ്യമായാൽ, അത് ഒരു ഉത്തരവിലൂടെ റെസലൂഷൻ പ്ലാൻ നിരസിച്ചേക്കാം.

(3) ഉപ-വകുപ്പ് (1) പ്രകാരമുള്ള അംഗീകാര ഉത്തരവിന് ശേഷം,-

(എ) വകുപ്പ് 14 പ്രകാരം അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി പാസാക്കിയ മൊറട്ടോറിയം ഉത്തരവ് പ്രാബല്യത്തിൽ ഇല്ലാതാകും; കൂടാതെ

(ബി) കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ, റെസലൂഷൻ പ്ലാൻ എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ രേഖകളും റെസലൂഷൻ പ്രൊഫഷണൽ ബോർഡിന് അതിന്റെ ഡാറ്റാബേസിൽ രേഖപ്പെടുത്തുന്നതിനായി കൈമാറണം.

(4) ഉപ-വകുപ്പ് (1) പ്രകാരം അംഗീകരിച്ച റെസലൂഷൻ പ്ലാൻ അനുസരിച്ച്, നിലവിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം ആവശ്യമായ അംഗീകാരം ഉപ-വകുപ്പ് (1) പ്രകാരം അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി റെസലൂഷൻ പ്ലാൻ അംഗീകരിച്ച തീയതി മുതലുള്ള ഒരു വർഷത്തിനുള്ളിൽ അല്ലെങ്കിൽ അങ്ങനെയുള്ള നിയമത്തിൽ നൽകിയിട്ടുള്ള അത്തരം കാലയളവിനുള്ളിൽ (ഇവയിൽ ഏതാണ് അവസാനം വരുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ), റെസലൂഷൻ അപേക്ഷകൻ നേടണം:

എന്നിരുന്നാലും, റെസലൂഷൻ പ്ലാനിൽ സംയോജനത്തിനായി ഒരു വ്യവസ്ഥ അടങ്ങിയിട്ടുണ്ടെങ്കിൽ, അത്തരം റെസലൂഷൻ പ്ലാൻ വായ്പാദാതാക്കളുടെ കമ്മിറ്റി അംഗീകരിക്കുന്നതിന് മുമ്പ്, 2002 ലെ കോമ്പറ്റീഷൻ ആക്ടിലെ (2003 ലെ 12) വകുപ്പ് 5-ൽ പരാമർശിച്ചിട്ടുള്ളത് പോലെ റെസലൂഷൻ അപേക്ഷകൻ ആ ആക്ട് പ്രകാരം കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടണം.

33. ലിക്വിഡേഷന്റെ തുടക്കം. *—(1) അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക്,—*

(എ) പാപ്പരത്ത പരിഹാര പ്രക്രിയയുടെ കാലയളവ് അല്ലെങ്കിൽ വകുപ്പ് 12 പ്രകാരം കോർപ്പറേറ്റ് പരിഹാര പ്രക്രിയ പൂർത്തിയാക്കാൻ അനുവദിച്ച പരമാവധി കാലയളവ് അല്ലെങ്കിൽ വകുപ്പ് 56 പ്രകാരം ഫാസ്റ്റ് ട്രാക്ക് കോർപ്പറേറ്റ് പരിഹാര പ്രക്രിയയുടെ കാലയളവ് (ഇവയിൽ ഏതാണോ ബാധകമായത് അത്) അവസാനിക്കുന്നതിന് മുമ്പ്, വകുപ്പ് 30-ലെ ഉപ-വകുപ്പ് (6) പ്രകാരം ഒരു റെസലൂഷൻ പ്ലാൻ ലഭിക്കുന്നില്ലെങ്കിൽ; അല്ലെങ്കിൽ

(ബി) വകുപ്പ് 31 പ്രകാരം, അതിൽ വ്യക്തമാക്കിയ ആവശ്യകതകൾ പാലിക്കാത്തതിനാൽ ഒരു റെസലൂഷൻ പ്ലാൻ നിരസിച്ചാൽ,

ഇനിപ്പറയുന്നവ ചെയ്യണം-

(i) ഈ അധ്യായത്തിൽ പറഞ്ഞിട്ടുള്ള രീതിയിൽ കോർപ്പറേറ്റ് കടക്കാരനെ ലിക്വിഡേറ്റ് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് ഒരു ഉത്തരവ് പാസാക്കണം:

(ii) കോർപ്പറേറ്റ് കടക്കാരൻ ലിക്വിഡേഷനിലാണെന്ന് പ്രസ്താവിച്ചുകൊണ്ട് ഒരു പൊതു അറിയിപ്പ് നൽകണം; കൂടാതെ

(iii) അങ്ങനെയുള്ള ഉത്തരവ് കോർപ്പറേറ്റ് കടക്കാരൻ രജിസ്റ്റർ ചെയ്ത അതോറിറ്റിക്ക് അയയ്ക്കാൻ ആവശ്യപ്പെടണം.

(2) കോർപ്പറേറ്റ് കടക്കാരനെ ലിക്വിഡേറ്റ് ചെയ്യാനുള്ള തീരുമാനം വായ്പാദാതാക്കളുടെ കമ്മിറ്റിയുടെ മൊത്തം വോട്ടുകളുടെ 66 ശതമാനത്തിൽ കുറയാത്ത ഭൂരിപക്ഷ വോട്ട് വഴി അംഗീകരിച്ചുവെന്ന്, റെസലൂഷൻ പ്ലാൻ സ്ഥിരീകരിക്കുന്നതിന് മുമ്പായി കോർപ്പറേറ്റ് കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയയുടെ ഏതു ഘട്ടത്തിലും റെസലൂഷൻ പ്രൊഫഷണൽ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിയെ അറിയിച്ചാൽ, അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി ഉപ-വകുപ്പ് (1)-ലെ ഖണ്ഡം (ബി)-യിലെ (i), (ii), (iii) ഉപ ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ലിക്വിഡേഷൻ ഉത്തരവ് പാസാക്കണം.

വിശദീകരണം..— വായ്പാദാതാക്കളുടെ കമ്മിറ്റിക്ക് വകുപ്പ് 21-ലെ ഉപ-വകുപ്പ് (1) പ്രകാരമുള്ള അതിന്റെ രൂപീകരണത്തിന് ശേഷം, ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കുന്നതിന് മുമ്പുള്ള ഏതു സമയവും ഉൾപ്പെടെ, റെസസലൂഷൻ പ്ലാൻ സ്ഥിരീകരിക്കുന്നതിന് മുമ്പുള്ള ഏതു സമയത്തും കോർപ്പറേറ്റ് കടക്കാരനെ ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള തീരുമാനമെടുക്കാമെന്ന് ഈ ഉപ-വകുപ്പിന്റെ ഉദ്ദേശ്യങ്ങൾക്കായി ഇതിനാൽ പ്രഖ്യാപിക്കുന്നു.

(3) അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി അംഗീകരിച്ച റെസലൂഷൻ പ്ലാൻ ബന്ധപ്പെട്ട കോർപ്പറേറ്റ് കടക്കാരൻ ലംഘിച്ചാൽ; അത്തരം ലംഘനം കാരണം തങ്ങളുടെ വിഹിതത്തിന് ദോഷം സംഭവിക്കുന്ന കോർപ്പറേറ്റ് കടക്കാരനല്ലാത്ത ഏതൊരു വ്യക്തിക്കും ഉപ-വകുപ്പ് (1)-ലെ ഖണ്ഡം (ബി)-യിലെ (i), (ii), (iii) ഉപ-ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഒരു ലിക്വിഡേഷൻ ഉത്തരവിനായി അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി മുമ്പാകെ ഒരു അപേക്ഷ നൽകാം.

(4) ഉപ-വകുപ്പ് (3) പ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചാൽ, കോർപ്പറേറ്റ് കടക്കാരൻ റെസലൂഷൻ പ്ലാനിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്ന് അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് ബോധ്യമായാൽ, അത് ഉപ-വകുപ്പ് (1)-ലെ ഖണ്ഡം (ബി)-യിലെ (i), (ii), (iii) ഉപ-ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഒരു ലിക്വിഡേഷൻ ഉത്തരവ് പാസാക്കണം.

(5) വകുപ്പ് 52-ന് വിധേയമായി, ഒരു ലിക്വിഡേഷൻ ഉത്തരവ് പാസാക്കിയാൽ, കോർപ്പറേറ്റ് കടക്കാരന് വേണ്ടിയോ അതിനെതിരെയോ ഒരു വ്യവഹാരമോ മറ്റ് നിയമപരമായ നടപടികളോ ആരംഭിക്കാൻ പാടില്ല:

എന്നിരുന്നാലും, ലിക്വിഡേറ്റർക്ക്, കോർപ്പറേറ്റ് കടക്കാരന് വേണ്ടി, അഡ് ജൂഡിക്കേറ്റിംഗ് അതോറിറ്റിയുടെ മുൻകൂർ അനുമതിയോടെ ഒരു വ്യവഹാരമോ മറ്റ് നിയമപരമായ നടപടികളോ ആരംഭിക്കാം...".

69. ഒരു കടം അതിന്റെ കാലാവധി പൂർത്തിയാവുകയും അടയ്ക്കാതെ വരികയും ചെയ്യുമ്പോൾ, അതായത് ഒരു വീഴ്ച സംഭവിക്കുമ്പോൾ, കോർപ്പറേറ്റ് ഇൻസോൾവൻസി പരിഹാര പ്രക്രിയ ആരംഭിക്കുന്നുവെന്ന് ഉറപ്പാക്കുന്ന തരത്തിലാണ് ഐബിസി-യുടെ പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഏതെങ്കിലും കോർപ്പറേറ്റ് കടക്കാരൻ വീഴ്ച വരുത്തിയാൽ, ഒരു സാമ്പത്തിക വായ്പാദാതാവ്, ഒരു പ്രവർത്തന വായ്പാദാതാവ് അല്ലെങ്കിൽ കോർപ്പറേറ്റ് കടക്കാരൻ തന്നെ ഐബിസിയിലെ അധ്യായം II-ൽ നൽകിയിട്ടുള്ള രീതിയിൽ അങ്ങനെയുള്ള കോർപ്പറേറ്റ് കടക്കാരനെതിരെ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ പ്രോസസ്സ് ആരംഭിച്ചേക്കാം.

70. ഒരു മൊറട്ടോറിയം ഏർപ്പെടുത്തിയതിന് ശേഷം കോർപ്പറേറ്റ് കടക്കാരന്റെ ബിസിനസ്സ് കൂടാതെ/അല്ലെങ്കിൽ വാണിജ്യപരമായ പ്രവർത്തനങ്ങൾ ഒരു റെസലൂഷൻ പ്രൊഫഷണൽ തുടരുന്നുവെന്ന് ഉറപ്പാക്കാനാണ് ഐബിസിയുടെ വ്യവസ്ഥകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. അത് കോർപ്പറേറ്റ് കടക്കാരന്റെ സാമ്പത്തിക വിഭവങ്ങൾ ചോർത്തുന്ന നിർബന്ധിത വ്യവഹാരത്തിൽ നിന്ന് കോർപ്പറേറ്റ് കടക്കാരന് ചില ആശ്വാസം നൽകും. ഇത് കോർപ്പറേറ്റ് കടക്കാരനെ

അതിന്റെ സാമ്പത്തിക ആരോഗ്യം മെച്ചപ്പെടുത്താനും അതിന്റെ വായ്പാദാതാക്കളുടെ കുടിശ്ശിക തിരിച്ചടയ്ക്കാനും സഹായിക്കും.

71. 2016-ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡിലെ വകുപ്പ് 7(2)നെയും, ഐബിസി-യിലെ വകുപ്പ് 239-ലെ ഉപ-വകുപ്പ് (1)-ലെ (സി), (ഡി), (ഇ), (എഫ്) എന്നീ ഖണ്ഡങ്ങളും 7, 8, 9, 10 വകുപ്പുകളും ചേർത്ത് വായിക്കുന്നതു പ്രകാരം ലഭ്യമായ അധികാരങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച 2016 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി (അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്കുള്ള അപേക്ഷ) ചട്ടങ്ങളെയും ഒരുമിച്ച് പരിശോധിക്കുന്നതിൽ നിന്ന്, ഒരു സാമ്പത്തിക വായ്പാദാതാവ് കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ ആരംഭിക്കുന്നതിനായി നിർദിഷ്ട ഫോം 1-ൽ കോർപ്പറേറ്റ് കടക്കാരനെതിരെ ഐബിസിയിലെ വകുപ്പ് 7 പ്രകാരം അപേക്ഷ നൽകണമെന്നും അതിനൊപ്പം പ്രസ്തുത വകുപ്പ് പ്രകാരം ആവശ്യമായ രേഖകളും പ്രമാണങ്ങളും, 2016 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി ബോർഡ് ഓഫ് ഇന്ത്യ (കോർപ്പറേറ്റ് വ്യക്തികൾക്കായുള്ള പാപ്പരത്ത പരിഹാര പ്രക്രിയ) റെഗുലേഷൻസ് (ഇനിമുതൽ 2016 ലെ ഐബി ബോർഡ് ഓഫ് ഇന്ത്യ റെഗുലേഷൻസ് എന്ന് പരാമർശിക്കും) വ്യക്തമാക്കിയിട്ടുള്ളവയും സമർപ്പിക്കണമെന്ന് വ്യക്തമാകും.

72. 2016 ലെ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരമുള്ള നിയമപരമായ ഫോം 1-ൽ I മുതൽ V വരെ ഭാഗങ്ങളുണ്ട്, അതിൽ ഭാഗം I അപേക്ഷകന്റെ വിവരങ്ങളുമായും ഭാഗം II കോർപ്പറേറ്റ് കടക്കാരന്റെ വിവരങ്ങളുമായും ഭാഗം III നിർദ്ദേശിക്കപ്പെട്ട ഇടക്കാല റെസലൂഷൻ പ്രൊഫഷണലിന്റെ വിവരങ്ങളുമായും ബന്ധപ്പെട്ടതാണ്. വീഴ്ച വരുത്തിയതിന്റെ രേഖകളും തെളിവുകളും സഹിതം സാമ്പത്തിക കടത്തിന്റെ വിവരങ്ങൾ നൽകേണ്ടതായ IV, V എന്നിവ താഴെ കൊടുക്കുന്നു:

ഭാഗം IV

	സാമ്പത്തിക കടത്തിന്റെ വിവരങ്ങൾ	
1	അനുവദിച്ച മൊത്തം കടത്തിന്റെ തുക വിതരണം ചെയ്ത തീയതി(കൾ)	
2	വീഴ്ച സംഭവിച്ചതായി ക്ലെയിം ചെയ്യുന്ന തുകയും തീയതിയും (തുകയും വീഴ്ച സംഭവിച്ച ദിവസങ്ങളും കണക്കാക്കിയ രീതി പട്ടിക രൂപത്തിൽ അറ്റാച്ച് ചെയ്യുക)	

ഭാഗം V

സാമ്പത്തിക കടത്തിന്റെ വിവരങ്ങൾ [രേഖകൾ, പ്രമാണങ്ങൾ, വീഴ്ചയുടെ തെളിവുകൾ]	
1	ഏതെങ്കിലും ഈട് കൈവശമുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ, അത് സൃഷ്ടിച്ച തീയതി, വായ്പാദാതാവ് കണക്കാക്കുന്ന അതിന്റെ ഏകദേശ മൂല്യം. ചാർജ് രജിസ്റ്റർ ചെയ്തതിന് കമ്പനികളുടെ രജിസ്ട്രാറിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് അറ്റാച്ച് ചെയ്യുക (കോർപ്പറേറ്റ് കടക്കാരൻ ഒരു കമ്പനിയാണെങ്കിൽ)
2	ഏതെങ്കിലും കോടതി, ട്രൈബ്യൂണൽ അല്ലെങ്കിൽ ആർബിട്രൽ പാനൽ വീഴ്ചയെക്കുറിച്ച് വിധി പ്രസ്താവിച്ചതിന്റെ വിവരങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ (ഉത്തരവിന്റെ ഒരു പകർപ്പ് അറ്റാച്ച് ചെയ്യുക)
3	വീഴ്ച സംബന്ധിച്ച് ഇൻഫർമേഷൻ യൂട്ടിലിറ്റിയിലുള്ള രേഖ, എന്തെങ്കിലും ഉണ്ടെങ്കിൽ (അങ്ങനെയുള്ള രേഖയുടെ ഒരു പകർപ്പ് അറ്റാച്ച് ചെയ്യുക)
4	1925 ലെ ഇന്ത്യൻ പിന്തുടർച്ചാവകാശ നിയമ (1925 ലെ 10) പ്രകാരമുള്ള പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ ഒരു വിൽപത്രത്തിന്റെ പ്രൊബേറ്റ്, അല്ലെങ്കിൽ ഭരണപരമായ കത്ത്, അല്ലെങ്കിൽ കോടതിയുടെ അനുകൂല വിധി എന്നിവയുടെ വിവരങ്ങൾ (ബാധകമെങ്കിൽ) (ഒരു പകർപ്പ് അറ്റാച്ച് ചെയ്യുക)
5	എല്ലാ ഭേദഗതികളും ഒഴിവാക്കലുകളും പ്രതിഫലിക്കുന്ന, സാമ്പത്തിക കരാറിന്റെ ഏറ്റവും പുതിയതും പൂർണ്ണവുമായ പകർപ്പ് (ഒരു പകർപ്പ് അറ്റാച്ച് ചെയ്യുക)
6	വീഴ്ച സംബന്ധിച്ച് ഏതെങ്കിലും ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയിൽ ലഭ്യമായ രേഖ (ഒരു പകർപ്പ് അറ്റാച്ച് ചെയ്യുക)
7	1891 ലെ . ബാങ്കേഴ്സ് ബുക്ക്സ് എവിഡൻസ് ആക്ട് (1891 ലെ 18) പ്രകാരമുള്ള ബാങ്കേർസ് ബുക്കുകളിലെ എൻട്രികളുടെ പകർപ്പുകൾ (ഒരു പകർപ്പ് അറ്റാച്ച് ചെയ്യുക)
8	സാമ്പത്തിക കടത്തിന്റെ നിലനിൽപ്പ്, തുക, വീഴ്ച സംഭവിച്ച തീയതി എന്നിവ

	തെളിയിക്കുന്നതിനായി ഈ അപേക്ഷയോടൊപ്പം അറ്റാച്ച് ചെയ്ത മറ്റ് രേഖകളുടെ പട്ടിക

73. ഒരു സാമ്പത്തിക വായ്പാദാതാവ് ഐബിസിയിലെ വകുപ്പ് 7 പ്രകാരം നിയമപരമായ ഫോം 1-ലാണ് അപേക്ഷ നൽകേണ്ടത് എന്നതുകൊണ്ട്, ഫോമിന്റെ വിവിധ കോളങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള വിവരങ്ങൾ മാത്രമാണ് സാമ്പത്തിക വായ്പാദാതാവിന് പൂരിപ്പിക്കാൻ കഴിയുക. വിശദമായ വാദങ്ങൾക്കായി അതിൽ ഇടമില്ല. അതിനാൽ, ഐബിസിയിലെ വകുപ്പ് 7 പ്രകാരം നിർദ്ദേശിക്കപ്പെട്ട ഫോമിൽ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് (എൻസിഎൽടി) നൽകുന്ന ഒരു അപേക്ഷയെ ഒരു വ്യവഹാരത്തിലെ ഹർജിയുമായി താരതമ്യം ചെയ്യാൻ കഴിയില്ല. അത്തരം അപേക്ഷയെ ഒരു വ്യവഹാരത്തിലെ ഹർജിയുടെയോ ഒരു കോടതിയിലെ മറ്റേതെങ്കിലും വാദങ്ങളുടെയോ അതേ മാനദണ്ഡങ്ങൾ ഉപയോഗിച്ച് വിലയിരുത്താനാകില്ല.

74. വകുപ്പ് 7(1) പ്രകാരം അപേക്ഷ നൽകുന്ന ഒരു സാമ്പത്തിക ക്രെഡിറ്റർ, ഇൻഫർമേഷൻ യൂട്ടിലിറ്റിയിൽ രേഖപ്പെടുത്തിയ വീഴ്ചയുടെ രേഖകളോ അല്ലെങ്കിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റ് രേഖകളോ തെളിവുകളോ നൽകണമെന്ന് വകുപ്പ് 7(3) ആവശ്യപ്പെടുന്നു; ഇടക്കാല റെസലൂഷൻ പ്രൊഫഷണലായി പ്രവർത്തിക്കാൻ നിർദ്ദേശിക്കപ്പെട്ട റെസലൂഷൻ പ്രൊഫഷണലിന്റെ പേരും ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി ബോർഡ് ഓഫ് ഇന്ത്യ വ്യക്തമാക്കാവുന്ന മറ്റെന്തെങ്കിലും വിവരങ്ങളും നൽകണം.

75. വകുപ്പ് 7 പ്രകാരമുള്ള അപേക്ഷ ലഭിച്ച് 14 ദിവസത്തിനുള്ളിൽ, ഒരു ഇൻഫർമേഷൻ യൂട്ടിലിറ്റിയുടെ രേഖകളിൽ നിന്നോ അല്ലെങ്കിൽ വകുപ്പ് 7(3) പ്രകാരം സാമ്പത്തിക വായ്പാദാതാവ് നൽകിയ മറ്റ് തെളിവുകളുടെ അടിസ്ഥാനത്തിലോ ഒരു വീഴ്ചയുടെ നിലനിൽപ്പ് ഉറപ്പുവരുത്താൻ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് ഐബിസിയിലെ വകുപ്പ് 7(4) പ്രകാരം ബാധ്യതയുണ്ട്. ഐബിസിയിലെ വകുപ്പ് 7(4)-ന്റെ വ്യവസ്ഥ പ്രകാരം, അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് നിശ്ചിത പതിനാല് ദിവസത്തിനുള്ളിൽ വീഴ്ചയുടെ നിലനിൽപ്പ് ഉറപ്പുവരുത്താനും ഉത്തരവ് പാസാക്കാനും കഴിഞ്ഞില്ലെങ്കിൽ, 2019-ലെ നിയമം 26 വഴി നടപ്പാക്കിയ ഭേദഗതി അനുസരിച്ച് അതിനുള്ള കാരണങ്ങൾ രേഖാമൂലം രേഖപ്പെടുത്തണം. ഈ സമയക്രമം പാലിക്കാത്തതുകൊണ്ട് അപേക്ഷ അസാധുവാകില്ല. അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി അപേക്ഷ തള്ളണമെന്ന നിർബന്ധവുമില്ല. മറിച്ച്, ഐബിസിയിലെ വകുപ്പ 7(5)-ന്റെ വ്യവസ്ഥയിലെ ആവശ്യകതകൾ പാലിക്കാതെ അപേക്ഷ തള്ളാൻ കഴിയില്ല.

76. ഒരു വീഴ്ച സംഭവിച്ചെന്നും, വകുപ്പ് 7-ലെ ഉപ-വകുപ്പ് (2) പ്രകാരമുള്ള അപേക്ഷ പൂർണ്ണമാണെന്നും, നിർദ്ദേശിക്കപ്പെട്ട റെസലൂഷൻ പ്രൊഫഷണലിനെതിരെ അച്ചടക്ക

നടപടികളൊന്നും നിലവിലില്ലെന്നും അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് ബോധ്യമായാൽ വകുപ്പ് 7(5)(എ) അനുസരിച്ചുള്ള ഒരു ഉത്തരവിലൂടെ അത്തരം അപേക്ഷ അംഗീകരിക്കാം. ഒരു വീഴ്ച സംഭവിച്ചില്ലെന്ന്, അല്ലെങ്കിൽ വകുപ്പ് 7-ലെ ഉപ-വകുപ്പ് (2) പ്രകാരമുള്ള അപേക്ഷ അപൂർണ്ണമാണെന്ന്, അല്ലെങ്കിൽ നിർദ്ദേശിക്കപ്പെട്ട റെസലൂഷൻ പ്രൊഫഷണലിനെതിരെ എന്തെങ്കിലും അച്ചടക്ക നടപടി നിലവിലുണ്ടെന്ന് അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് ബോധ്യമായാൽ വകുപ്പ് 7(5)(ബി) പ്രകാരമുള്ള ഒരു ഉത്തരവിലൂടെ അത്തരം അപേക്ഷ നിരസിച്ചേക്കാം. എന്നിരിക്കെ, വകുപ്പ് 5-ലെ ഉപ-വകുപ്പ് (ബി) പ്രകാരം അപേക്ഷ നിരസിക്കുന്നതിന് മുമ്പ്, അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി അപേക്ഷകന് നോട്ടീസ് നൽകുയും നോട്ടീസ് ലഭിച്ച് ലഭിച്ച് 7 ദിവസത്തിനുള്ളിൽ അപേക്ഷയിലെ പോരായ്മകൾ തിരുത്തുന്നതിനായി നിർദേശിക്കുകയും വേണം.

77. ഐബിസിയിലെ വകുപ്പ് 7-ലെ ഉപ-വകുപ്പ് (5) പ്രകാരമുള്ള അപേക്ഷ അംഗീകരിക്കുന്ന തീയതി മുതൽ കോർപ്പറേറ്റ് ഇൻസോൾവൻസി റെസലൂഷൻ പ്രക്രിയ ആരംഭിക്കുന്നു. വകുപ്പ് 7-ലെ ഉപ-വകുപ്പ് (5)-ലെ ഖണ്ഡം (എ) പ്രകാരമുള്ള അപേക്ഷ അംഗീകരിക്കുന്ന ഒരു ഉത്തരവ് സാമ്പത്തിക വായ്പാദാതാവിനെയും കോർപ്പറേറ്റ് കടക്കാരനെയും ഏഴ് ദിവസത്തിനുള്ളിൽ അറിയിക്കുന്നതിനും, വകുപ്പ് 7-ലെ ഉപ-വകുപ്പ് (5)-ലെ ഖണ്ഡം (ബി) പ്രകാരം അപേക്ഷ നിരസിക്കുന്ന ഒരു ഉത്തരവ് ഏഴ് ദിവസത്തിനുള്ളിൽ സാമ്പത്തിക വായ്പാദാതാവിനെ അറിയിക്കുന്നതിനും വകുപ്പ് 7(7) അനുസരിച്ച് അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് ബാധ്യതയുണ്ട്.

78. ഐബിസിയിലെ വകുപ്പ് 12(1) അനുസരിച്ച്, കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ, അത്തരം പ്രക്രിയ ആരംഭിക്കുന്നതിനുള്ള അപേക്ഷ അംഗീകരിച്ച തീയതി മുതൽ 180 ദിവസത്തിനുള്ളിൽ പൂർത്തിയാക്കണം. 180 ദിവസത്തെ കാലയളവ് ഒരു തവണയിൽ കൂടുതൽ നീട്ടാൻ കഴിയില്ല.

79. ഐബിസി, കടം വീണ്ടെടുക്കുന്നതിനുള്ള മറ്റൊരു നിയമം മാത്രമല്ല. അല്ലെങ്കിൽ, കടം വീട്ടാൻ കഴിവില്ലാത്ത ഒരു കോർപ്പറേറ്റ് സ്ഥാപനത്തെ പിരിച്ചുവിടാൻ അല്ലെങ്കിൽ ലിക്വിഡേറ്റ് ചെയ്യാനുള്ള രീതികൾ മാത്രം നിർദ്ദേശിക്കുന്ന ഒരു നിയമവുമല്ല ഇത്. ഇത് അടിസ്ഥാനപരമായി, കടം വീട്ടാൻ കഴിയാത്ത ഒരു കോർപ്പറേറ്റ് സ്ഥാപനത്തെ ഒരു റെസലൂഷൻ പ്രൊഫഷണലിനെ നിയമിച്ചുകൊണ്ട് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഒരു നിയമമാണ്.

80. *ഇന്നോവന്റീവ് ഇൻഡസ്ട്രീസ് ലിമിറ്റഡ് v. ഐസിഐസിഐ ബാങ്ക്*[9] കേസിൽ, ഈ കോടതിക്കു വേണ്ടി വിധി പറഞ്ഞ ജസ്റ്റിസ് നരിമാൻ, 2015 നവംബറിലെ ബാങ്ക്റപ്റ്റ്സി നിയമ

[9] (2018) 1 SCC 407

പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ടിൽ നിന്നുള്ള ചില ഭാഗങ്ങൾ ഉദ്ധരിച്ചു, അത് താഴെ പറയുന്ന തരത്തിലാണ്:

"...ഒരു സ്ഥാപനം (കരട് നിയമത്തിൽ കോർപ്പറേറ്റ് കടക്കാരൻ എന്ന് പരാമർശിക്കുന്നത്) വീഴ്ച വരുത്തുമ്പോൾ, എന്ത് ചെയ്യണം എന്നതിനെക്കുറിച്ച് ചോദ്യം ഉയരുന്നു. പല സാധ്യതകളും ഉണ്ടാകാം. ഒരു സാധ്യത സ്ഥാപനത്തെ ലിക്വിഡേറ്റ് ചെയ്യുക എന്നതാണ്. മറ്റൊരു സാധ്യത, കടം പുനഃക്രമീകരിക്കാൻ ചർച്ച നടത്തുക എന്നതാണ്. അതിൽ വായ്പാദാതാക്കൾ എൻപിവി അടിസ്ഥാനത്തിൽ കടം കുറയ്ക്കുന്നത് അംഗീകരിക്കുകയും, ചർച്ച ചെയ്ത് ധാരണയിലെത്തുന്ന മൂല്യം ലിക്വിഡേഷൻ മൂല്യത്തെക്കാൾ കൂടുതലായിരിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. മറ്റൊരു സാധ്യത, സ്ഥാപനത്തെ പ്രവർത്തിക്കുന്ന സ്ഥാപനമായി നിലനിർത്തി വിൽക്കുകയും വരുമാനം വായ്പാദാതാക്കൾക്ക് നൽകുകയും ചെയ്യുക എന്നതാണ്. വിശാലമായി പൊതുവിൽ പറയാവുന്ന ഈ സാധ്യതകളുടെ പല സങ്കര ഘടനകളും വിഭാവനം ചെയ്യാവുന്നതാണ്.

*****

വേഗത അത്യാവശ്യമാണ്...

"ബാങ്ക്റപ്റ്റ്സി കോഡിന്റെ പ്രവർത്തനത്തിന് രണ്ട് കാരണങ്ങളാൽ വേഗത അത്യാവശ്യമാണ്. ഒന്നാമതായി, 'ശാന്തമായ കാലയളവ്' ഒരു സ്ഥാപനത്തെ നിലനിർത്താൻ സഹായിക്കുമെങ്കിലും, ഉടമസ്ഥതയുടെയും നിയന്ത്രണത്തിന്റെയും പൂർണ്ണമായ വ്യക്തതയില്ലാതെ, പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കാൻ കഴിയില്ല. കാര്യക്ഷമമായ നേതൃത്വമില്ലെങ്കിൽ, സ്ഥാപനം ക്ഷയിക്കുകയും പരാജയപ്പെടുകയും ചെയ്യും. കാലതാമസം കൂടുന്നതിനനുസരിച്ച്, ലിക്വിഡേഷൻ മാത്രമായിരിക്കും ഏക ഉത്തരമായി ശേഷിക്കുക. രണ്ടാമതായി, പല ആസ്തികൾക്കും ഉയർന്ന സാമ്പത്തിക മൂല്യശോഷണം സംഭവിക്കുന്നതിനാൽ കാലം ചെല്ലുമ്പോൾ ലിക്വിഡേഷൻ മൂല്യം കുറയുന്നു.

ഒരു പ്രവർത്തന സ്ഥാപനമായി വിൽക്കുകയാണെങ്കിൽ വായ്പാദാതാക്കൾക്ക് സാധാരണയായി നല്ലൊരു തുക ലഭിക്കും. കാലതാമസം ലിക്വിഡേഷനിലേക്ക് നയിക്കുകയാണെങ്കിൽ മൂല്യനാശമുണ്ടാകുന്നു. മാത്രമല്ല, ലിക്വിഡേഷന്റെ കാര്യത്തിൽ പോലും, കാലതാമസം കൂടുന്നതിന് അനുസരിച്ച് ലഭിക്കുന്ന തുക കുറവായിരിക്കും. അതിനാൽ, കാലതാമസം മൂല്യനാശത്തിന് കാരണമാകുന്നു. അതിനാൽ, കാലതാമസത്തിന്റെ ഉറവിടങ്ങൾ തിരിച്ചറിയുന്നതും അവയെ ചെറുക്കുന്നതും ഉയർന്ന വീണ്ടെടുക്കൽ നിരക്ക് സ്വന്തമാക്കുന്നതിൽ പ്രധാനമാണ്.

*****

ഒരു കമ്പനിയുടെ നിയന്ത്രണം ഒരു ദിവ്യാവകാശമല്ല. ഒരു സ്ഥാപനം വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തുമ്പോൾ, കമ്പനിയുടെ നിയന്ത്രണം വായ്പാദാതാക്കൾക്ക് കൈമാറണം. ഇത് നേടുന്നതിനുള്ള വേഗമേറിയതും നിർണ്ണായകവുമായ സംവിധാനങ്ങളില്ലെങ്കിൽ, മാനേജ്മെന്റ് ടീമുകളും ഷെയർഹോൾഡർമാരും വീഴ്ചയ്ക്ക് ശേഷവും നിയന്ത്രണം നിലനിർത്തും. ബാങ്ക്റപ്റ്റ്സി നിയമം ഈ ലക്ഷ്യങ്ങളെ അഭിസംബോധന ചെയ്യണം.

81. *ഇന്നോവെന്റീവ് ഇൻഡസ്ട്രീസ് ലിമിറ്റഡ് v. ഐസിഐസിഐ ബാങ്ക്* (മേൽ പരാമർശം) കേസിൽ ഈ കോടതി, ഐബിസി ഭേദഗതി ചെയ്യുന്നതിലൂടെ ബാങ്ക്റപ്റ്റ്സി നിയമ പരിഷ്കരണ കമ്മിറ്റി മുന്നോട്ടുവെച്ച ലക്ഷ്യങ്ങൾ ശ്രദ്ധിച്ചു:

" (1) പരിഹാരത്തിനെടുക്കുന്ന സമയം കുറവായിരിക്കണം.

(2) വീണ്ടെടുപ്പിൽ സംഭവിക്കുന്ന നഷ്ടം കുറവായിരിക്കണം.

(3) വിവിധതരം വായ്പാ ഉൽപ്പന്നങ്ങളിലൂടെ ഉയർന്ന തലത്തിലുള്ള വായ്പാ ധനകാര്യ പ്രവർത്തനങ്ങൾ സാധ്യമാക്കുന്നത്.

.....

രൂപകൽപ്പനയുടെ അടിസ്ഥാന തത്വങ്ങൾ

പുതിയ ഇൻസോൾവൻസി ആൻഡ് ബാങ്കറപ്റ്റസി ചട്ടക്കൂടിന്റെ രൂപകൽപ്പനയ്ക്കായി താഴെപ്പറയുന്ന തത്വങ്ങളാണ് കമ്മിറ്റി തെരഞ്ഞെടുത്തത്.

I. സ്ഥാപനത്തിന്റെ പ്രവർത്തനക്ഷമത വളരെ നേരത്തെ തന്നെ വിലയിരുത്താൻ കോഡ് സൗകര്യമൊരുക്കും

(1) സ്ഥാപനത്തിന്റെ പ്രവർത്തനക്ഷമത ഒരു ബിസിനസ്സ് കാര്യമാണെന്നും, ബിസിനസ്സ് കാര്യങ്ങൾ കടക്കാരും വായ്പാദാതാക്കളും തമ്മിൽ മാത്രമേ ചർച്ച ചെയ്യാൻ കഴിയൂ എന്നും നിയമം വ്യക്തമായി പ്രസ്താവിക്കണം. പ്രവർത്തനക്ഷമതയെ കടക്കാരും വായ്പാദാതാക്കളും തമ്മിലുള്ള അനുരഞ്ജനത്തിന്റെ ഫലമാണെന്ന് കണക്കാക്കണം, അതേസമയം അന്തിമ തീരുമാനം എന്നത് പാപ്പരത്വത്തിൽ നഷ്ടം സഹിക്കാൻ തയ്യാറുള്ള, ധനകാര്യ സ്ഥാപനങ്ങളായ വായ്പാദാതാക്കൾക്കിടയിലെ ഒരു ഉടമ്പടിയായിരിക്കണം.

(2) നിയമസഭയും കോടതികളും റെസലൂഷൻ പ്രോസസ്സ് നിയന്ത്രിക്കണം, പക്ഷേ ബിസിനസ്സ് തീരുമാനങ്ങൾ എടുക്കുന്നതിന്റെ ഭാരം വഹിക്കരുത്.

(3) വായ്പാദാതാക്കൾ കടം വീണ്ടെടുക്കൽ നടപടിയിലേക്ക് നീങ്ങുമെന്ന ഭയമില്ലാതെ, കടക്കാരന് പ്രവർത്തനക്ഷമത വിലയിരുത്തുന്നതിനായി ചർച്ചകൾ നടത്താൻ കഴിയുന്ന ഒരു ശാന്തമായ കാലയളവ് നിയമം നിശ്ചയിക്കണം.

(4) റെസലൂഷൻ കാലയളവിലെ മാനേജരായി ഒരു റെസലൂഷൻ പ്രൊഫഷണലിനെ നിയമിക്കണം, അതുവഴി സ്ഥാപനത്തിന്റെ മൂല്യം നശിപ്പിക്കുന്നതിനുള്ള ഒരു നടപടിയും കടക്കാർ എടുക്കില്ല എന്ന ആത്മവിശ്വാസത്തോടെ പ്രവർത്തനക്ഷമതയുടെ വിലയിരുത്തലിൽ ചർച്ച നടത്താൻ വായ്പാദാതാക്കൾക്ക് കഴിയും. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളും ആസ്തികളും നിരീക്ഷിക്കാനും കൈകാര്യം ചെയ്യാനും പ്രൊഫഷണലിന് അധികാരവും ഉത്തരവാദിത്തവും ഉണ്ടായിരിക്കും. കടക്കാരും വായ്പാദാതാക്കളും തമ്മിലുള്ള അധികാര സന്തുലിതാവസ്ഥ ഉറപ്പാക്കുന്നതിനും എല്ലാ വായ്പാദാതാക്കളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി ചർച്ചയിലൂടെയുള്ള പരിഹാര പ്രക്രിയ ഈ പ്രൊഫഷണൽ കൈകാര്യം ചെയ്യും. പരിഹാര പ്രക്രിയയിൽ വായ്പാദാതാക്കൾക്കും കടക്കാർക്കും ഒരുപോലെ വിവരങ്ങൾ ലഭ്യമാകുന്നുവെന്ന് പ്രൊഫഷണൽ ഉറപ്പാക്കും.

*II. വായ്പാദാതാക്കൾക്കും കടക്കാരനും ഇടയിൽ വിവരങ്ങളുടെ തുല്യത പ്രാപ്തമാക്കും.***

(5) ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി റെസലൂഷൻ പ്രോസസ്സിന് ആവശ്യമായ വിവരങ്ങൾ ഉചിതമായ സമയത്ത് സൃഷ്ടിക്കുകയും ലഭ്യമാക്കുകയും ചെയ്യുമെന്നത് നിയമം ഉറപ്പാക്കണം.

(6) ഈ വിവരങ്ങളിലേക്ക് സ്ഥാപനത്തിന്റെ എല്ലാ വായ്പാദാതാക്കൾക്കും നേരിട്ടോ അല്ലെങ്കിൽ റെഗുലേറ്റഡ് പ്രൊഫഷണലിലൂടെയോ പ്രവേശനം ലഭ്യമാകുന്നുണ്ടെന്ന് നിയമം ഉറപ്പാക്കണം.

(7) റെഗുലേറ്റഡ് പ്രൊഫഷണലിലൂടെ, റെസലൂഷൻ പ്രോസസ്സിൽ പങ്കെടുക്കാൻ കഴിയുന്ന മൂന്നാം കക്ഷികൾക്ക് ഈ വിവരങ്ങളിലേക്ക് പ്രവേശനം നൽകുന്നത് നിയമം സാധ്യമാക്കണം.

III. സാമ്പത്തിക മൂല്യം മികച്ച രീതിയിൽ സംരക്ഷിക്കുന്നതിനായി പ്രക്രിയ സമയബന്ധിതമാക്കുന്നത് ഉറപ്പാക്കും.

(8) പണത്തിന്റെ സമയമൂല്യം പരിഗണിക്കപ്പെടുന്നുവെന്നും, ആരംഭത്തിൽ അനുരഞ്ജന ചർച്ചകൾക്കായി നിശ്ചയിച്ച സമയപരിധി ചർച്ചകളിൽ സ്വീകരിക്കുന്ന വൈകിപ്പിക്കൽ തന്ത്രത്തിലൂടെ നീട്ടാൻ അനുവദിക്കില്ലെന്നും നിയമം ഉറപ്പാക്കണം.

IV. കോഡ് ഒരു കൂട്ടായ പ്രക്രിയ ഉറപ്പാക്കും.

(9) എല്ലാ പ്രധാന പങ്കാളികളും പ്രവർത്തനക്ഷമത കൂട്ടായി വിലയിരുത്തുന്നതിൽ പങ്കെടുക്കുമെന്ന് നിയമം ഉറപ്പാക്കണം. തങ്ങളുടെ ബാധ്യതകൾ പുനഃക്രമീകരിക്കാൻ ശേഷിയും സന്നദ്ധതയുമുള്ള എല്ലാ വായ്പാദാതാക്കളും ചർച്ചാ പ്രക്രിയയുടെ ഭാഗമായിരിക്കണം എന്ന് നിയമം ഉറപ്പാക്കണം. ചർച്ചാ പ്രക്രിയയുടെ ഭാഗമല്ലാത്ത എല്ലാ വായ്പാദാതാക്കൾക്കും കിട്ടേണ്ട ബാധ്യതകളും ചർച്ചയിലൂടെ എത്തിച്ചേരുന്ന ഏതെങ്കിലും പരിഹാരത്തിലൂടെ നിറവേറ്റണം.

V. എല്ലാ വായ്പാദാതാക്കളുടെയും അവകാശങ്ങളെ കോഡ് തുല്യമായി മാനിക്കും.

(10) പാപ്പരത്തം പരിഹരിക്കുന്നതിനു വേണ്ടിയുള്ള അന്തിമ പരിഹാരത്തെക്കുറിച്ചുള്ള വോട്ടെടുപ്പിലെ പ്രാധാന്യം കണക്കാക്കുന്നതിൽ, നിയമം ഏതൊരു തരം വായ്പാദാതാവിനെയും പക്ഷപാതപരമായി പരിഗണിക്കാൻ പാടില്ല.

*VI. പ്രവർത്തനക്ഷമത സ്ഥാപിക്കുന്നതിനുള്ള അനുരഞ്ജന ചർച്ചകൾ പരാജയപ്പെട്ടാൽ, ബാങ്ക്റപ്റ്റ്സിയുടെ ഫലം ബാധകമായിരിക്കുമെന്ന് കോഡ് ഉറപ്പാക്കണം.***

(11) പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തിയ ഒരു സ്ഥാപനത്തെ ലിക്വിഡേറ്റ് ചെയ്യാൻ നിയമം ഉത്തരവിടണം. അനുരഞ്ജന ചർച്ചകളുടെ ഫലമായ ഈ ഉത്തരവിനെ വളരെ അസാധാരണമായ കേസുകളിലൊഴികെ എല്ലാ അപ്പീലുകളിൽ നിന്നും സംരക്ഷിക്കണം.

VII. മുൻഗണന സംബന്ധിച്ച വ്യക്തത കോഡ് ഉറപ്പാക്കണം, കൂടാതെ ബാങ്ക്റപ്റ്റ്സി പരിഹരിക്കുന്നതിൽ എല്ലാ പങ്കാളികളുടെയും അവകാശങ്ങൾ ഉയർത്തിപ്പിടിക്കണം.

(12) പാപ്പരത്ത പരിഹാരത്തിലൂടെ എല്ലാ പങ്കാളികൾക്കും ലഭ്യമാകുന്ന വിതരണത്തിന്റെ മുൻഗണന എന്താണെന്ന് നിയമം വ്യക്തമായി നിർണ്ണയിക്കണം. സംരംഭങ്ങൾ ആത്മവിശ്വാസത്തോടെ കെട്ടിപ്പടുക്കുന്നതിന്റെ പരിശ്രമത്തിൽ പങ്കെടുക്കാൻ എല്ലാ പങ്കാളികളെയും പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ ഈ മുൻഗണന ക്രമപ്പെടുത്തണം.

(13) ബാങ്ക്റപ്റ്റ്സി പരിഹരിക്കുന്നതിൽ കൂട്ടായ പ്രവർത്തനത്തെ നിയമം പ്രോത്സാഹിപ്പിക്കണം, പക്ഷേ ഇൻസോൾവൻസി റെസലൂഷന്റെ ഘട്ടവുമായി താരതമ്യപ്പെടുത്തുമ്പോൾ ബാങ്ക്റപ്റ്റ്സി സമയത്ത് വ്യക്തിഗത നടപടികളും വീണ്ടെടുക്കലും അനുവദിക്കുന്നതിനായി കൂടുതൽ വഴക്കം ഉണ്ടായിരിക്കണം."

82. *പി. മോഹൻരാജ് & അദേർസ്. v. ഷാ ബ്രദേർസ് ഇസ്പത് പ്രൈവറ്റ് ലിമിറ്റഡ്* [10]കേസിൽ ഈ കോടതിക്കു വേണ്ടി സംസാരിച്ച ജസ്റ്റിസ് നരിമാൻ നിരീക്ഷിച്ചത് ഇപ്രകാരമാണ്:

"10. വകുപ്പ് 14(1) ചുരുക്കത്തിൽ നോക്കിയാൽ, ഉപ-വകുപ്പ് (2) ലും (3) ഉം-ൽ അടങ്ങിയിട്ടുള്ള ഒഴിവാക്കലുകൾക്ക് വിധേയമായി, ഇൻസോൾവൻസി ആരംഭിക്കുന്ന തീയതിയിൽ, അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി നിർബന്ധമായും ഒരു മൊറട്ടോറിയം പ്രഖ്യാപിക്കണം, അത് ഖണ്ഡം (എ) മുതൽ (ഡി) വരെ തുടർന്ന് വരുന്ന കാര്യങ്ങൾ നിരോധിക്കുന്നതാണ്. പ്രധാനമായി, ഉപ-വകുപ്പ് (4) അനുസരിച്ച്, മൊറട്ടോറിയത്തിന്റെ ഈ ഉത്തരവ് അനിശ്ചിതമായി തുടരുന്നില്ല, മറിച്ച് മൊറട്ടോറിയം പ്രഖ്യാപിച്ച തീയതി മുതൽ കോർപ്പറേറ്റ് പാപ്പരത്വ പരിഹാര പ്രക്രിയ പൂർത്തിയാകുന്നത് വരെ മാത്രമേ പ്രാബല്യത്തിൽ ഉണ്ടാകുകയുള്ളൂ, അത് സമയബന്ധിതമാണ്. ഒന്നുകിൽ ഒരു റെസലൂഷൻ പ്ലാൻ അംഗീകരിച്ചുകൊണ്ടുള്ള അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിയുടെ ഉത്തരവിലോ അല്ലെങ്കിൽ ലിക്വിഡേഷനിലോ അത് അവസാനിക്കുന്നു.

11. വകുപ്പ് 14(1)-നുള്ള രണ്ട് ഒഴിവാക്കലുകൾ വകുപ്പ് 14-ലെ ഉപ-വകുപ്പ് (2)ലും (3)ലും അടങ്ങിയിരിക്കുന്നു. ഉപ-വകുപ്പ് (2) അനുസരിച്ച്, ഈ കാലയളവിൽ കോർപ്പറേറ്റ് കടക്കാരന് ആവശ്യമായ സാധനങ്ങളുടെയോ സേവനങ്ങളുടെയോ വിതരണം അവസാനിപ്പിക്കാനോ, നിർത്തിവെക്കാനോ, അല്ലെങ്കിൽ തടസ്സപ്പെടുത്താനോ കഴിയില്ല. അല്ലാത്തപക്ഷം, കോർപ്പറേറ്റ് കടക്കാരൻ പ്രതിസന്ധിയിലാവുകയും ഈ കാലയളവിൽ ഒരു പ്രവർത്തന സ്ഥാപനമായി പ്രവർത്തിക്കാൻ കഴിയാതെ വരികയും ചെയ്യും..."

83. *സ്വിസ് റിബൺസ് പ്രൈവറ്റ് ലിമിറ്റഡ് & അനദർ. v. യൂണിയൻ ഓഫ് ഇന്ത്യ ആൻഡ് അദേർസ്* [11] എന്ന കേസിൽ ഈ കോടതിക്കു വേണ്ടി വിധി പറഞ്ഞ ജസ്റ്റിസ് നരിമാൻ ഇനിപ്പറയുന്ന തരത്തിൽ നിരീക്ഷിച്ചു:

"28. കോർപ്പറേറ്റ് കടക്കാരനെ അതിന്റെ സ്വന്തം മാനേജ്മെൻറിൽ നിന്നും ലിക്വിഡേഷൻ വഴിയുള്ള കോർപ്പറേറ്റ് മരണത്തിൽ നിന്നും സംരക്ഷിച്ചുകൊണ്ട് അതിനെ പുനരുജ്ജീവിപ്പിക്കുകയും പ്രവർത്തനം തുടരുകയും ചെയ്യുക എന്നതാണ്

[10] 2021 SCC Online SC 152
[11] (2019) 4 SCC 17

നിയമനിർമ്മാണത്തിന്റെ പ്രാഥമിക ലക്ഷ്യം എന്ന് കാണാവുന്നതാണ്. അതിനാൽ, കടം വീണ്ടെടുക്കലിനായുള്ള ഒരു നിയമം മാത്രമല്ലാ കോഡ്, കോർപ്പറേറ്റ് കടക്കാരനെ അതിന്റെ കാലിൽ നിൽക്കാനാകുന്ന തരത്തിലേക്ക് തിരികെയെത്തിക്കാൻ കൂടി ശ്രമിക്കുന്ന പ്രയോജനകരമായ ഒരു നിയമനിർമ്മാണമാണ്. അതിനാൽ, കോർപ്പറേറ്റ് കടക്കാരന്റെ താൽപ്പര്യങ്ങളെ അതിന്റെ പ്രൊമോട്ടർമാരിൽ നിന്നും/മാനേജ്മെൻറിലുള്ളവരിൽ നിന്നും വേർതിരിക്കുകയും വേർപെടുത്തുകയും ചെയ്തിരിക്കുന്നു. അതിനാൽ, റെസലൂഷൻ പ്രോസസ്സ് കോർപ്പറേറ്റ് കടക്കാരന് എതിരല്ല, മറിച്ച് അതിന്റെ താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതാണ്. വകുപ്പ് 14 ചുമത്തുന്ന മൊറട്ടോറിയം കോർപ്പറേറ്റ് കടക്കാരന്റെ തന്നെ താൽപ്പര്യങ്ങൾക്കുവേണ്ടിയുള്ളതാണ്, അതുവഴി റെസലൂഷൻ പ്രോസസ്സ് സമയത്ത് കോർപ്പറേറ്റ് കടക്കാരന്റെ ആസ്തികൾ സംരക്ഷിക്കപ്പെടുന്നു. റെസലൂഷൻ പ്രോസസ്സ് നടക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള സമയപരിധികൾ കോർപ്പറേറ്റ് കടക്കാരന്റെ ആസ്തികൾ കൂടുതൽ ചോർന്നുപോകുന്നതിൽ നിന്ന് സംരക്ഷിക്കുന്നു, കൂടാതെ എല്ലാ വായ്പാദാതാക്കളെയും തൊഴിലാളികളെയും സംരക്ഷിക്കുകയും ചെയ്യുന്നു, അതുവഴി മറ്റൊരു മാനേജ്മെൻറിന് അതിന്റെ സംരംഭകത്വ കഴിവുകളിലൂടെ കോർപ്പറേറ്റ് കടക്കാരനെ പുനരുജ്ജീവിപ്പിക്കാൻ കഴിയുന്നത്ര വേഗത്തിൽ റെസലൂഷൻ പ്രോസസ്സ് മുന്നോട്ട് പോകുന്നു."

84. ഐബിസിക്ക് മറ്റ് നിയമങ്ങളെക്കാൾ മുൻഗണനയുണ്ട്. ഐബിസിയിലെ വകുപ്പ് 238 അനുസരിച്ച്, നിലവിൽ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, അത്തരം നിയമം വഴി പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും സജ്ജീകരണത്തിലോ അടങ്ങിയിട്ടുള്ള കാര്യങ്ങളുമായി പൊരുത്തക്കേടുണ്ടെങ്കിൽ പോലും, ഐബിസിയുടെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടാകും.

85. *സ്വിസ് റിബൺസ് പ്രൈവറ്റ് ലിമിറ്റഡ് v. യൂണിയൻ ഓഫ് ഇന്ത്യ (മേൽ പരാമർശം)* കേസിൽ ഈ കോടതി നിരീക്ഷിച്ചതുപോലെ, നിർബന്ധിത വീണ്ടെടുക്കൽ വ്യവഹാരങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഐബിസിക്ക് കീഴിലുള്ള കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ കോർപ്പറേറ്റ് കടക്കാരന്റെ താൽപ്പര്യങ്ങൾക്ക് എതിരല്ല.

86. കോർപ്പറേറ്റ് കടക്കാരന്റെ എല്ലാ വായ്പാദാതാക്കളെയും തുല്യമായി പരിഗണിക്കുന്നതിനൊപ്പം, കടക്കാരന് കുടിശ്ശിക തീർക്കാൻ കഴിയാതെ പോയ ഘട്ടത്തിൽ മാനേജ്മെൻറിൽ ഉണ്ടായിരുന്നവർ അല്ലാത്ത മറ്റ് വ്യക്തികളുടെ സംരംഭകത്വ കഴിവുകളിലൂടെ കോർപ്പറേറ്റ് കടക്കാരനെ പുനരുജ്ജീവിപ്പിക്കുന്നതിനും അതിലൂടെ അതിന്റെ ജീവനക്കാരുടെയും/തൊഴിലാളികളുടെയും ഉപജീവനമാർഗ്ഗങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി കൂടിയുള്ള ഒരു പ്രയോജനകരമായ നിയമമാണ്. ഇത് കോർപ്പറേറ്റ് കടക്കാരന്റെ താൽപ്പര്യങ്ങളെ

അതിന്റെ പ്രൊമോട്ടർമാരുടെയും/മാനേജ്മെന്റിലെ ആളുകളുടെയും താൽപ്പര്യങ്ങളിൽ നിന്ന് വേർതിരിക്കുന്നു.

87. കോർപ്പറേറ്റ് കടക്കാർക്കെതിരെ നിയമപരമായ ബലപ്രയോഗം സാധ്യമാക്കുന്ന വ്യവഹാരങ്ങൾക്കായി വായ്പാദാതാക്കളെ നിർബന്ധിതരാക്കുന്നത് കോർപ്പറേറ്റ് കടക്കാരന്റെയും അതിന്റെ വായ്പാദാതാക്കളുടെയും താൽപ്പര്യങ്ങൾക്ക് ഒരുപോലെ ദോഷകരമാകും. ഒരു കോർപ്പറേറ്റ് കടക്കാരനെതിരെ വ്യത്യസ്ത വേദികളിലായി അത്തരം ഒന്നിലധികം ബലപ്രയോഗ നടപടികൾ ഉണ്ടെങ്കിൽ അതിന്റെ വാണിജ്യപരമായ/ബിസിനസ്സ് പ്രവർത്തനങ്ങളെ അവ തടസ്സപ്പെടുത്തുകയും കൂടുതൽ ധനശേഖരം കുറയ്ക്കുകയും ചെയ്യും. കോർപ്പറേറ്റിന്റെ സ്ഥാവരവും ജംഗമവുമായ ആസ്തികൾ നശിക്കുന്നതിലേക്കും അതിന്റെ വാണിജ്യപരമായ മരണത്തിലേക്കും ഇത് നയിച്ചേക്കാം. അത്തരം നടപടികൾ വായ്പാദാതാക്കൾക്കും സാമ്പത്തികമായി പ്രയോജനകരമല്ലാതായി മാറാം. കാരണം വ്യവഹാരങ്ങൾക്ക് വളരെയധികം സമയമെടുക്കുകയും വ്യവഹാരത്തിനുള്ള ചെലവുകൾ ഭാരിച്ചതാവുകയും ചെയ്യാം. വ്യവഹാരത്തിൽ അന്തിമ വിജയം നേടിയാലും ക്ലെയിം യാഥാർത്ഥ്യമാവുമോ എന്ന കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുകയും ചെയ്യും.

88. അതിനാൽ, ഐബിസിയിലെ വ്യവസ്ഥകളും അതിന്റെ കീഴിൽ രൂപീകരിച്ച നിയമങ്ങളും ചട്ടങ്ങളും നിയമം ഉണ്ടാക്കിയതിന്റെ ലക്ഷ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി ഉദാരമായി വ്യാഖ്യാനിക്കേണ്ടതുണ്ട്, നിയമത്തിന്റെ ലക്ഷ്യങ്ങളെ പരാജയപ്പെടുത്തുന്ന തരത്തിൽ ഇടുങ്ങിയതോ പാണ്ഡിത്യപരമായതോ ആയ വ്യാഖ്യാനം നൽകരുത്.

89. ഏതെങ്കിലും നിയമപരമായ വ്യവസ്ഥ പരിശോധിക്കുമ്പോൾ കൂടാതെ/അല്ലെങ്കിൽ വ്യാഖ്യാനിക്കുമ്പോൾ നിയമത്തിനു പിന്നിലെ നിയമനിർമാണ സഭയുടെ ഉദ്ദേശ്യം നോക്കണം. നിയമത്തിന്റെ ഉദ്ദേശ്യം നിയമനിർമ്മാണ സഭ തന്നെ ഉപയോഗിച്ച വാക്കുകളിൽ നിന്ന് കണ്ടെത്തണം. സംശയമുണ്ടെങ്കിൽ, നിയമത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യവും അല്ലെങ്കിൽ അതിനു പിന്നിലുള്ള കാരണവും താൽപ്പര്യവും നോക്കുന്നത് എപ്പോഴും ഉചിതമാണ്. *പോപട്ലാൽ ഷാ v. സ്റ്റേറ്റ് ഓഫ് മദ്രാസ്*[12] കേസിൽ ഈ കോടതിയുടെ വിധി പറഞ്ഞ ജസ്റ്റിസ് മുഖർജി നിരീക്ഷിച്ചതു പോലെ ഓരോ വാക്കും, പദപ്രയോഗവും, വാക്യവും നിയമത്തിന്റെ പൊതുവായ ഉദ്ദേശ്യത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കണം. ജസ്റ്റിസ് കൃഷ്ണയ്യർ പറഞ്ഞിട്ടുള്ളതു പോലെ, വ്യാഖ്യാനം എന്നത് "ലക്ഷ്യത്താൽ തെളിഞ്ഞുവരുന്നതും, വാക്കുകളാൽ നയിക്കപ്പെട്ടതുമായിരിക്കണം".

90. ഒരു നിയമത്തിലെ ഒരു പ്രത്യേക വ്യവസ്ഥയുടെ അർത്ഥത്തെക്കുറിച്ച് ഒരു ചോദ്യം ഉയർന്നുവരുമ്പോൾ, ആ വ്യവസ്ഥയെ അതിന്റെ പശ്ചാത്തലത്തിൽ വായിക്കണം. നിയമം

[12] AIR 1953 SC 274

പൂർണ്ണമായി വായിക്കണം. നിയമത്തിന്റെ മുൻകാല അവസ്ഥ, നിയമത്തിന്റെ പൊതുവായ വ്യാപ്തിയും പരിധിയും, അത് പരിഹരിക്കാൻ ഉദ്ദേശിച്ച ദോഷം എന്നിവയെല്ലാം പ്രസക്തമായ ഘടകങ്ങളാണ്.

91. ഐബിസിയിലെ വ്യവസ്ഥകളെ, പ്രത്യേകിച്ചും ഐബിസിയിലെ വകുപ്പ് 7(2) മുതൽ (5) വരെയുള്ള വ്യവസ്ഥകളെ, 2016-ലെ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി ചട്ടങ്ങളുമായി ചേർത്തുവെച്ച് ശ്രദ്ധയോടെ വായിക്കുമ്പോൾ, അപേക്ഷയെ അംഗീകരിക്കുകയോ തള്ളുകയോ ചെയ്യുന്ന അന്തിമ ഉത്തരവ് പാസാക്കുന്നത് വരെ ഏത് സമയത്തും രേഖകൾ സമർപ്പിക്കുന്നതിന് ഒരു തടസ്സവുമില്ല.

92. തിരിച്ചടവിൽ ഒരു വീഴ്ചയുണ്ടോ എന്ന് കണ്ടെത്താൻ വകുപ്പ് 7(4)-ൽ 14 ദിവസത്തെ സമയപരിധി പറയുന്നുണ്ട്, എന്നാലിത് നിർദ്ദേശത്തിന്റെ സ്വഭാവത്തിലാണ് അല്ലാതെ നിർബന്ധിതമല്ല. 2019 ഡിസംബർ 28 മുതൽ പ്രാബല്യത്തിൽ വന്ന ഭേദഗതി പ്രകാരം, അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് മേൽപ്പറഞ്ഞ സമയത്തിനുള്ളിൽ വീഴ്ച കണ്ടെത്താനും ഐബിസിയിലെ വകുപ്പ് 7-ലെ ഉപ-വകുപ്പ് (5) പ്രകാരം ഒരു ഉത്തരവ് പാസാക്കാനും കഴിഞ്ഞില്ലെങ്കിൽ, അതിനുള്ള കാരണങ്ങൾ രേഖാമൂലം രേഖപ്പെടുത്തണം. മറ്റ് ശിക്ഷകളൊന്നും അതിന് നിർദ്ദേശിച്ചിട്ടില്ല.

93. കൂടാതെ, അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി വകുപ്പ് 7-ലെ ഉപ-വകുപ്പ് (5) ഖണ്ഡം (ബി) പ്രകാരം അപേക്ഷ നിരസിക്കുന്നതിന് മുമ്പ് അപേക്ഷകന് നോട്ടീസ് നൽകുന്നതിനും നോട്ടീസ് ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ അപേക്ഷയിലെ പിഴവ് തിരുത്താൻ അപേക്ഷകനോട് നിർദേശിക്കുന്നതിനും അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് ബാധ്യതയുണ്ടെന്ന് ഐബിസിയിലെ വകുപ്പ് 7(5)(ബി) നിഷ്കർഷിക്കുന്നു. അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി അപേക്ഷകനോട് ചില പിഴവുകൾ തിരുത്താൻ ആവശ്യപ്പെടുമ്പോൾ, ആ പിഴവ് ഏഴ് ദിവസത്തിനുള്ളിൽ തിരുത്തണം. നോട്ടീസ് ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ അപേക്ഷയിലെ പിഴവുകൾ തിരുത്താൻ കഴിയാത്തതിന് ഒരു ശിക്ഷയും നിർദ്ദേശിച്ചിട്ടില്ല. ഉചിതമായ ഒരു കേസിൽ, നീതിയുടെ താൽപ്പര്യം കണക്കിലെടുത്ത് ഏഴ് ദിവസത്തിന് ശേഷം പോലും തിരുത്തിയ അപേക്ഷ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് സ്വീകരിക്കാവുന്നതാണ്.

94. ഐബിസിയിലെ വകുപ്പ് 12 കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ പൂർത്തിയാക്കുന്നതിന് ഒരു സമയപരിധി നിശ്ചയിക്കുന്നു. ഈ സമയപരിധി കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ ആരംഭിക്കുന്നതിനുള്ള അപേക്ഷ അംഗീകരിച്ച തീയതി മുതൽ ആരംഭിക്കുന്നു.

95. ഏതായാലും, *ആർസെലർമിത്തൽ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് v. സതീഷ് കുമാർ ഗുപ്ത ആൻഡ് അനദർ* [13] കേസിൽ ഈ കോടതി വകുപ്പ് 12 പരിഗണിച്ചു. ഈ കോടതി ഇപ്രകാരം നിരീക്ഷിച്ചു:

> *"86. കോഡിന് കീഴിൽ ഉയർന്നുവരുന്ന കാര്യങ്ങളിൽ എൻസിഎൽടിയും എൻസിഎൽഎടിയും എത്രയും വേഗം തീരുമാനമെടുക്കണം എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ, ഈ രണ്ട് ട്രൈബ്യൂണലുകളും വലിയ അളവിലുള്ള വ്യവഹാരങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട് എന്ന വസ്തുതയിൽ നിന്ന് നമുക്ക് കണ്ണടയ്ക്കാൻ കഴിയില്ല. എൻസിഎൽടി അല്ലെങ്കിൽ എൻസിഎൽഎടി ഐബിസിയിലെ വകുപ്പ് 31 പ്രകാരം ഉയർന്നുവരുന്ന ഒരു വിഷയം 180 ദിവസത്തെ സമയപരിധിക്ക് ശേഷമോ അല്ലെങ്കിൽ 270 ദിവസത്തെ നീട്ടിയ സമയപരിധിക്ക് ശേഷമോ തീരുമാനിക്കുകയാണെങ്കിൽ എന്ത് സംഭവിക്കും? ആക്ടസ് ക്യൂറിയേ നെമിനെം ഗ്രാവബിറ്റ് – കോടതിയുടെ നടപടി ആരെയും തെറ്റായി ബാധിക്കുന്നതാകരുത് – എന്നത് നമ്മുടെ നീതിന്യായ വ്യവസ്ഥയിലെ സ്ഥാപിതമായ തത്വമാണ്. (ജാങ് സിങ് v. ബ്രിജ് ലാൽ (1964) 2 എസ്സിആർ 145 : എഐആർ 1966 എസ്.സി. 1631], എസ്സിആർ പേജ് 149; എ.ആർ. ആൻ്റുലേ v. ആർ.എസ്. നായക് (1988) 2 എസ്സിസി 602 : 1988 എസ്സിസി (ക്രി.) 372 : 1988 സപ്പ് (1) എസ്സിആർ 1], എസ്സിആർ പേജ് 71 എന്നിവ കാണുക). ഒരു ട്രൈബ്യൂണൽ എടുക്കുന്ന സമയം കോർപ്പറേറ്റ് ഇൻസോൾവൻസി റെസല്യൂഷൻ പ്രോസസ്സ് നടക്കേണ്ട സമയപരിധികളെ ഇല്ലാതാക്കരുത് എന്നതും സത്യമാണ്. ഇവ ഇല്ലാതാക്കപ്പെടുന്നതിന്റെ ഫലം കോർപ്പറേറ്റ് മരണമാണെന്നത് നാം മറക്കാൻ പാടില്ല. കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയയുടെ സമയബന്ധിതമായ പൂർത്തീകരണവും, അല്ലാത്തപക്ഷം കോർപ്പറേറ്റ് കടക്കാരനെ ലിക്വിഡേഷനിലേക്ക് മാറ്റുന്നതും തമ്മിൽ ഒരു സന്തുലിതാവസ്ഥ നിലനിർത്തുക എന്നതാണ് കോഡിന്റെ യുക്തിസഹമായ ഏക വ്യാഖ്യാനം. കോർപ്പറേറ്റ് കടക്കാരനിൽ നിരവധി ജീവനക്കാരും തൊഴിലാളികളും ഉൾപ്പെടുന്നുണ്ടെന്നും, അവരുടെ അന്നന്നത്തെ അപ്പം കോർപ്പറേറ്റ് ഇൻസോൾവൻസി റെസല്യൂഷൻ പ്രോസസ്സിന്റെ ഫലത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും നാം മറക്കാൻ പാടില്ല. കോർപ്പറേറ്റ് കടക്കാരനെ ഒരു പ്രവർത്തന സ്ഥാപനമായി തുടർന്നും നടത്താൻ കഴിയുന്ന ഒരു റെസല്യൂഷൻ അപേക്ഷകൻ ഉണ്ടെങ്കിൽ, അത് സാധ്യമാക്കാൻ എല്ലാ വിധത്തിലും ശ്രമിക്കണം. [2016-ലെ ഐബിസി (ലിക്വിഡേഷൻ പ്രോസസ്) റെഗുലേഷൻസിലെ റെഗുലേഷൻ 32 പ്രകാരം, കോർപ്പറേറ്റ് കടക്കാരനെ ഒരു 'പ്രവർത്തന സ്ഥാപനമായി' വിൽക്കാൻ ലിക്വിഡേറ്റർക്ക് കഴിയും]. തങ്ങൾക്കു മുന്നിലുള്ള അപ്പീൽ അനുവദിച്ചോ അല്ലെങ്കിൽ തള്ളിക്കളഞ്ഞോ, ഒരു*

[13] (2019) 2 SCC 1

റെസല്യൂഷൻ പ്ലാൻ അപ്പീൽ അതോറിറ്റി അംഗീകരിക്കുകയാണെങ്കിൽ, ആ വ്യവഹാരത്തിന് എടുത്ത സമയം ഒഴിവാക്കണം. എൻസിഎൽടി, എൻസിഎൽഎടി എന്നിവയ്ക്ക് തീരുമാനമെടുക്കുന്നതിൽ മന്ദഗതി സ്വീകരിക്കാമെന്ന് ഇതിനർത്ഥമില്ല. എൻസിഎൽടി, എൻസിഎൽഎടി, അല്ലെങ്കിൽ ഈ കോടതി ഒരു അപേക്ഷയിൽ തീരുമാനമെടുക്കാൻ 270 ദിവസത്തിൽ കൂടുതൽ സമയമെടുക്കുന്ന സാഹചര്യത്തിൽ, കേസ് തീർപ്പാക്കാൻ നിയമനടപടികൾക്ക് വേണ്ടിവരുന്ന സമയം ഒഴിവാക്കാനാകില്ല. കാരണം, അങ്ങനെ ചെയ്താൽ ഒരു നല്ല റെസല്യൂഷൻ പ്ലാൻ ഉപേക്ഷിക്കേണ്ടിവരും, അത് കോർപ്പറേറ്റ് സ്ഥാപനത്തിന്റെ മരണത്തിനും ജീവനക്കാരുടെയും തൊഴിലാളികളുടെയും സ്ഥാനചലനത്തിനും ഇടയാക്കും.

87. ഈ കേസിന്റെ വസ്തുതകളിലേക്ക് വരികയാണെങ്കിൽ, ആദ്യം നമെറ്റൽ അവതരിപ്പിച്ച റെസല്യൂഷൻ പ്ലാൻ പരിശോധിക്കാം. കോർപ്പറേറ്റ് കടക്കാരനായ ഇഎസ്ഐഎലിനായുള്ള റെസല്യൂഷൻ പ്ലാൻ സമർപ്പിക്കുന്നതിനായി 2017 ഒക്ടോബർ 13-ന് മൗറീഷ്യസിൽ നമെറ്റൽ രൂപീകരിച്ചു. ഇതേ ദിവസം തന്നെ എഎച്ച്എൽ, എഇഎൽ എന്നീ രണ്ട് കമ്പനികളും മൗറീഷ്യസിൽ രൂപീകരിച്ചു. ഇഎസ്ഐഎലിന്റെ പ്രമോട്ടറായ ശ്രീ രവി റുയിയുടെ മകനായ ശ്രീ രേവന്ത് റുയിയാണ് എഎച്ച്എലിന്റെ മുഴുവൻ ഓഹരി മൂലധനവും കൈവശം വെച്ചിരുന്നത്. എഎച്ച്എൽ ആകട്ടെ, എഇഎലിന്റെ മുഴുവൻ ഓഹരികളും കൈവശം വെച്ചിരുന്നു. എഇഎൽ ആണ് നമെറ്റലിന്റെ മുഴുവൻ ഓഹരി മൂലധനവും കൈവശം വെച്ചിരുന്നത്. ഈ ഘട്ടത്തിൽ, ശ്രീ രവി റുയിയുടെ മകൻ എന്ന നിലയിൽ, ശ്രീ രേവന്ത് റുയിയെ കോർപ്പറേറ്റ് കടക്കാരനുമായി ചേർന്ന് പ്രവർത്തിക്കുന്ന ഒരു വ്യക്തിയായി കണക്കാക്കാം എന്നതിൽ ഒരു സംശയവുമില്ല, കാരണം അദ്ദേഹം 2011-ലെ ടേക്ക്ഓവർ റെഗുലേഷൻസിലെ റെഗുലേഷൻ 2(1)(കൃ)(v)-ന്റെ പരിധിയിൽ വരുന്നു.

96. ഐബിസിയിലെ വകുപ്പ് 12-ന്റെ കാര്യത്തിൽ പോലും, അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിയുടെ ജോലിഭാരം ഈ കോടതി കണക്കിലെടുക്കുകയും വ്യക്തമാക്കിയ സമയപരിധി ഒരു നിർദ്ദേശമാണെന്ന് ഫലത്തിൽ പ്രഖ്യാപിക്കുകയും ചെയ്തു. നിശ്ചിത സമയത്തിനുള്ളിൽ റെസല്യൂഷൻ പ്രക്രിയ പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ട എന്നതിന്റെ പേരിൽ മാത്രം, അല്ലാത്തപക്ഷം നല്ലതായ ഒരു റെസല്യൂഷൻ പ്ലാൻ മാറ്റിവെക്കുന്നതിനും കമ്പനിയുടെ കോർപ്പറേറ്റ് മരണത്തിനും ഇടയാകരുത് എന്ന് ഈ കോടതി നിരീക്ഷിച്ചു. കോർപ്പറേറ്റ് ഇൻസോൾവൻസി റെസല്യൂഷൻ പ്രോസസ്സിന്റെ സമയബന്ധിതമായ പൂർത്തീകരണത്തിനും സമയക്രമം പാലിക്കുന്നതിൽ പരാജയപ്പെട്ടാൽ കോർപ്പറേറ്റ് കടക്കാരനെ ലിക്വിഡേഷനിലേക്ക് മാറ്റുന്നതിനും

ഇടയിൽ ഒരു സന്തുലിതാവസ്ഥ നിലനിർത്തേണ്ടതിന്റെ ആവശ്യകത ഈ കോടതി ഊന്നിപ്പറഞ്ഞു.

97. ഇന്ത്യ ഗവൺമെന്റിലെ കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിന്റെ ഇൻസോൾവൻസി കമ്മിറ്റി, 2018 മാർച്ചിൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ, കാലഹരണപ്പെട്ട കടങ്ങൾക്ക് ഒരു പുതിയ ജീവിതം നൽകുക എന്നത് ഐബിസിയുടെ ഉദ്ദേശ്യമല്ലായെന്ന് പ്രസ്താവിച്ചു. അതിനുശേഷം 2018-ലെ ഇൻസോൾവെൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ് (രണ്ടാം ഭേദഗതി) നിയമ (2018-ലെ 26-ാം നിയമം) പ്രകാരം ഐബിസിയിലെ വകുപ്പ് 238 എ, 2018 ജൂൺ 6 മുതൽ പ്രാബല്യത്തിൽ വന്നു.

98. ഐബിസി-യുടെ 238 എ വകുപ്പ് ഇങ്ങനെ പറയുന്നു:

"അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി, നാഷണൽ കമ്പനി ലോ അപ്പലേറ്റ് ട്രിബ്യൂണൽ, ഡെറ്റ് റിക്കവറി ട്രിബ്യൂണൽ, അല്ലെങ്കിൽ ഡെറ്റ് റിക്കവറി അപ്പലേറ്റ് ട്രിബ്യൂണൽ എന്നിവയുടെ മുമ്പാകെയുള്ള നടപടിക്രമങ്ങൾക്കും അപ്പീലുകൾക്കും1963-ലെ കാലപരിധി നിയമത്തിലെ (1963-ലെ 36) വ്യവസ്ഥകൾ കഴിയുന്നിടത്തോളം, ബാധകമാകുന്നതാണ്."

99. *ശേഷ് നാഥ് സിംഗ് & അനദർ v. ബൈദ്യാബതി ഷിയോറഫുലി (മേൽ പരാമർശം)* കേസിൽ, ഈ കോടതി നിരീക്ഷിച്ചത് ഇങ്ങനെയാണ്:

"91. എൻസിഎൽടി/എൻസിഎൽഎടി-യിലെ നടപടികൾക്ക് കാലപരിധി നിയമത്തിലെ വ്യവസ്ഥകൾ അതേപടി ബാധകമാക്കുന്നതിനു പകരം, "കഴിയുന്നിടത്തോളം" ('as far as may be') എന്ന വാക്ക് ബോധപൂർവ്വമാണ് നിയമനിർമ്മാതാക്കൾ ഉപയോഗിച്ചിരിക്കുന്നത്. "കഴിയുന്നിടത്തോളം" എന്ന വാക്ക് പ്രാധാന്യമില്ലാത്തതല്ല. നിയമനിർമ്മാണത്തിന്റെ വിഷയവുമായും നിയമനിർമ്മാതാവിന്റെ ലക്ഷ്യവുമായും ഏറ്റവും മികച്ച രീതിയിൽ പൊരുത്തപ്പെടുന്ന അർത്ഥത്തിൽ ഇത് മനസ്സിലാക്കണം. എൻസിഎൽടി/എൻസിഎൽഎടി-യിലെ നടപടികൾക്ക് കാലപരിധി നിയമം "കഴിയുന്നിടത്തോളം" ബാധകമാക്കുന്നതിന്റെ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്ന ഒരു വ്യാഖ്യാനം കോടതികൾ നൽകരുത്.

94. ഐബിസി-യുടെ വകുപ്പ് 238A-യിൽ കാണുന്ന "കഴിയുന്നിടത്തോളം ('as far as may be')" എന്ന പ്രയോഗം, സാധാരണയായി നിർബന്ധിതമാക്കുന്നുവെന്ന കരുതുന്ന "ഷാൽ (shall)" എന്ന വാക്കിന്റെ കാർക്കശ്യം കുറയ്ക്കുന്നു. ഐബിസി-യിലെ ചില വ്യവസ്ഥകളുമായി വ്യക്തമായി പൊരുത്തപ്പെടാത്തപക്ഷം കാലപരിധി നിയമത്തിലെ വ്യവസ്ഥകൾ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി (എൻസിഎൽടി) അല്ലെങ്കിൽ അപ്പലേറ്റ്

അതോറിറ്റി (എൻസിഎൽഎടി) എന്നിവ മുമ്പാകെയുള്ള നടപടികൾക്ക് ബാധകമാകണമെന്നില്ലെന്ന് "കഴിയുന്നിടത്തോളം" എന്ന പ്രയോഗം സൂചിപ്പിക്കുന്നു. അതേസമയം, "കഴിയുന്നിടത്തോളം" എന്ന വാക്കിലൂടെ കാലപരിധി നിയമത്തിലെ വകുപ്പ് 14-ന്റെ അടിസ്ഥാന തത്വങ്ങളുടെ ആവശ്യകതകളെ പൂർണ്ണമായി ഒഴിവാക്കുന്നതായി വ്യാഖ്യാനിക്കാൻ കഴിയില്ല, മറിച്ച് ആവശ്യമായ മാറ്റങ്ങളോടെ കൂടുതൽ വിശാലവും, ഉദാരവും, സന്ദർഭോചിതവും, ലക്ഷ്യാധിഷ്ഠിതവുമായ ഒരു വ്യാഖ്യാനം അത് അനുവദിക്കുന്നു.

100. ഐബിസിക്ക് കീഴിൽ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി (എൻസിഎൽടി) മുമ്പാകെ ഒരു അപേക്ഷ നൽകുന്നതിന് 1963 ലെ കാലപരിധി നിയമത്തിൽ ഒരു പ്രത്യേക കാലയളവ് നിർദ്ദേശിച്ചിട്ടില്ല. കാലപരിധി നിയമത്തിന്റെ ഷെഡ്യൂളിൽ മറ്റെവിടെയും കാലപരിധി നിഷ്കർഷിച്ചിട്ടില്ലാത്ത ഒരു അപേക്ഷയെ സംബന്ധിച്ചിടത്തോളം അത് അനുച്ഛേദം 137-ന് കീഴിലാണ് വരുന്നത്. ഷെഡ്യൂളിലെ അനുച്ഛേദം 137 പ്രകാരം അത്തരം ഒരു അപേക്ഷയ്ക്കുള്ള കാലപരിധി അപേക്ഷിക്കാനുള്ള അവകാശം ലഭിക്കുന്ന തീയതി മുതൽ മൂന്ന് വർഷമാണ്.

101. അതിനാൽ, ഐബിസിയിലെ വകുപ്പ് 7 അല്ലെങ്കിൽ 9 പ്രകാരം ഒരു അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി എന്നത് വ്യവഹാരത്തിനുള്ള അവകാശം ലഭിക്കുന്ന തീയതി മുതൽ, അതായത് വീഴ്ച വരുത്തിയ തീയതി മുതലുള്ള മൂന്ന് വർഷമാണ് എന്നതിൽ തർക്കമില്ല. *ഗൗരവ് ഹർഗോവിന്ദ്ഭായ് ദാവെ v. അസറ്റ് റീ കൺസ്ട്രക്ഷൻസ് കമ്പനി (ഇന്ത്യ) ലിമിറ്റഡ്.* (മേൽ പരാമർശം) എന്ന കേസിൽ, ജസ്റ്റിസ് നരിമാൻ രചിച്ച വിധിന്യായത്തിൽ ഇങ്ങനെ പറയുന്നു:

"6. ...ഈ കേസ് വകുപ്പ് 7 പ്രകാരം ഫയൽ ചെയ്ത ഒരു അപേക്ഷയായതിനാൽ, ഇത് റെസിഡ്യൂവറി ആർട്ടിക്കിൾ 137-ൽ മാത്രമേ ഉൾപ്പെടുകയുള്ളൂ."

102. *ബി.കെ. എജ്യുക്കേഷണൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് v. പരാഗ് ഗുപ്ത ആൻഡ് അസോസിയേറ്റ്സ്* [14] കേസിൽ, വിധിന്യായം പ്രസ്താവിച്ചുകൊണ്ട് ജസ്റ്റിസ് നരിമാൻ ഇങ്ങനെ പറഞ്ഞു:

"കോഡ് നിലവിൽ വന്നതുമുതൽ വകുപ്പ് 7, 9 എന്നിവ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾക്ക് കാലപരിധി ബാധകമായതിനാൽ, ലിമിറ്റേഷൻ ആക്ടിലെ അനുച്ഛേദം 137 പ്രയോഗിക്കേണ്ടതാണ് എന്നത് വ്യക്തമാണ്. അതിനാൽ, തിരിച്ചടവിൽ ഒരു വീഴ്ച സംഭവിക്കുമ്പോൾ 'വ്യവഹാരത്തിനുള്ള അവകാശം' ലഭിക്കുന്നു. അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് മൂന്ന് വർഷം മുമ്പാണ് വീഴ്ച സംഭവിച്ചതെങ്കിൽ, ആ അപേക്ഷ കാലപരിധി

[14] (2019) 11 SCC 633

നിയമത്തിലെ അനുച്ഛേദം 137 പ്രകാരം തടയപ്പെട്ടും. അത്തരം സന്ദർഭങ്ങളിൽ, അപേക്ഷ സമർപ്പിക്കുന്നതിലെ കാലതാമസം ക്ഷമിക്കുന്നതിന് കേസിലെ വസ്തുതകൾ പരിഹണിച്ച് ലിമിറ്റേഷൻ ആക്ടിലെ വകുപ്പ് 5 ബാധകമാക്കാം."

103. ഐബിസി–യുടെ വകുപ്പ് 7 അല്ലെങ്കിൽ 9 പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി, വ്യവഹാരത്തിനുള്ള അവകാശം ലഭിച്ച തീയതി, അതായത്, ഡിഫോൾട്ട് സംഭവിച്ച തീയതി മുതൽ മൂന്ന് വർഷമാണെന്ന് *ജിഗ്നേഷ് ഷാ v. യൂണിയൻ ഓഫ് ഇന്ത്യ* കേസിൽ, ഈ കോടതിക്കു വേണ്ടി സംസാരിച്ച ജസ്റ്റിസ് നരിമാൻ വീണ്ടും വ്യക്തമാക്കി.

104. ഡിഫോൾട്ട് അഥവാ വീഴ്ച എന്നത് ഒരു തുടർച്ചയായ തെറ്റാണെന്നും അതിനാൽ 1963–ലെ കാലപരിധി നിയമത്തിലെ വകുപ്പ് 23 ബാധകമാകുമെന്നുമുള്ള വാദം *വശ്ദേവോ ആർ. ഭോജ്വാനി v. അഭ്യുദയ കോ–ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് & അദേർസ്* [15] കേസിൽ കോടതി തള്ളിക്കളഞ്ഞു. *ബാൽകൃഷ്ണ സവൽറാം പൂജാരി വാഗ്മാരെ v. ശ്രീ ധ്യാനേശ്വർ മഹാരാജ് സൻസ്ഥാൻ* [16] എന്ന കേസിനെ ആശ്രയിച്ചുകൊണ്ടായിരുന്നു ഇത്.

105. ബാൽകൃഷ്ണ സവൽറാം പൂജാരി വാഗ്മാരെ (മേൽ പരാമർശം) കേസിൽ ജസ്റ്റിസ് പി.ബി. ഗജേന്ദ്രഗാഡ്കർ ഇപ്രകാരം അഭിപ്രായപ്പെട്ടു :

> "... തുടർച്ചയായ ഒരു അവകാശത്തെക്കുറിച്ചല്ല, മറിച്ച് തുടർച്ചയായ ഒരു തെറ്റിനെക്കുറിച്ചാണ് വകുപ്പ് 23 പറയുന്നത്. തുടർച്ചയായ ഒരു തെറ്റ് എന്നതുകൊണ്ട്, അത് തുടർച്ചയായ ഒരു ഹാനിയുടെ ഉറവിടം സൃഷ്ടിക്കുന്നുവെന്നും ആ പ്രവൃത്തി ചെയ്യുന്ന വ്യക്തിയെ ആ ഹാനിയുടെ തുടർച്ചയ്ക്ക് ഉത്തരവാദിയും ബാധ്യസ്ഥനുമാക്കുകയും ചെയ്യുന്നുവെന്നും അർത്ഥമാക്കുന്നു. തെറ്റായ പ്രവൃത്തി ഒരു പൂർണ്ണമായ ഹാനിക്ക് കാരണമായാൽ, ആ പ്രവൃത്തിയിൽ നിന്ന് ഉണ്ടാകുന്ന നാശനഷ്ടം തുടർന്നാലും ഒരു തുടർച്ചയായ തെറ്റായി അത് പരിഗണിക്കില്ല. എന്നിരുന്നാലും, ഒരു തെറ്റായ പ്രവൃത്തി അതിലൂടെ ഉണ്ടാകുന്ന ഹാനി തന്നെ തുടരുന്ന തരത്തിലുള്ളതാണെങ്കിൽ, ആ പ്രവൃത്തി ഒരു തുടർച്ചയായ തെറ്റാണ്. ഈ സന്ദർഭത്തിൽ, തെറ്റായ പ്രവൃത്തി കാരണം ഉണ്ടാകുന്ന ഹാനിയുടെ ആ ഹാനിയുടെ ഫലവും തമ്മിൽ ഒരു വ്യത്യാസം കാണേണ്ടതുണ്ട്. തുടർച്ചയായ തെറ്റുകളായി ശരിയായി വിശേഷിപ്പിക്കാവുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് മാത്രമേ വകുപ്പ് 23 ഉപയോഗിക്കാൻ കഴിയൂ."

106. കാലപരിധി എന്നത് അടിസ്ഥാനപരമായി നിയമത്തിന്റെയും വസ്തുതകളുടെയും ഒരു സമ്മിശ്ര ചോദ്യമാണെന്നും, ഒരു കക്ഷി കാലപരിധിയുടെ കാലയളവ് നീട്ടുന്നതിനോ

[15] (2019) 9 SCC 158
[16] 1959 Supp (2) SCR 476

വർദ്ധിപ്പിക്കുന്നതിനോ വേണ്ടി ഒരു പ്രത്യേക വ്യവസ്ഥയുടെ പ്രയോഗം തേടുമ്പോൾ, പ്രസക്തമായ വസ്തുതകൾ ബോധിപ്പിക്കേണ്ടതും ആവശ്യമായ തെളിവുകൾ ഹാജരാക്കേണ്ടതും ആവശ്യമാണെന്നും ബാബുലാൽ വർധർജി ഗുർജാർ (മേൽ പരാമർശം) കേസിലെ ഈ കോടതിയുടെ വിധിന്യായത്തിൽ വ്യക്തമാക്കുന്നു.

107. *ബാബുലാൽ വർധർജി ഗുർജാർ* (മേൽ പരാമർശം) കേസിലെ വസ്തുതകൾ പ്രകാരം, വീഴ്ച വരുത്തിയ തീയതിയായ 8.7.2011 നെയാണ് എൻപിഎ തീയതിയായി രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷയിൽ മറ്റൊരു ഡിഫോൾട്ട് തീയതി പറഞ്ഞിട്ടില്ലായിരുന്നു എന്നതിലും ബാധ്യതകൾ അംഗീകരിക്കുന്ന യാതൊരുവിധ രേഖകളെ കുറിച്ചുമുള്ള സൂചന നൽകിയിട്ടില്ലായിരുന്നു എന്നതിലും തർക്കമില്ലായിരുന്നു. ഈ പശ്ചാത്തലത്തിലാണ് പ്രസ്തുത വിധി വന്നത്.

108. മുകളിൽ പറഞ്ഞ വസ്തുതകളുടെ പശ്ചാത്തലത്തിൽ, കാലപരിധി നിയമത്തിലെ വകുപ്പ് 18-ഉം അതിന്റെ തത്വങ്ങളും പരിഗണിക്കപ്പെടുന്ന അപേക്ഷയ്ക്ക് ബാധകമല്ലെന്ന് ഈ കോടതി നിരീക്ഷിച്ചു. വീഴ്ചയെ സംബന്ധിച്ച് അപേക്ഷയിൽ നൽകിയിട്ടുള്ള പ്രസ്താവനകളും ബാധ്യത അംഗീകരിച്ചതു സംബന്ധിച്ച അഭാവവും കണക്കിലെടുത്തായിരുന്നു അത്.

109. ഒരു വിധിന്യായത്തെ അതിൽ കൈകാര്യം ചെയ്യുന്ന നിയമ പ്രശ്നത്തിന്റെ കാര്യത്തിൽ ഒരു കീഴ്വഴക്കമായി കാണാമെങ്കിലും കേസിലെ വസ്തുതകളിൽ നടത്തിയ നിരീക്ഷണങ്ങളെ അത്തരത്തിൽ കാണരുത് എന്നത് നന്നായി തീർപ്പാക്കപ്പെട്ടിട്ടുള്ള കാര്യമാണ്. "കോൺസ്റ്റിറ്റ്യൂഷ്ണൽ സുപ്രീമസി- എ റീവിസിറ്റ്" എന്ന കൃതിയിൽ വി. സുധീഷ് പൈ മനോഹരമായി എഴുതിയതുപോലെ, "നീതിന്യായപരമായ പ്രസ്താവനകൾ/പ്രഖ്യാപനങ്ങൾ ഒരു പ്രത്യേക കേസിന്റെ വസ്തുതകളുടെ പശ്ചാത്തലത്തിലാണ് ഉണ്ടാകുന്നത്. ഒരു നിയമത്തിലെ വാക്കുകളും വ്യവസ്ഥകളും വ്യാഖ്യാനിക്കാൻ ജഡ്ജിമാർക്ക് ചിലപ്പോൾ നീണ്ട ചർച്ചകൾ ആവശ്യമായി വന്നേക്കാം, പക്ഷേ അത്തരം ചർച്ചകൾ നിർവചിക്കാനുള്ളതല്ല, മറിച്ച് വിശദീകരിക്കാനുള്ളതാണ്. ജഡ്ജിമാർ നിയമങ്ങൾ വ്യാഖ്യാനിക്കുന്നു, അവരുടെ വാക്കുകൾ നിയമങ്ങളായി വ്യാഖ്യാനിക്കരുത്.". പ്രസ്തുത ഭാഗം *ശേഷ് നാഥ് സിംഗ്* (മേൽ പരാമർശം) കേസിലെ ഈ കോടതിയുടെ വിധിന്യായത്തിന്റെ ഭാഗമായി ഉദ്ധരിക്കുകയും ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

110. നിലവിലെ കേസിൽ, അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് (എൻസിഎൽടി) മുന്നിൽ പുതിയ രേഖകൾ ഉണ്ടായിരുന്നു, കോർപ്പറേറ്റ് കടക്കാരന്റെ കുടിശ്ശിക തീർക്കുന്നതിനായി 5.5 കോടി രൂപ നൽകി ഒരു വൺ ടൈം സെറ്റിൽമെന്റ് വാഗ്ദാനം ചെയ്യുന്ന 3.03.2017-ലെ കത്ത് ഉൾപ്പെടെയുള്ള രേഖകളായിരുന്നു അത്. 2018 മാർച്ച് 31 വരെയുള്ള ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളെയും അപ്പീൽവാദി ബാങ്ക് ആശ്രയിച്ചു, ഐബിസിയിലെ വകുപ്പ് 7 പ്രകാരം നടപടികൾ ആരംഭിക്കാൻ കാരണം നൽകുന്ന, ഒ എ 16/2015-ൽ 2017 മാർച്ച് 27 ന് നൽകിയ അന്തിമ

വിധിന്യായത്തിനും ഉത്തരവിനും, 2017 മെയ് 25-ലെ റിക്കവറി സർട്ടിഫിക്കറ്റ് നമ്പർ 2060/2017 നും പുറമേയാണിത്.

111. എൻസിഎൽടി നടപടികളുടെ അവസാന ഘട്ടത്തിൽ പ്ലീഡിംഗുകളിൽ ഭേദഗതി വരുത്താൻ കഴിയില്ല എന്ന വാദത്തിനായുള്ള നിയമപരമായ അടിസ്ഥാനമായി ബാബുലാൽ വർധർജി ഗുർജാർ (മേൽ പരാമർശം) കേസിലെ വിധിന്യായത്തെ കാണാനാകില്ല. കൂടാതെ, നിലവിലെ കേസിലെ ഭേദഗതികൾ നടപടികളുടെ അവസാന ഘട്ടത്തിലായിരുന്നില്ല, മറിച്ച് ഐബിസി 7 പ്രകാരമുള്ള അപേക്ഷ അംഗീകരിക്കുന്നതിന് മുമ്പ്, നടപടികൾ ആരംഭിച്ച് 2/3 മാസത്തിനുള്ളിലായിരുന്നു.

112. 2019 ലെ ഐഎ നമ്പർ 27, 2019 ലെ ഐഎ നമ്പർ 131 എന്നിങ്ങനെയുള്ള തങ്ങളുടെ ഇടക്കാല അപേക്ഷകളിൽ അപ്പീൽവാദി ബാങ്ക് ഫയൽ ചെയ്ത എല്ലാ രേഖകളുടെയും പ്രസക്തി ഈ കോടതി പരിശോധിക്കേണ്ടതില്ല. 2019 ലെ ഐഎ നമ്പർ 27, 2019 ലെ ഐഎ നമ്പർ 131 എന്നീ അപേക്ഷകളോടൊപ്പം സമർപ്പിച്ച രേഖകളും, പിന്തുണയ്ക്കുന്ന സത്യവാങ്മൂലങ്ങളിലെ വാദങ്ങളും പ്രസക്തമായ രേഖകളുടെ തീയതികൾ മുതൽ പുതിയ കാലപരിധി കണക്കാക്കുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടാക്കുന്നു എന്ന് പറഞ്ഞാൽ മതി. ആ രേഖകൾ നടപ്പിലാക്കുന്നതിനുള്ള കാരണങ്ങളും ഇവിടെ അപ്രസക്തമാണെന്നത് ശ്രദ്ധിക്കേണ്ടതാണ്. ആ രേഖകളൊന്നും നിർബന്ധത്തിലൂടെ ഉണ്ടാക്കിയതാണെന്ന് എതിർകക്ഷി വാദിക്കുന്നില്ല.

113. മറുവശത്തെ കക്ഷി ഉന്നയിക്കുന്ന ഏതെങ്കിലും അവകാശ വാദവുമായി ബന്ധപ്പെട്ട്, നിലവിലുള്ള ബാധ്യത അംഗീകരിച്ചുകൊണ്ട് എഴുതി നൽകിയതും, ആർക്കെതിരെയാണോ അവകാശം ഉന്നയിക്കുന്നത് ആ കക്ഷി ഒപ്പിട്ടതുമായ ഒരു അക്നോളഡ്ജ്മെൻറ് ഉണ്ടെങ്കിൽ, ആ അംഗീകാരത്തിൽ ഒപ്പിട്ട തീയതി മുതൽ ഒരു പുതിയ കാലപരിധി ആരംഭിക്കുന്നതിന് അത് കാരണമാകുന്നുവെന്ന് കാലപരിധി നിയമത്തിലെ വകുപ്പ് 18 പറയുന്നു. അത്തരം അംഗീകാരത്തോടൊപ്പം ഒരു വാഗ്ദാനം നൽകണമെന്നോ, അല്ലെങ്കിൽ സൂചിപ്പിക്കണമെന്നോ നിർബന്ധമില്ല. എന്നിരുന്നാലും, പ്രസക്തമായ കാലപരിധി കാലയളവ് അവസാനിക്കുന്നതിന് മുമ്പ് അംഗീകാരം നൽകിയിരിക്കണം.

114. കാലപരിധി നിയമത്തിലെ വകുപ്പ് 14 അല്ലെങ്കിൽ 18 അല്ലെങ്കിൽ മറ്റേതെങ്കിലും വ്യവസ്ഥകളുടെ പ്രയോഗത്തെ ഐബിസി ഒഴിവാക്കുന്നില്ലായെന്ന് *ശേഷ് നാഥ് സിംഗ് ആൻഡ് അനദർ v. ബൈദ്യാബതി ഷിയോറാഫുലി കോഓപ്പറേറ്റിന് ബാങ്ക് ലിമിറ്റഡ്* (മേൽ പരാമർശം) കേസിൽ ഈ കോടതിയുടെ വിധി പറഞ്ഞ ഈ ബെഞ്ചിലെ തന്നെ ഒരാൾ (ജസ്റ്റിസ് ഇന്ദിര ബാനർജി) വ്യക്തമാക്കിയിട്ടുണ്ട് . അതിനാൽ, ഐബിസിയിലെ വകുപ്പ് 7 അല്ലെങ്കിൽ 9-ലെ

നടപടിക്രമങ്ങൾക്ക് കാലപരിധി നിയമത്തിലെ വകുപ്പ് 14 അല്ലെങ്കിൽ 18 ബാധകമല്ലെന്ന് കരുതാൻ ഒരു കാരണവുമില്ല.

115. ഐബിസി പ്രകാരം ആരംഭിച്ച നടപടികൾക്ക് കാലപരിധി നിയമത്തിലെ വകുപ്പ് 18-ന്റെ പ്രഭാവം ഒഴിവാക്കാൻ ഒരു കാരണവുമില്ലെന്ന് ലക്ഷ്മി പത് സുരാന vs. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ (മേൽ പരാമർശം) കേസിൽ, ഈ കോടതി (ഖാൻവിൽക്കർ, ജെ. മുഖേന) പറഞ്ഞു.

116. *അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി (ഇന്ത്യ) ലിമിറ്റഡ്. v. ബിഷാൽ ജയ്സ്വാൾ ആൻഡ് അനദർ. (മേൽ പരാമർശം)* കേസിൽ, ഈ കോടതി (നരിമാൻ, ജെ. മുഖേന) ശേഷ് നാഥ് സിംഗ് (മേൽ പരാമർശം), ലക്ഷ്മി പത് സുരാന (മേൽ പരാമർശം) കേസുകളിലെ വിധിന്യായങ്ങളെ ആശ്രയിച്ചുകൊണ്ട്, ഐബിസി പ്രകാരമുള്ള നടപടികൾക്ക് ലിമിറ്റേഷൻ ആക്ടിലെ വകുപ്പ് 18-ന്റെ ബാധകത ഇപ്പോൾ തീർപ്പാക്കപ്പെടാത്ത തർക്കവിഷയമല്ലെന്ന് പറഞ്ഞു.

117. *ഖാൻ ബഹാദൂർ ഷാപൂർ ഫ്രെദൂം മസ്ദ v. ദുർഗ പ്രസാദ് ചമാരിയ ആൻഡ് അദേർസ്*[17] കേസിൽ, ഈ കോടതി ഇപ്രകാരം പറഞ്ഞു:

> *"വകുപ്പ് 19 ൽ വിവരിക്കുന്ന അംഗീകാരം എന്നത് കടം പുതുക്കുക മാത്രമാണ് ചെയ്യുന്നത് എന്നത് അതിനാൽ വ്യക്തമാണ്; അത് വ്യവഹാരത്തിനുള്ള ഒരു പുതിയ അവകാശം സൃഷ്ടിക്കുന്നില്ല. ഇത് പരിഗണിക്കപ്പെടുന്ന അവകാശവുമായി ബന്ധപ്പെട്ട ബാധ്യതയുടെ ഒരു അംഗീകാരം മാത്രമാണ്;* ***ഇതിൽ പണം നൽകാമെന്ന് വ്യക്തമായോ അല്ലെങ്കിൽ പരോക്ഷമായോ വാഗ്ദാനം ചെയ്തിരിക്കണം എന്നില്ല.*** *അംഗീകാരം നൽകി എന്ന വാദത്തിന് അടിസ്ഥാനമാക്കുന്ന പ്രസ്താവന നിലവിലുള്ള ഒരു ബാധ്യതയുമായി ബന്ധപ്പെട്ടതായിരിക്കണം. പ്രസ്തുത ബാധ്യതയുടെ കൃത്യമായ സ്വഭാവമോ പ്രത്യേകതയോ വാക്കുകളിൽ സൂചിപ്പിച്ചിരിക്കണം എന്നില്ല. എന്നിരുന്നാലും, അംഗീകാരത്തിൽ ഉപയോഗിക്കുന്ന വാക്കുകൾ കക്ഷികൾക്കിടയിൽ കടക്കാരനും വായ്പാദാതാവും പോലുള്ള നിയമപരമായ ബന്ധം നിലനിൽക്കുന്നുവെന്ന് സൂചിപ്പിക്കണം, കൂടാതെ അത്തരം നിയമപരമായ ബന്ധം അംഗീകരിക്കാനുള്ള ഉദ്ദേശ്യത്തോടെയാണ് പ്രസ്താവന നടത്തിയതെന്ന് വ്യക്തമാകണം. അത്തരം ഉദ്ദേശ്യം അംഗീകാരത്തിന്റെ സ്വഭാവത്തിൽ നിന്ന് പരോക്ഷമായി മനസ്സിലാക്കാവുന്നതാണ്, വാക്കുകളിൽ പ്രകടിപ്പിക്കേണ്ട ആവശ്യമില്ല. പ്രസ്താവന വ്യക്തമാണെങ്കിൽ, നിയമപരമായ ബന്ധം അംഗീകരിക്കാനുള്ള ഉദ്ദേശ്യം അതിൽ നിന്ന് പരോക്ഷമായി മനസ്സിലാക്കാം. പരിഗണിക്കപ്പെടുന്ന അംഗീകാരം പ്രസ് താവനയിൽ വ്യക്തമായി പറയണമെന്നില്ല, എന്നാൽ പ്രസ്താവന നടത്തിയ വ്യക്തി പ്രസ്താവനയുടെ തീയതിയിൽ നിലവിലുള്ള ഒരു ബാധ്യതയെക്കുറിച്ച് പരാമർശിക്കാൻ*

[17] 17 AIR 1961 SC 1236

ഉദ്ദേശിച്ചിരുന്നു എന്ന് കോടതിക്ക് ന്യായമായും അനുമാനിക്കാൻ കഴിയുന്ന സാഹചര്യങ്ങളിലും വാക്കുകളിലുമായിരിക്കണം അത് നടത്തിയിരിക്കേണ്ടത്. ഒരു അംഗീകാരവാദത്തിന് അടിസ്ഥാനമായ രേഖാമൂലമുള്ള പ്രസ്താവനകളിൽ ഉപയോഗിക്കുന്ന വാക്കുകളെ വ്യാഖ്യാനിക്കുന്നതിൽ വാക്കാലുള്ള തെളിവുകളെ വ്യക്തമായി ഒഴിവാക്കിയിട്ടുണ്ടെങ്കിലും, ചുറ്റുമുള്ള സാഹചര്യങ്ങൾ എപ്പോഴും പരിഗണിക്കാവുന്നതാണ്. പൊതുവേ പറഞ്ഞാൽ, അത്തരം പ്രസ്താവനകൾ ഉദാരമായി വ്യാഖ്യാനിക്കുന്നതിന് അനുകൂലമായാണ് കോടതികൾ നിലകൊള്ളുന്നത്. എന്നിരുന്നാലും, ഒരു അംഗീകാരം നൽകാത്തപ്പോഴും അത് അനുമാനിക്കണം എന്നോ, നിയമപരമായ ബന്ധത്തിന്റെ നിലനിൽപ്പ് അംഗീകരിക്കാൻ ഉദ്ദേശിക്കാതെ ഒരു പ്രസ്താവനയാണ് നടത്തിയിട്ടുള്ളത് എങ്കിൽ സങ്കീർണ്ണവും വിദൂരവുമായ യുക്തിയിലൂടെ അത്തരമൊരു ഉദ്ദേശ്യം പ്രസ്താവന നടത്തിയ വ്യക്തിയിൽ അടിച്ചേൽപ്പിക്കണം എന്നോ ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. വിശാലമായി പറഞ്ഞാൽ, വകുപ്പ് 19-ലെ പ്രസക്തമായ വ്യവസ്ഥകളുടെ ഫലം ഇതാണ്, ഈ വിഷയത്തിലെ യഥാർത്ഥ നിയമപരമായ നിലയെക്കുറിച്ച് യഥാർത്ഥത്തിൽ കക്ഷികൾക്കിടയിൽ കാര്യമായ അഭിപ്രായ വ്യത്യാസങ്ങളൊന്നുമില്ല."

118. ഒരു കോർപ്പറേറ്റ് കടക്കാരന്റെ കണക്ക് പുസ്തകങ്ങളിലെയും കൂടാതെ/അല്ലെങ്കിൽ ബാലൻസ് ഷീറ്റുകളിലെയും രേഖപ്പെടുത്തലുകൾ കാലപരിധി നിയമത്തിലെ വകുപ്പ് 18 പ്രകാരം ഒരു അംഗീകാരത്തിന് തുല്യമാണെന്നത് നന്നായി തീർപ്പാക്കപ്പെട്ട കാര്യമാണ്. *അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി (ഇന്ത്യ) ലിമിറ്റഡ് v. ബിഷാൽ ജയ്സ്വാൾ ആൻഡ് അനദർ* (മേൽ പരാമർശം) കേസിലെ വിധിയിൽ *ബെംഗാൾ സിൽക്ക് മിൽസ് കമ്പനി v. ഇസ്മായിൽ ഗോലാം ഹൊസൈൻ ആരിഫ്* [18]*[ബെംഗാൾ സിൽക്ക് മിൽസ്], ഇൻ റീ പാണ്ടെം ടീ കമ്പനി ലിമിറ്റഡ്* [19] എന്നിവയിലെ ഈ കോടതിയുടെ വിധികളും *സൗത്ത് ഏഷ്യ ഇൻഡസ്ട്രീസ് (പി) ലിമിറ്റഡ് v. ജനറൽ കൃഷ്ണ ശംഷേർ ജംഗ് ബഹദൂർ റാണ* [20] കേസിലെ ഡൽഹി ഹൈക്കോടതിയുടെ വിധിയും, *ഹെഗ്ഡെ ഗോലേ ലിമിറ്റഡ് v. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ* [21] കേസിലെ കർണാടക ഹൈക്കോടതിയുടെ വിധിയും അംഗീകാരത്തോടെ പരാമർശിക്കുകയും, ബാലൻസ് ഷീറ്റിൽ ഒരു ബാധ്യത അംഗീകരിക്കുന്നത് കടത്തിന്റെ അംഗീകാരത്തിന് തുല്യമാകുമെന്ന് വ്യക്തമാക്കുകയും ചെയ്തു.

119. *ബെംഗാൾ സിൽക്ക് മിൽസ് കമ്പനി* (മേൽ പരാമർശം) കേസിൽ കൽക്കട്ട ഹൈക്കോടതി ഇങ്ങനെ പറഞ്ഞു:

---

[18] AIR 1962 Cal 115
[19] AIR 1974 Cal 170
[20] ILR (1972) 2 Del 712
[21] ILR 1987 Kar 2673

"9. ... കമ്പനിയുടെ മേൽ ഉന്നയിക്കപ്പെട്ട അവകാശങ്ങൾ രേഖപ്പെടുത്തണമെന്ന കടമയുടെ ഭാഗമായാണ് ബാലൻസ് ഷീറ്റ് ഉണ്ടാക്കിയിട്ടുള്ളതെന്നും അല്ലാതെ ബാധ്യത അംഗീകരിക്കാനുള്ള ഉദ്ദേശ്യത്തോടെയല്ലെന്നും ചൂണ്ടിക്കാട്ടി, ഒരു ബാലൻസ് ഷീറ്റ് കാലപരിധിയെ നീട്ടുന്നില്ലാ എന്ന നിഗമനത്തിലാണ് നാഗ്പൂർ വിധിന്യായം എത്തിച്ചേർന്നത്. ഇതിന്റെ യുക്തിയുമായി ഈ കോടതിയോജിക്കുന്നില്ല. കാരണം, ബാലൻസ് ഷീറ്റിൽ ബാധ്യതയുടെ അംഗീകാരങ്ങൾ അടങ്ങിയിരിക്കുന്നു; അത് തയ്യാറാക്കി ഒപ്പിടുന്ന കമ്പനിയുടെ ഏജന്റ് ആ അംഗീകാരങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു. നിയമപരമായ ഒരു കടമ നിറവേറ്റുന്നതിന്റെ ഭാഗമായിട്ടാണ് ആ അംഗീകാരങ്ങൾ നൽകിയത് എന്ന കാരണത്താൽ മാത്രം അവ ബാധ്യതയുടെ അംഗീകാരമല്ലാതാവുന്നില്ല. നാഗ്പൂർ കേസിൽ, ബാലൻസ് ഷീറ്റിൽ ഒരു ഡയറക്ടർ ഒപ്പിട്ടിരുന്നു, എന്നാലത് ബോർഡ് ഓഫ് ഡയറക്ടർമാരോ കമ്പനിയുടെ വാർഷിക പൊതുയോഗമോ പാസാക്കിയിരുന്നില്ല. അതിനാൽ, കമ്പനിയുടെ അധികാരമുള്ള ഒരു ഏജന്റ് തയ്യാറാക്കുകയോ ഒപ്പിടുകയോ ചെയ്യാത്ത ബാലൻസ് ഷീറ്റാണ് അത് എന്ന കാരണത്താൽ, യഥാർത്ഥ തീരുമാനം വ്യത്യസ്തമാകാം എന്ന് കരുതാവുന്നതാണ്."

.....

"11. വകുപ്പ് 19 പ്രകാരം ഒരു കടത്തിന്റെ അംഗീകാരം കടം നൽകിയ വ്യക്തിക്ക് തന്നെ നൽകണമെന്നോ അത് കടം തിരിച്ചടയ്ക്കാമെന്നുള്ള വാഗ്ദാനത്തിന് തുല്യമാകണമെന്നോ ഇല്ല. ഒരു കമ്പനിയുടെ ബാലൻസ് ഷീറ്റിൽ വായ്പാദാതാവിന് നൽകാനുള്ള കടബാധ്യതയുടെ തുക വ്യക്തമാക്കിയാൽ അത് 1833-ലെ സിവിൽ പ്രൊസീജിയർ ആക്ടിലെ (3 , 4 വിൽ — 4 സി. 42) വകുപ്പ് 5 പ്രകാരം ഒരു സ്പെഷ്യാലിറ്റി കടവുമായി ബന്ധപ്പെട്ട മതിയായ അംഗീകാരമാണെന്ന് ഇംഗ്ലണ്ടിൽ ഒരു കേസിൽ വിലയിരുത്തിയിട്ടുണ്ട്. കാണുക: റീ : അറ്റ്ലാന്റിക് ആൻഡ് പസഫിക് ഫൈബർ ഇംപോർട്ടിംഗ് ആൻഡ് മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്, [1928] സിഎച്ച്. 836....."

120. *റീ പാണ്ടം ടീ കമ്പനി ലിമിറ്റഡ് (മേൽ പരാമർശം)* കേസിൽ ജസ്റ്റിസ് സബ്യസാചി മുഖർജി, ഇങ്ങനെ പറഞ്ഞു:

"4. ഇപ്പോൾ ചോദ്യം, ലാഭ-നഷ്ട കണക്കുകളിലും ആസ്തി-ബാധ്യത രേഖകളിലും ഒരു ബാധ്യതയെ സൂചിപ്പിക്കുന്ന തരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രസ്താവനകളും, ഡയറക്ടർമാരുടെ റിപ്പോർട്ടായി ഓഹരിയുടമകൾക്ക് ഡയറക്ടർമാർ നൽകിയ പ്രസ്താവനകളും ചേർത്തു വായിക്കേണ്ടതാണോ, അങ്ങനെ വായിച്ചാൽ അവ 1963-ലെ കാലപരിധി നിയമത്തിലെ വകുപ്പ് 18 അല്ലെങ്കിൽ 1908-ലെ കാലപരിധി നിയമത്തിലെ

വകുപ്പ് 19 പ്രകാരം ഉള്ള അംഗീകാരത്തിന് തുല്യമാണോ എന്നതാണ് ഇപ്പോഴത്തെ ചോദ്യം. എന്റെ അഭിപ്രായത്തിൽ, ഈ രണ്ട് പ്രസ്താവനകളും ഒരുമിച്ച് വായിക്കണം. ബാലൻസ് ഷീറ്റ് ഓഹരിയുടമകൾക്ക് മുന്നിൽ അവതരിപ്പിക്കാനും പാസാക്കാനും ഉദ്ദേശിച്ചുള്ളതാണ്, സാധാരണയായി ഇത് ഡയറക്ടർമാരുടെ റിപ്പോർട്ടും ചേർന്നാണ് നൽകുന്നത്. അതിനാൽ, ബാലൻസ് ഷീറ്റിലെ പ്രസ്താവനകളുടെ യഥാർത്ഥ അർത്ഥവും ഉദ്ദേശ്യവും കണ്ടെത്താൻ, ബാലൻസ് ഷീറ്റും ഡയറക്ടർമാരുടെ റിപ്പോർട്ടും ഒരുമിച്ച് പരിഗണിക്കണം. ബാലൻസ് ഷീറ്റ് ഒരു നിയമപരമായ രേഖയായതിനാൽ അത് ഒരു പ്രത്യേക രേഖയാണെന്നും, അതിൽ വ്യക്തമായ അംഗീകാരമുണ്ടെങ്കിൽ ഡയറക്ടർമാരുടെ റിപ്പോർട്ട് പരിഗണിക്കേണ്ടതില്ലെന്നും ഹർജിക്കാരന്റെ അഭിഭാഷകൻ വാദിച്ചു. ബാലൻസ് ഷീറ്റ് ഒരു നിയമപരമായ രേഖയും ഒരു പ്രത്യേക രേഖയും ആണെന്നത് ശരിയാണ്, പക്ഷേ ഓഹരിയുടമകൾ സ്ഥിരീകരിക്കുകയോ പാസാക്കുകയോ ചെയ്യാത്ത ബാലൻസ് ഷീറ്റ് ശരിയായി അംഗീകരിക്കാൻ കഴിയില്ല. അതിനാൽ, ഒരു ബാലൻസ് ഷീറ്റിനെ സാധുവാക്കാൻ, അത് ഉചിതമായ യോഗത്തിൽ ഓഹരിയുടമകൾ കൃത്യമായി പാസാക്കിയിരിക്കണം, അതിനായി ഡയറക്ടർമാർ നൽകുന്ന റിപ്പോർട്ടും അതിനോടൊപ്പമുണ്ടാകണം. അതിനാൽ, ബാലൻസ് ഷീറ്റ് ഒരു പ്രത്യേക രേഖയാണെങ്കിൽ പോലും, ഈ കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും അനുസരിച്ച് ഈ രണ്ട് രേഖകളും ഒരുമിച്ച് വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യണം. അംഗീകാരം ലഭിച്ചുവെന്ന വാദം സ്ഥാപിക്കുന്നതിനായി ആശ്രയിക്കുന്ന പ്രസ്താവന ഉണ്ടാകേണ്ടത് നിയമപ്രകാരം നിർദ്ദേശിച്ചിട്ടുള്ള കാലയളവ് അവസാനിക്കുന്നതിന് മുമ്പ്, നിലവിലുള്ള ഒരു ബാധ്യതയുമായി ബന്ധപ്പെട്ടാകണമെന്ന് എൽ.സി. മിൽസ് vs. അലൂമിനിയം കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, (1971) 1 എസ്സ്സി 67 : എഐആർ 1971 എസ്സ്സി 1482 കേസിൽ സുപ്രീം കോടതി വ്യക്തമാക്കി. പണം നൽകാമെന്ന് വാഗ്ദാനം ചെയ്തിരിക്കേണ്ട ആവശ്യമില്ല, കാരണം ഒരു അംഗീകാരം പുതിയ വ്യവഹാരത്തിനുള്ള അവകാശം സൃഷ്ടിക്കുന്നില്ല, മറിച്ച് കാലപരിധിയുടെ കാലയളവ് നീട്ടുക മാത്രമാണ് ചെയ്യുന്നത്. പ്രസ്താവനയിൽ ബാധ്യതയുടെ കൃത്യമായ സ്വഭാവമോ പ്രത്യേകതയോ സൂചിപ്പിക്കേണ്ടതില്ല. എന്നിരുന്നാലും, പരിഗണിക്കപ്പെടുന്ന പ്രസ്താവന നിലവിലുള്ള ഒരു ബാധ്യതയുമായി ബന്ധപ്പെട്ടതായിരിക്കണം. പ്രസ്തുത ബാധ്യതയുടെ കൃത്യമായ സ്വഭാവമോ പ്രത്യേകതയോ വാക്കുകളിൽ സൂചിപ്പിച്ചിരിക്കണം എന്നില്ല. എന്നിരുന്നാലും, അംഗീകാരത്തിൽ ഉപയോഗിക്കുന്ന വാക്കുകൾ കക്ഷികൾക്കിടയിൽ കടക്കാരനും വായ്പാദാതാവും പോലുള്ള നിയമപരമായ ബന്ധം നിലനിൽക്കുന്നുവെന്ന് സൂചിപ്പിക്കണം, കൂടാതെ അത്തരം നിയമപരമായ ബന്ധം അംഗീകരിക്കാനുള്ള ഉദ്ദേശ്യത്തോടെയാണ് പ്രസ്താവന

നടത്തിയതെന്ന് വ്യക്തമാകണം. അത്തരം ഉദ്ദേശ്യം അംഗീകാരത്തിന്റെ സ്വഭാവത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും പരോക്ഷമായി മനസ്സിലാക്കാവുന്നതാണ്, വാക്കുകളിൽ പ്രകടിപ്പിക്കേണ്ട ആവശ്യമില്ല. പൊതുവേ പറഞ്ഞാൽ, അത്തരം പ്രസ്താവനകൾ ഉദാരമായി വ്യാഖ്യാനിക്കുന്നതിന് അനുകൂലമായാണ് കോടതികൾ നിലകൊള്ളുന്നത്. എന്നിരുന്നാലും, ഒരു അംഗീകാരം നൽകാത്തപ്പോഴും അത് അനുമാനിക്കണം എന്നോ, നിയമപരമായ ബന്ധത്തിന്റെ നിലനിൽപ്പ് അംഗീകരിക്കാൻ ഉദ്ദേശിക്കാതെ ഒരു പ്രസ്താവനയാണ് നടത്തിയിട്ടുള്ളത് എങ്കിൽ സങ്കീർണ്ണവും വിദൂരവുമായ യുക്തിയിലൂടെ അത്തരമൊരു ഉദ്ദേശ്യം പ്രസ്താവന നടത്തിയ വ്യക്തിയിൽ അടിച്ചേൽപ്പിക്കണം എന്നോ ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല.. അംഗീകാരമായി കണക്കാക്കേണ്ട രേഖയുടെ ഉദ്ദേശ്യം കണ്ടെത്താൻ, രേഖ പൂർണ്ണമായി വായിക്കണം, കൂടാതെ രേഖയുടെ മൊത്തത്തിലുള്ള ഫലത്തിൽ നിന്ന് കക്ഷികളുടെ ഉദ്ദേശ്യം കണ്ടെത്തണം.

121. *സൗത്ത് ഏഷ്യ ഇൻഡസ്ട്രീസ് (പി) ലിമിറ്റഡ് v. ജനറൽ കൃഷ്ണ ശംഷേർ ജംഗ് ബഹദൂർ റാണ* (മേൽ പരാമർശം) കേസിൽ, ഈ കോടതി ഇപ്രകാരം നിരീക്ഷിച്ചു:

"46. കമ്പനീസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നിർബന്ധിതമാണ് എന്നതിനാൽ കമ്പനിയുടെ ബാലൻസ് ഷീറ്റിലെ പ്രസ്താവനകൾ ബാധ്യതയുടെ അംഗീകാരത്തിന് തുല്യമാകില്ലെന്ന് ശ്രീ. രാമേശ്വർ ദയാൽ വാദിച്ചു. ഈ വാദത്തിൽ കഴമ്പില്ല. ഒന്നാമതായി, 1963-ലെ കാലപരിധി നിയമത്തിലെ വകുപ്പ് 18, ബാധ്യതയുടെ അംഗീകാരം രേഖാമൂലമായിരിക്കണമെന്ന് മാത്രമേ ആവശ്യപ്പെടുന്നുള്ളൂ, എന്നാൽ അംഗീകാരം ഏതെങ്കിലും പ്രത്യേക തരം രേഖയിലാകണം എന്ന് നിർദ്ദേശിക്കുന്നില്ല. അതിനാൽ, രേഖ ഒരു ബാലൻസ് ഷീറ്റിലാണ് അടങ്ങിയിട്ടുള്ളത് എന്നത് അപ്രസക്തമാണ്. രണ്ടാമതായി, 1913-ലെ കമ്പനീസ് ആക്ടിലെ വകുപ്പ് 131 (1956-ലെ കമ്പനീസ് ആക്ടിലെ വകുപ്പ് 210) പ്രകാരം ഡയറക്ടർമാർ വാർഷിക ബാലൻസ് ഷീറ്റ് തയ്യാറാക്കി കമ്പനിക്ക് മുമ്പിൽ വെക്കണമെന്നത് നിർബന്ധിതമാണ്. കൂടാതെ ബാലൻസ് ഷീറ്റിൽ കമ്പനിയുടെ നിലവിലെ ബാധ്യതകളുടെ ഒരു സംഗ്രഹം അടങ്ങിയിരിക്കണമെന്ന് വകുപ്പ് 132 (1956-ലെ കമ്പനീസ് ആക്ടിലെ വകുപ്പ് 211) ആവശ്യപ്പെടുന്നുണ്ട്. എന്നാൽ, ബെംഗാൾ സിൽക്ക് മിൽസ് v. ഇസ്മായിൽ ഗോലാം ഹൊസൈൻ ആരിഫ്, എഐആർ 1962 കൽ 115 കേസിൽ ജസ്റ്റിസ് ബച്ചാവത് ചൂണ്ടിക്കാട്ടിയതുപോലെ, വാർഷിക ബാലൻസ് ഷീറ്റ് തയ്യാറാക്കണം എന്നത് നിയമപ്രകാരം നിർബന്ധിതമാണെങ്കിലും, ഏതെങ്കിലും പ്രത്യേക അംഗീകാരം നൽകണമെന്ന് നിർബന്ധമില്ല. ഒരു രേഖ, നിയമത്തിന്റെ നിർബന്ധം കാരണം അല്ലെങ്കിൽ നിയമപരമായ ഒരു കടമ നിറവേറ്റുന്നതിന്റെ ഭാഗമായി തയ്യാറാക്കിയതാണ്

എന്ന കാരണത്താൽ മാത്രം 1963-ലെ ഇന്ത്യൻ കാലപരിധി നിയമത്തിലെ വകുപ്പ് 18-ന്റെ (1908 ലെഇന്ത്യൻ കാലപരിധി നിയമത്തിലെ വകുപ്പ് 19) പരിധിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ല. വിജയനഗരം മൈനിങ് കമ്പനി ലിമിറ്റഡ് v. വിജയനഗരം മൈനിങ് കമ്പനി ലിമിറ്റഡ്, എഐആർ 1952 മദ്രാസ് 136; ജോൺസ് v. ബെൽഗ്രോവ് പ്രോപ്പർട്ടീസ് ലിമിറ്റഡ്, (1949) 1 എഎൽഎൽ ഇആർ 498; ലഹോർ ഇനാമെല്ലിങ് ആൻഡ് സ്റ്റാമ്പിങ് കോ. v. എ.കെ. ഭല്ല, എഐആർ 1958 പഞ്ചാബ് 341 എന്നീ കേസുകളിലെ തീരുമാനങ്ങളും ഇക്കാര്യത്തിൽ പരാമർശിക്കാവുന്നതാണ്. ഈ കേസുകളിൽ, കമ്പനികളുടെ ബാലൻസ് ഷീറ്റുകളിലെ പ്രസ്താവനകൾ കമ്പനികളുടെ ബാധ്യതയുടെ അംഗീകാരമായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

47. കൺസോളിഡേറ്റഡ് ഏജൻസീസ് ലിമിറ്റഡ് v. ബെർട്രാം ലിമിറ്റഡ്, (1964) 3 എഎൽഎൽ ഇആർ 282 എന്ന കേസിൽ പ്രിവി കൗൺസിൽ നൽകിയ വിധിന്യായം ശ്രീ രാമേശ്വർ ദയാൽ ഉദ്ധരിച്ചു. ശ്രീ രാമേശ്വർ ദയാലിന്റെ മറ്റൊരു വാദത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ഈ കോടതി ഈ വിധിന്യായത്തെക്കുറിച്ച് പറയുന്നതാണ്. എന്നാൽ ഇപ്പോൾ പരിഗണിക്കുന്ന വാദത്തെ സംബന്ധിച്ചാണെങ്കിൽ, ഈ പ്രിവി കൗൺസിൽ വിധിന്യായത്തിൽ പോലും ചില സാഹചര്യങ്ങളിൽ ബാലൻസ് ഷീറ്റുകൾ ബാധ്യതയുടെ അംഗീകാരമായി കണക്കാക്കാമെന്നത് അംഗീകരിക്കപ്പെട്ടിട്ടുണ്ട് എന്നു മാത്രം ഇവിടെ പറയട്ടെ. അതിനാൽ, ശ്രീ രാമേശ്വർ ദയാൽ വാദിച്ചതുപോലെ, ഒരു കമ്പനിയുടെ ബാലൻസ് ഷീറ്റിലെ പ്രസ്താവനകൾക്ക് ഒരു ബാധ്യതയുടെ അംഗീകാരമായി പ്രവർത്തിക്കാൻ കഴിയില്ലായെന്നത് ഒരു പൊതു നിയമ തത്വമായി പറയാൻ കഴിയില്ല.

122. ഐഎൽആർ 1987 കർ 2673 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട *ഹെഗ്ഡെ & ഗോലേ ലിമിറ്റഡ് v. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ* കേസിൽ, കർണാടക ഹൈക്കോടതി ഇപ്രകാരം പറഞ്ഞു:

"43. ഒരു കമ്പനിയുടെ ബാലൻസ് ഷീറ്റിൽ ബാധ്യത അംഗീകരിക്കുന്നത്, കാലപരിധിക്ക് ഒരു പുതിയ തുടക്കം നൽകുന്നു. ഇന്ത്യയിലെ നിലവിലെ നിയമമനുസരിച്ച്, അത്തരം അംഗീകാരം കടം നൽകിയ വ്യക്തിക്ക് നേരിട്ട് നൽകണമെന്നും ആ വ്യക്തിയെ അറിയിക്കണമെന്നോ നിർബന്ധമില്ല."

123. *റിലയൻസ് അസറ്റ് റീകൺസ്ട്രക്ഷൻ കോ. ലിമിറ്റഡ് v. ഹോട്ടൽ പൂജ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്*[22] കേസിൽ, ഐബിസി-യുടെ വകുപ്പ് 7 പ്രകാരമുള്ള

[22] 2021 SCC Online SC 289

നടപടികൾ കാലഹരണപ്പെട്ടതല്ലെന്ന് വാദിക്കാൻ അപ്പീൽവാദി രണ്ട് രേഖകൾ ആശ്രയിച്ചു: (i) 2017 ഓഗസ്റ്റ് 16-ലെ കോർപ്പറേറ്റ് കടക്കാരന്റെ ബാലൻസ് ഷീറ്റ്, (ii) 2019 ഏപ്രിൽ 23-ന് കോർപ്പറേറ്റ് കടക്കാരൻ നൽകിയ ഒരു കത്ത്. ബാധ്യതയുടെ അംഗീകാരമായി കണക്കാക്കുന്ന രേഖകളുടെ തീയതി മുതൽ മൂന്ന് വർഷത്തെ കാലപരിധി വീണ്ടും ആരംഭിക്കുമെന്ന് അദ്ദേഹം വാദിച്ചു.

124. എന്നിരുന്നാലും, 2017 ഓഗസ്റ്റ് 16-ലെയും 2019 ഏപ്രിൽ 23-ലെയും ബാലൻസ് ഷീറ്റ് ഈ കോടതി രണ്ട് കാരണങ്ങളാൽ അംഗീകരിച്ചില്ല. ആദ്യ കാരണം, രേഖകൾ പരിധി കാലയളവ് അവസാനിക്കുന്നതിന് മുമ്പ് ഒപ്പിട്ടതാണെന്ന് കാണിക്കുന്നതിന് തെളിവുകളോ വസ്തുതകളോ ഇല്ലായിരുന്നു. കൂടാതെ, ആരോപിക്കപ്പെടുന്ന കടം സമ്മതിച്ചതിനെക്കുറിച്ച് ഐ.ബി.സി-യുടെ വകുപ്പ് 7 പ്രകാരമുള്ള അപേക്ഷയിൽ യാതൊരു വാദവുമില്ലെന്ന് കോടതി കണ്ടെത്തി. 2017 ഓഗസ്റ്റ് 16-ലെ ബാലൻസ് ഷീറ്റ് ഒരു ബാധ്യതയും സമ്മതിക്കുകയോ അംഗീകരിക്കുകയോ ചെയ്യാത്തതിനാൽ, നിയമപരമായ ബന്ധവും ബാധ്യതയുടെ നിലനിൽപ്പും സമ്മതിച്ചുകൊണ്ടുള്ള അംഗീകാരമായ ഈ രണ്ട് രേഖകളെയും കണക്കാക്കാനാവില്ലെന്നും കോടതി കണ്ടെത്തി. കോർപ്പറേറ്റ് കടക്കാരൻ തങ്ങളുടെ ബാധ്യത സംബന്ധിച്ച് തർക്കം ഉന്നയിക്കുകയും അത് നിഷേധിക്കുകയും ചെയ്തിരുന്നു. അതുപോലെ, 2019 ഏപ്രിൽ 23-ലെ കത്തും ബാധ്യതയുടെ അംഗീകാരമോ സമ്മതമോ ആയിരുന്നില്ല. മറിച്ച്, കത്തിലെ ഭാഷയിൽ നിന്ന് ബാധ്യത നിഷേധിച്ചിരുന്നു എന്നത് പൂർണ്ണമായും വ്യക്തമായിരുന്നു.

125. റിലയൻസ് അസറ്റ് റീകൺസ്ട്രക്ഷൻ (മേൽ പരാമർശം) കേസിനെ സംബന്ധിച്ചിടത്തോളം, 1986 മെയ് മാസത്തിലാണ് വിജയ ബാങ്ക് വായ്പ അനുവദിച്ചിരുന്നത് എന്നതും 1993 ഏപ്രിൽ 1-ന് വായ്പ എൻപിഎ ആയി പ്രഖ്യാപിക്കപ്പെട്ടുവെന്നതും ശ്രദ്ധിക്കേണ്ടതാണ്. വായ്പാ വീണ്ടെടുക്കൽ നിയമപ്രകാരം സമർപ്പിച്ച ആദ്യത്തെ അപേക്ഷ 2001-ൽ ഒത്തുതീർപ്പാക്കുകയും ഡിആർടി. 2003 മെയ് മാസത്തിൽ റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തു. വിജയ ബാങ്ക് തങ്ങളുടെ അവകാശം 2011 മെയ് മാസത്തിൽ റിലയൻസ് അസറ്റ് റീകൺസ്ട്രക്ഷന് കൈമാറ്റം ചെയ്യുകയും, അതിനുശേഷം 2012 ഡിസംബറിൽ ഭേദഗതി വരുത്തിയ റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നിരുന്നാലും, ഐബിസി വകുപ്പ് 7 പ്രകാരമുള്ള ഹർജി 2018 ജൂലൈ 27-നാണ് ഫയൽ ചെയ്തത്.

126. കോർപ്പറേറ്റ് കടക്കാരൻ മൂന്ന് വർഷത്തിനുള്ളിൽ വായ്പാ ബാധ്യത അംഗീകരിക്കുകയും അത് അടയ്ക്കാൻ സമ്മതിക്കുകയും ചെയ്തുവെന്ന് കാണിക്കുന്നതിന് രേഖകളിൽ ഒന്നുമില്ല എന്ന എൻസിഎൽഎടിയുടെ കണ്ടെത്തൽ നിയമപരമായി നിലനിൽക്കില്ല, കാരണം 2016-2017, 2017-2018 വർഷങ്ങളിലെ അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ/ബാലൻസ് ഷീറ്റുകൾ/ ഫിനാൻഷ്യൽ സ്റ്റേറ്റ്

മെന്റുകൾ, ഒറ്റത്തവണ തീർപ്പാക്കലിനായുള്ള വാഗ്ദാനം എന്നിവ കണക്കിലെടുക്കേണ്ടതാണ്. പ്രത്യേകിച്ച്, 2017 മാർച്ച് 3-ന് നൽകിയ വൺ ടൈം സെറ്റിൽമെന്റ് ഓഫർ പ്രസക്തമാണ്.

127. ഒരു സ്വത്ത് അല്ലെങ്കിൽ അവകാശം ലഭിക്കുന്നതിന് ആർക്കെതിരെയാണോ അവകാശവാദം ഉന്നയിച്ചിട്ടുള്ളത്, ആ വ്യക്തി രേഖാമൂലം ബാധ്യത അംഗീകരിക്കുന്നതിനെ കുറിച്ച് കാലപരിധി നിയമത്തിലെ വകുപ്പ് 18, പറയുന്നു. അംഗീകാരം അടങ്ങിയ എഴുത്തിൽ തീയതി നൽകിയിട്ടില്ലെങ്കിൽ പോലും, അത് ഒപ്പിട്ട സമയത്തെക്കുറിച്ചുള്ള തെളിവുകൾ നൽകാവുന്നതാണ്. പണം നൽകാനോ, കൈമാറാനോ, അടക്കുന്നതിനോ, ആസ്വദിക്കാൻ അനുവദിക്കുന്നതിനോ ഉള്ള വിസമ്മതത്തോടൊപ്പമാണെങ്കിൽ പോലും അല്ലെങ്കിൽ തീർപ്പാക്കേണ്ടതായി ഒരു അവകാശവാദം തിരിച്ചുന്നയിക്കുന്നതാണെങ്കിൽ പോലും, അല്ലെങ്കിൽ സ്വത്തിനോ അവകാശത്തിനോ അർഹതപ്പെട്ട ആളോടല്ലാ ഇത് പറഞ്ഞതെങ്കിൽ പോലും അത്തരം അംഗീകാരം പര്യാപ്തമായതാണെന്ന് ഈ വിശദീകരണം വ്യക്തമാക്കുന്നു. 'ഒപ്പിട്ടത്' എന്നതിനെ വ്യക്തിപരമായോ അധികാരപ്പെടുത്തിയ ഒരു ഏജന്റ് വഴിയോ ഒപ്പിട്ടതാകാം എന്ന നിലയിൽ അർത്ഥമാക്കണം.

128 നിലവിലെ കേസിൽ, 2014 മാർച്ച് 28-ന് കുടിശ്ശികയുള്ള പലിശ ഇനത്തിൽ 111 ലക്ഷം രൂപ അടച്ചിട്ടുണ്ട്, അതിനുശേഷമുള്ള മൂന്ന് വർഷത്തിനുള്ളിൽ ഒറ്റത്തവണ തീർപ്പാക്കൽ വാഗ്ദാനം നൽകിയിട്ടുണ്ട്. എന്തായാലും, 2017 മെയ് 25-ന് അപ്പീൽവാദി ബാങ്കിന് അനുകൂലമായി ഒരു റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന വസ്തുത എൻസിഎൽഎടി അവഗണിച്ചു. കോർപ്പറേറ്റ് കടക്കാരൻ റിക്കവറി സർട്ടിഫിക്കറ്റ് പ്രകാരമുള്ള കുടിശ്ശിക അടച്ചില്ല. റിക്കവറി സർട്ടിഫിക്കറ്റ് തന്നെ അപ്പീൽവാദി ബാങ്കിന് ഐബിസിയിലെ വകുപ്പ് 7 പ്രകാരം ഒരു കേസ് ഫയൽ ചെയ്യുന്നതിന് പുതിയ വ്യവഹാര കാരണം നൽകുന്നതാണ്. ഐബിസിയിലെ വകുപ്പ് 7 പ്രകാരമുള്ള ഹർജി 2014 മാർച്ച് 28-ന് ശേഷമുള്ള മൂന്ന് വർഷത്തിനുള്ളിൽ തന്നെയായിരുന്നു.

129. *ജിഗ്നേഷ് ഷാ ആൻഡ് അനദർ v. യൂണിയൻ ഓഫ് ഇന്ത്യ* (മേൽ പരാമർശം)" കേസിൽ, ഈ കോടതി *ഫെറോ അലോയ്സ് കോർപ്പറേഷൻ ലിമിറ്റഡ് v. രാജ്ഹൻസ് സ്റ്റീൽ ലിമിറ്റഡ്* [23] കേസിൽ പട്ന ഹൈക്കോടതി നൽകിയ വിധിന്യായത്തെ ആശ്രയിച്ചു. അതിലെ പ്രസക്തമായ ഭാഗം താഴെക്കൊടുക്കുന്നു:

> *"....എന്റെ അഭിപ്രായത്തിൽ, ഈ വാദത്തിന് കഴമ്പില്ല. ഹർജിക്കാരന്റെ കമ്പനിക്ക് ഒന്നാം എതിർകക്ഷിയിൽ നിന്ന് വായ്പാ തുക തിരികെ കിട്ടുന്നതിനായി കൊൽക്കത്ത ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു എന്നത് യാഥാർത്ഥ്യമാണ്, ആ കേസ് ഫയൽ ചെയ്തുവെന്നതും അത് ആ കോടതിയിൽ തീർപ്പാക്കപ്പെട്ടിട്ടില്ലാ എന്നതും മാത്രമായി*

[23] (1999) SCC Online Pat1196

ഇപ്പോഴത്തെ വൈൻഡിംഗ്-അപ്പ് നടപടികൾക്ക് ഗുണകരമാവില്ല. ഈ ഹർജി ഈ കോടതിയിൽ സമർപ്പിക്കുമ്പോൾ കടം കാലഹരണപ്പെട്ടതിനാൽ, കമ്പനിയുടെ വൈൻഡിംഗ്-അപ്പ് നടപടികളിലൂടെ ഈ കോടതി വഴി അത് നിയമപരമായി വീണ്ടെടുക്കാൻ കഴിയില്ല. കാരണം, നിയമത്തിന്റെ വകുപ്പ് 520 പ്രകാരം അത് നിയമപരമായി തെളിയിക്കാൻ സാധിക്കില്ല. എന്നാൽ, 1987-ലെ സ്യൂട്ട് നമ്പർ 1073-ൽ കൊൽക്കത്ത ഹൈക്കോടതിയിൽ നിന്ന് ഒരു ഡിക്രി നേടിയ ശേഷം, ആ ഡിക്രി സഫലമാകപ്പെടാതെ ശേഷിക്കുന്ന സാഹചര്യത്തിൽ വകുപ്പ് 434-ന്റെ ഉപ-വകുപ്പ് (1)-ലെ ഖണ്ഡം (ബി) അനുസരിച്ച് ഒന്നാം എതിർകക്ഷിയുടെ വൈൻഡിംഗ്-അപ്പിനായി ഹർജിക്കാരൻ കമ്പനി, ഈ കോടതിയെ സമീപിച്ചിരുന്നെങ്കിൽ അത് തികച്ചും വ്യത്യസ്തമായ ഒരു കാര്യമാകുമായിരുന്നു."

130. ഫലത്തിൽ, ഐബിസി-യുടെ വകുപ്പ് 7 അല്ലെങ്കിൽ 9 പ്രകാരമുള്ള ഒരു അപേക്ഷ, അതേ കടത്തെ സംബന്ധിച്ച് സമയപരിധിക്കുള്ളിൽത്തന്നെ നേരത്തെ ഏതെങ്കിലും റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ പോലും കാലഹരണപ്പെട്ടതാകാമെന്ന നിരീക്ഷണത്തിന് ഈ കോടതി ജസ്റ്റിസ് നരിമാന്റെ വാക്കുകളിലൂടെ അംഗീകാരം നൽകി. എന്നിരുന്നാലും, റിക്കവറി നടപടികളിൽ ഒരു അന്തിമ ഉത്തരവോ/അല്ലെങ്കിൽ ഡിക്രിയോ നേടിയ ശേഷം, ആ ഡിക്രി സഫലമാകാതെ ശേഷിക്കുമ്പോൾ, അപേക്ഷകൻ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിയെ സമീപിച്ചിരുന്നെങ്കിൽ അതൊരു വ്യത്യസ്ത വിഷയമാകുമായിരുന്നു. ഒരു ഡിക്രിയും കൂടാതെ/അല്ലെങ്കിൽ അന്തിമമായ വിധിയും കോർപ്പറേറ്റ് ഇൻസോൾവൻസി റെസല്യൂഷൻ പ്രോസസ് ആരംഭിക്കുന്നതിനുള്ള ഒരു പുതിയ സമയപരിധിക്ക് കാരണമാകുമെന്ന് ഈ കോടതി വിധിച്ചു.

131. കമ്പനിയുടെ കടം മുഴുവനായോ ഭാഗികമായോ തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ലെങ്കിൽ കമ്പനിയെ കടം അടയ്ക്കാൻ കഴിവില്ലാത്തതായി കണക്കാക്കും എന്ന് വ്യവസ്ഥ ചെയ്യുന്ന, 1956-ലെ കമ്പനി നിയമത്തിലെ വകുപ്പ് 434(1)(ബി)-യുടെ പശ്ചാത്തലത്തിൽ ആയിരുന്നു *ഫെറോ അലോയ്സ് കോർപ്പറേഷൻ ലിമിറ്റഡ് v. രാജ്ഹൻസ് സ്റ്റീൽ ലിമിറ്റഡ്* (മേൽ പരാമർശം) കേസിലെ പട്ന ഹൈക്കോടതിയുടെ കണ്ടെത്തൽ എന്നത് ശരിയാണ്.

132. തിരിച്ചടവിൽ ഒരു വീഴ്ച സംഭവിച്ചാൽ കോർപ്പറേറ്റ് കടക്കാരനെതിരേ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് മുമ്പാകെ കോർപ്പറേറ്റ് പാപ്പരത്ത പരിഹാര നടപടി ആരംഭിക്കുന്നതിനായി അപേക്ഷ ഫയൽ ചെയ്യാൻ ഒരു സാമ്പത്തിക വായ്പാദാതാവിന് അധികാരം നൽകുന്ന ഐ.ബി.സി-യുടെ വകുപ്പ് 7-ന്റെ കാര്യത്തിൽ ഈ തത്വങ്ങൾ ബാധകമാക്കാതിരിക്കാൻ ഒരു കാരണവും ഈ കോടതി കാണുന്നില്ല. ഈ വിധിന്യായത്തിൽ

നേരത്തെ നിരീക്ഷിച്ചതുപോലെ, മുകളിൽ ഉദ്ധരിച്ച ഐ.ബി.സി-യിലെ വ്യവസ്ഥകൾ സംയുക്തമായി വായിച്ചാൽ, ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ അന്തിമ വിധിയും കൂടാതെ/അല്ലെങ്കിൽ ഡിക്രിയും അല്ലെങ്കിൽ പണം നൽകുന്നതിനുള്ള ഏതെങ്കിലും ആർബിട്രൽ അവാർഡും നടപ്പായിട്ടില്ലാത്ത പക്ഷം അത് ഒരു സാമ്പത്തിക വായ്പയുടെ പരിധിയിൽ വരുമെന്നും, അത് ഐ.ബി.സി-യുടെ വകുപ്പ് 7 പ്രകാരം നടപടികൾ ആരംഭിക്കാൻ വായ്പാദാതാവിനെപ്രാപ്തമാക്കുമെന്നും വ്യക്തമാണ്.

133. രണ്ടാം എതിർ കക്ഷി ഒരു കോർപ്പറേറ്റ് കടക്കാരനും അപ്പീൽ നൽകിയ ബാങ്ക് ഒരു സാമ്പത്തിക വായ്പാദാതാവും ആണെന്ന കാര്യത്തിൽ തർക്കമില്ല. ചോദ്യം, ഐബിസി വകുപ്പ് 7 പ്രകാരമുള്ള ഹർജി വീഴ്ച വരുത്തിയ തീയതി മുതലുള്ള 3 വർഷത്തിനുള്ളിൽ ഫയൽ ചെയ്തിട്ടുണ്ടോ എന്നതാണ്. വകുപ്പ് 3(12)-ൽ 'വീഴ്ച അല്ലെങ്കിൽ ഡിഫോൾട്ട്' എന്നതിനെ നിർവചിച്ചിരിക്കുന്നത് "മുഴുവനായോ ഭാഗികമായോ കുടിശ്ശികയായതും നൽകേണ്ടതായ ഒരു കടം കോർപ്പറേറ്റ് ഡെബ്റ്റർ നൽകാതിരിക്കുക" എന്നാണ്.

134. ഐബിസിയിലെ വകുപ്പ് 7 പ്രകാരമുള്ള ഹർജി ഫയൽ ചെയ്തപ്പോൾ, വീഴ്ച വരുത്തിയ തീയതി 2013 സെപ്റ്റംബർ 30 ആണെന്നും, കോർപ്പറേറ്റ് കടക്കാരന്റെ അക്കൗണ്ട് എൻപിഎ ആയി പ്രഖ്യാപിച്ച തീയതി 2013 ഡിസംബർ 31 ആണെന്നും പറഞ്ഞിരുന്നു എന്നത് സത്യമാണ്. എന്നിരുന്നാലും, വായ്പാ ബാധ്യത അംഗീകരിച്ചിട്ടുള്ളതിനെ കുറിച്ച് ഹർജിയിൽ ഒരു വാദവുമില്ലായിരുന്നു എന്ന് പറയുന്നത് ശരിയല്ല. അത്തരം വാദങ്ങൾ ഭേദഗതിയിലൂടെ ശരിയായി ഉൾപ്പെടുത്തിയിരുന്നു, ഭേദഗതി ചെയ്ത വാദങ്ങൾ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി ശരിയായ രീതിയിൽ പരിഗണിച്ചു.

135. നേരത്തേ നിരീക്ഷിച്ചതു പോലെ, 2018 ഒക്ടോബർ 12-ന് അപ്പീൽവാദി ബാങ്ക് ഐബിസി-യിലെ വകുപ്പ് 7 പ്രകാരം ഹർജി ഫയൽ ചെയ്തു. അപ്പീൽവാദി ബാങ്ക് 52 കോടി രൂപയുടെ വീണ്ടെടുക്കൽ നടത്തുന്നതിനെ അംഗികരിച്ചുകൊണ്ട്, ഒഎ 16/2015 ൽ 2017 മാർച്ച് 27-ന് നൽകിയ അന്തിമ വിധിന്യായവും ഉത്തരവും/ഡിക്രിയും 2017 മെയ് 25-ലെ റിക്കവറി സർട്ടിഫിക്കറ്റും ഉൾപ്പെടെയുള്ള അധിക രേഖകൾ ഫയൽ ചെയ്യുന്നതിനായി മൂന്ന് മാസത്തിനുള്ളിൽ ബാങ്ക് ഒരു അപേക്ഷ ഫയൽ ചെയ്തു. ഐബിസിയിലെ വകുപ്പ് 7 പ്രകാരം ഒരു ഹർജി നൽകുന്നതിന് അപ്പീൽ വാദി ബാങ്കിന് ഒരു പുതിയ വ്യവഹാര കാരണം നൽകുന്നതാണ് ഡിആർടിയിലെ വിധിന്യായവും ഉത്തരവും/വിധിന്യായവും റിക്കവറി സർട്ടിഫിക്കറ്റും.

136. ഏകദേശം 2019 മാർച്ച് 5-ന്, അപ്പീൽവാദി ബാങ്ക് മറ്റൊരു അപേക്ഷ ഫയൽ ചെയ്തു, അതിൽ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ ഫിനാൻഷ്യൽ സ്റ്റേറ്റ് മെന്റുകൾ, വാർഷിക റിപ്പോർട്ട് മുതലായവയും, 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള

കാലഘട്ടത്തിലെ രേഖകളും, ഒറ്റത്തവണ തീർപ്പാക്കൽ വാഗ്ദാനം ചെയ്തുകൊണ്ട് 2017 മാർച്ച് 3-ന് അയച്ച ഒരു കത്തും ഉൾപ്പെടെയുള്ള അധിക രേഖകൾ രേഖപ്പെടുത്താൻ അനുമതി തേടി. ഈ അപേക്ഷയും 2021 മാർച്ച് 6-ന് അനുവദിച്ചു. അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി പുതിയ രേഖകൾ പരിഗണിക്കുകയും ഐബിസി വകുപ്പ് 7 പ്രകാരമുള്ള ഹർജി അനുവദിക്കുകയും ചെയ്തു.

137. ശ്രീ ശിവശങ്കർ വാദിച്ചതു പോലെ, രേഖകൾ പിന്നീട് ഒരു ഘട്ടത്തിലാണ് രേഖകളിൽ കൊണ്ടുവന്നതെങ്കിൽ പോലും അത് പരിഗണിക്കുന്നതിൽ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് തടസ്സമില്ലായിരുന്നു. ഐബിസി വകുപ്പ് 7 പ്രകാരമുള്ള ഹർജിയിൽ ഒരു അന്തിമ തീരുമാനം എടുക്കുന്നതിന് മുമ്പാണ് രേഖകൾ രേഖകളിൽ കൊണ്ടുവന്നത്.

138. ഒരു അന്തിമ വിധിന്യായവും ഉത്തരവും/ഡിക്രിയും പാലിക്കുന്നതിന് വിധി കടക്കാരന് ബാധ്യതയുണ്ട്. ഒരു അവകാശവാദം വിധിന്യായത്തിനും ഉത്തരത്തിനും/ഡിക്രിക്കും ശേഷം അന്തിമമായി അംഗീകരിക്കപ്പെടുകയും ഒരു റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും വായ്പാദാതാവിന് അതിന്റെ ഡിക്രീ പ്രകാരമുള്ള കുടിശ്ശിക വീണ്ടെടുക്കാൻ അനുമതി നൽകുകയും ചെയ്യുമ്പോൾ, അന്തിമ വിധിന്യായത്തിലും ഉത്തരവിലും/ഡിക്രിയിലും വ്യക്തമാക്കുന്ന തുക കൂടാതെ/അല്ലെങ്കിൽ റിക്കവറി സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയ തുക വീണ്ടെടുക്കാൻ വായ്പാദാതാവിന് ഒരു പുതിയ അവകാശം ലഭിക്കുന്നു.

139. റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ വകുപ്പിന് 7 പ്രകാരം നടപടികൾ ആരംഭിക്കാൻ അപ്പീൽവാദി ബാങ്കിന് അവകാശമുണ്ട്. അപ്പീൽവാദി ബാങ്കിന്റെ ഹർജി 2020 മെയ് 24 വരെ കാലഹരണത്തിന് വിധേയമാകില്ല.

140. വീഴ്ച ഉണ്ടാകുന്നതിലൂടെ കോർപ്പറേറ്റ് പാപ്പരത്ത നടപടി ആരംഭിക്കാനുള്ള അവകാശം ലഭിക്കുന്നുവെന്നതും ഐബിസിയിലെ വകുപ്പ് 7 അല്ലെങ്കിൽ 9 പ്രകാരമുള്ള ഒരു ഹർജി നിയമം നിർദ്ദേശിക്കുന്ന കാലപരിധിക്കുള്ളിൽ ഫയൽ ചെയ്യേണ്ടതുണ്ട് എന്നതും സത്യമാണ്. ഐബിസിയിലെ വകുപ്പ് 238 എ-യും കാലപരിധി നിയമത്തിലെ ഷെഡ്യൂളിലെ അനുച്ഛേദം 137-ഉം അനുസരിച്ച് വീഴ്ച വരുത്തിയ തീയതി മുതൽ മൂന്ന് വർഷമായിരിക്കും ഈ കേസിലെ കാലപരിധി. ഒരു സ്യൂട്ട് ഫയൽ ചെയ്യുന്നതിലെ കാലതാമസത്തിന്റെ കാര്യത്തിൽ നിന്നു വ്യത്യസ്തമായി, എൻസിഎൽടിയിൽ ഒരു ഹർജി ഫയൽ ചെയ്യുന്നതിലുള്ള കാലതാമസം കാലപരിധി നിയമത്തിലെ വകുപ്പ് 5 പ്രകാരം പരിഹരിക്കാം. കാലപരിധി നിയമത്തിലെ വകുപ്പ് 14, 18 എന്നിവയും ഐബിസിയിലെ നടപടിക്രമങ്ങൾക്ക് ബാധകമാണ്.

141. ഐബിസിക്ക് കീഴിലുള്ള നടപടിക്രമങ്ങളെ സംബന്ധിച്ചിടത്തോളം കാലപരിധി നിയമത്തിലെ വകുപ്പ് 18 പാണ്ഡിത്യപരമായി കർശനമായി വ്യാഖ്യാനിക്കാൻ കഴിയില്ല. നിലവിലുള്ള

ഒരു അവകാശവാദവുമായി ബന്ധപ്പെട്ട് കാലപരിധിക്കുള്ളിൽ നൽകിയ ഒറ്റത്തവണ തീർപ്പാക്കൽ വാഗ്ദാനത്തെ, കാലപരിധി നിയമത്തിലെ വകുപ്പ് 18 ബാധകമാക്കാവുന്ന തരത്തിലുള്ള ഒരു അംഗീകാരമായി കണക്കാക്കാതിരിക്കാൻ ഒരു കാരണവും ഈ കോടതി കാണുന്നില്ല. ശിവശങ്കർ ഉദ്ധരിച്ച *ഗൗരവ് ഹർഗോവിന്ദ്ഭായ് ദവെ (മേൽ പരാമർശം)* കേസിൽ, ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിച്ച ഒരു നിർദ്ദേശവും ഈ കോടതിക്ക് മുന്നിൽ ഉണ്ടായിരുന്നില്ല. എന്തുതന്നെയായാലും, കോർപ്പറേറ്റ് കടക്കാരന്റെ 2016-2017 വർഷത്തിലെ ബാലൻസ് ഷീറ്റുകളും ഫിനാൻഷ്യൽ സ്റ്റേറ്റ് മെൻ്റുകളും ബാധ്യതയുടെ അംഗീകാരമാണ്, ഇത് കാലപരിധി മൂന്ന് വർഷത്തേക്ക് കൂടി നീട്ടുന്നു, കൂടാതെ 2017 മെയ് മാസത്തിൽ അപ്പീൽവാദി ബാങ്കിന് അനുകൂലമായി ഒരു റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന വസ്തുതയും ഇതിലുണ്ട്. എൻസിഎൽടി 2019 മാർച്ച് 21-ലെ ഉത്തരവിലൂടെ അപേക്ഷ ശരിയായ രീതിയിൽ അനുവദിച്ചു.

142. കോർപ്പറേറ്റ് കടക്കാരന്റെ വായ്പാ അക്കൗണ്ട് എൻപിഎ ആയി പ്രഖ്യാപിച്ച തീയതി മുതലുള്ള മൂന്ന് വർഷത്തിന് ശേഷമാണ് ഫയൽ ചെയ്തത് എന്ന കാരണത്താൽ മാത്രം ഐബിസി വകുപ്പ് 7 പ്രകാരമുള്ള അപേക്ഷ തടയപ്പെടുന്നില്ലാ എന്നതാണ് ഈ കോടതിയുടെ സുചിന്തിതമായ അഭിപ്രായം. ആ മൂന്ന് വർഷം അവസാനിക്കുന്നതിന് മുമ്പ് കോർപ്പറേറ്റ് കടക്കാരൻ തന്റെ വായ്പാ ബാധ്യതയ്ക്ക് ഒരു അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ, അവിടെ നിന്ന് വീണ്ടും മൂന്നുവർഷത്തെ കാലപരിധി ആരംഭിക്കുന്നു.

143. കൂടാതെ, ഡിആർടി, അല്ലെങ്കിൽ മറ്റേതെങ്കിലും ട്രൈബ്യൂണൽ അല്ലെങ്കിൽ കോടതി സാമ്പത്തിക വായ്പാദാതാവിന് അനുകൂലമായി നൽകിയ ഒരു അന്തിമ വിധിന്യായവും ഉത്തരവും, അല്ലെങ്കിൽ സാമ്പത്തിക വായ്പാദാതാവിന് അനുകൂലമായി പുറപ്പെടുവിച്ച റിക്കവറി സർട്ടിഫിക്കറ്റ് വകുപ്പ് 7 പ്രകാരം *കോർപ്പറേറ്റ് പാപ്പരത്ത പരിഹാര പ്രക്രിയ ആരംഭിക്കാൻ* സാമ്പത്തിക വായ്പാദാതാവിന് ഒരു പുതിയ വ്യവഹാര കാരണം നൽകുന്നു., വിധിന്യായം കൂടാതെ/അല്ലെങ്കിൽ ഉത്തരവ് പ്രകാരം കോർപ്പറേറ്റ് കടക്കാരൻ സാമ്പത്തിക വായ്പാദാതാവിന് നൽകേണ്ട കുടിശ്ശികയോ അല്ലെങ്കിൽ റിക്കവറി സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയോ, അതിന്റെ ഏതെങ്കിലും ഭാഗമോ അടയ്ക്കാതെ കിടക്കുകയാണെങ്കിൽ, വിധിന്യായത്തിന്റെ കൂടാതെ/അല്ലെങ്കിൽ ഉത്തരവിന്റെയും തീയതി മുതലുള്ള മൂന്ന് വർഷത്തിനുള്ളിൽ അല്ലെങ്കിൽ റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച തീയതി മുതലുള്ള മൂന്ന് വർഷത്തിനുള്ളിൽ നടപടി തുടങ്ങാവുന്നതാണ്.

144. ഐബിസി വകുപ്പ് 7 പ്രകാരമുള്ള ഒരു അപേക്ഷയിലെ വാദങ്ങൾ തിരുത്തുന്നതിനോ, ഐബിസിയിലെ വകുപ്പ് 7 പ്രകാരം ഫോം 1-ൽ അപേക്ഷയോടൊപ്പം ആദ്യം ഫയൽ ചെയ്ത രേഖകൾക്ക് പുറമെ അധിക രേഖകൾ ഫയൽ ചെയ്യുന്നതിനോ നിയമത്തിൽ ഒരു തടസ്സവുമില്ല. അധിക രേഖകൾ ഫയൽ ചെയ്യുന്നത് തടയുന്നതിനോ അല്ലെങ്കിൽ അതിനൊരു സമയപരിധി

നിശ്ചയിക്കുന്നതിനോ വ്യക്തമായ വ്യവസ്ഥ ഇല്ലാത്തതുകൊണ്ട്, അധിക രേഖകൾ ഫയൽ ചെയ്യാൻ അപ്പീൽവാദി ബാങ്കിനെ അനുവദിച്ചതിൽ അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റി ഒരു നിയമവിരുദ്ധതയോ പിഴവോ കാണിച്ചു എന്ന് പറയാൻ കഴിയില്ല. എന്നിരുന്നാലും, കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും അനുസരിച്ച്, അമിതമായ കാലതാമസം ഉണ്ടാകുമ്പോൾ, അധിക വാദങ്ങളും കൂടാതെ/അല്ലെങ്കിൽ രേഖകളും ഫയൽ ചെയ്യാനുള്ള അപേക്ഷകന്റെ അഭ്യർത്ഥന തങ്ങളുടെ വിവേചനാധികാരത്തിൽ നിരസിക്കാനും ഒരു അന്തിമ ഉത്തരവ് പാസാക്കാനും അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിക്ക് കഴിയും. അധിക രേഖകളും പിന്തുണയ്ക്കുന്ന വാദങ്ങളും ഫയൽ ചെയ്യാനുള്ള അപ്പീൽവാദി ബാങ്കിന്റെ അഭ്യർത്ഥന പരിഗണിക്കാനും കൂടാതെ/അല്ലെങ്കിൽ അനുവദിക്കാനും, അത്തരം രേഖകളും വാദങ്ങളും പരിഗണിക്കാനും ഉള്ള അഡ്ജൂഡിക്കേറ്റിംഗ് അതോറിറ്റിയുടെ തീരുമാനത്തിനു മേൽ അപ്പീലിൽ ഇടപെടേണ്ട ആവശ്യമില്ല.

145. മുകളിൽ ചർച്ച ചെയ്ത കാരണങ്ങളാൽ അപവാദിത വിധിന്യായവും ഉത്തരവും നിയമപരമായോ വസ്തുതകളുടെ അടിസ്ഥാനത്തിലോ നിലനിൽക്കില്ല. അതുപ്രകാരം അപ്പീൽ അനുവദിക്കുന്നു, എൻസിഎൽഎടി-യുടെ അപവാദിത വിധിന്യായവും ഉത്തരവും റദ്ദാക്കുന്നു.

അപ്പീൽ അനുവദിച്ചു.